# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2021 ജൂലൈ വോള്യം: 9 ലക്കം: 11



എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്, പി. നന്ദകുമാർ, കെ ചന്ദ്രൻപിള്ള



വിപ്ലവത്തിന്റെ നൂറാം വാർഷികം



07

ചൈന : ദാരിദ്ര്യ നിർമാർജനം പൂർത്തിയാക്കി

വിജയ് പ്രശാദ്

മോദി വാഴ്ചയിലെ അപ്രഖ്യാപിത അടിയന്തരാവസ്ഥ 12



കെ.കെ. ദിവാകരൻ

ഇന്ധന വില കോവിഡിനേക്കാൾ ഭയാനകം 16

കെ.എൻ.ഗോപിനാഥ്



20 രാജ്യമെങ്ങും കർഷക രോഷം



24 സ്ത്രീധന വിപത്തിനെതിരെ പോരാടുക
സി.എസ്. സുജാത

28 കാട്ടാക്കട ശശി
കരുത്തനായ കമ്യൂണിസ്റ്റ്
ആനത്തലവട്ടം ആനന്ദൻ

30 ബാങ്കുകളും വിൽപ്പനയ്ക്ക്
എസ്.എസ്. അനിൽ

33 നവകേരള നിർമ്മിതിയും ജനപക്ഷ സിവിൽ സർവീസും
എം.എ. അജിത് കുമാർ

36 ചൈനീസ് കമ്യൂണിസ്റ്റ് പാർടിയുടെ നൂറാം വാർഷികം
ജോസ് ടി. എബ്രഹാം

42 ലോകചരിത്രത്തിൽ തൊഴിലാളി പ്രസ്ഥാനം രൂപം കൊള്ളുന്നു
എൻ പത്മലോചനൻ

46 ബ്ലൂ എക്കോണമി പുല്ലുവിള സ്റ്റാൻലി

വൈദ്യുതി ജീവനക്കാരുടെ പണിമുടക്ക് 48
ജയപ്രകാശ്. കെ



അച്ചടി
പി.കൃഷ്ണപിള്ള മെമ്മോറിയൽ പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി, തിരുവനന്തപുരം

# കേന്ദ്ര നയങ്ങൾക്കെതിരെ പോരാട്ടം ശക്തിപ്പെടുത്തുക

ജൂലൈ 19 ന് ആരംഭിച്ച പാർലമെന്റിന്റെ വർഷകാല സമ്മേളനം, വൈദ്യുതി, കൽക്കരി മേഖലകളുടെ സ്വകാര്യവൽക്കരണം നടപ്പാക്കാനുള്ള നിയമങ്ങൾ പാസ്സാക്കാനിടയുണ്ട്. വൈദ്യുതി വിതരണ മേഖല സ്വകാര്യവൽക്കരിക്കാനുള്ള ബില്ല് 2021 പാർലമെന്റ് മെമ്പർ മാർക്ക് വിതരണം ചെയ്തിരുന്നു. കർഷക പ്രക്ഷോഭ സമിതിയുടെ ശക്തമായ എതിർപ്പ് കാരണം, പാർലമെന്റിൽ പരിഗണനയ്ക്ക് എടുക്കാതെ മാറ്റിവെക്കുകയാണുണ്ടായത്. ഈ സമ്മേളനത്തിൽ അവതരിപ്പിക്കുന്ന ബില്ലുകളുടെ കൂട്ടത്തിൽ വൈദ്യുതി സ്വകാര്യവൽക്കരണ ബില്ലുമുണ്ട്.

1998-2004 കാലത്തെ വാജ്പേയ് സർക്കാർ വൈദ്യുതി മേഖലയിൽ സ്വകാര്യവൽക്കരണം നടപ്പാക്കാനുള്ള നിയമം അംഗീകരിച്ചിരുന്നു. അതനുസരിച്ച്, സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥതയിലുള്ള വൈദ്യുതി ബോർഡുകളെ മൂന്നായി വിഭജിച്ച് (ഉത്പാദനം-പ്രസരണം-വിതരണം) മൂന്ന് കമ്പനികളാക്കാനും, സ്വകാര്യവൽക്കരിക്കാനും വ്യവസ്ഥ ചെയ്തിരുന്നു. തുടർന്ന് ഒഡീഷ, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ, സ്വകാര്യ കമ്പനികൾ കടന്നു വന്നു.

കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ സ്വകാര്യവൽക്കരിക്കുന്നതിനെ ജീവനക്കാർ ഒറ്റക്കെട്ടായി ചെറുത്തതിനാൽ, 200106 കാലത്തെ യു.ഡി.എഫ് സർക്കാരിന്, സ്വകാര്യവൽക്കരണം നടത്താൻ കഴിഞ്ഞില്ല. 2006ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ് സർക്കാർ, വൈദ്യുതി ബോർഡിനെ ഒരു പൊതുമേഖലാ കമ്പനിയാക്കി നിലനിർത്തി.

2003ലെ കേന്ദ്ര നിയമം സ്വകാര്യ മേഖലയിൽ വൈദ്യുതി ഉൽപാദനം നടത്താൻ അനുമതി നൽകിയിരുന്നു. അതനുസരിച്ച് ഇന്ത്യൻ കുത്തകകളായ റിലയൻസ്, അദാനി, എസ്സാർ തുടങ്ങിയ കമ്പനികൾ, വൈദ്യുതി ഉത്പാദന പദ്ധതികൾ സ്ഥാപിച്ചു. അവർക്ക് അവരുത്പാദിപ്പിക്കുന്ന വൈദ്യുതി വിതരണം ചെയ്യാൻ, സംസ്ഥാനങ്ങളിലെ വൈദ്യുതി ബോർഡുകളെ ആശ്രയിക്കണമായിരുന്നു. മാത്രമല്ല, വർദ്ധിച്ച ഉത്പാദന ശേഷിക്കനുസരിച്ച്, ഉപഭോഗം നടത്താൻ മാത്രം വ്യവസായങ്ങൾ വരാത്തത് കാരണം, സ്വകാര്യ കമ്പനികളുടെ ഉത്പാദന ശേഷി പൂർണ്ണമായി ഉപയോഗിക്കാൻ കഴിഞ്ഞില്ല. സ്വകാര്യകമ്പനികൾ ഭീമമായ നഷ്ടത്തിലായി. ബാങ്കുകളിൽ നിന്ന് എടുത്ത ഭീമമായ വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാതെ വന്നു. അതെല്ലാം കിട്ടാക്കടമായി മാറി.

ഈ സാഹചര്യത്തിലാണ്, വൈദ്യുതി വിതരണ മേഖല കൂടി സ്വാകര്യവൽക്കരിക്കാനുള്ള സമ്മർദ്ദം കുത്തകകൾ, ഉയർത്തിയത്. പ്രസ്തുത സമ്മർദ്ദത്തിന് വഴങ്ങിയാണ്, മോഡി സർക്കാർ ഇപ്പോൾ, വൈദ്യുതിവിതരണം സ്വകാര്യ സ്ഥാപനങ്ങളെ ഏൽപ്പിക്കാനുള്ള നിയമം കൊണ്ടു വരുന്നത്. ഇപ്പോൾ പാർലമെന്റിന്റെ മുമ്പിലുള്ള “വൈദ്യുതി ഭേദഗതി ബില്ല്2021” പാസ്സായാൽ, വൈദ്യുതി വിതരണ രംഗത്ത് കടന്നു വരുന്ന സ്വകാര്യ കമ്പനികൾക്ക് ഇഷ്ടമുള്ള സ്ഥാപനത്തിൽ

നിന്ന് വൈദ്യുതി വാങ്ങുകയും, ഉപഭോക്താക്കൾക്ക് നൽകുകയും ചെയ്യാം. ഈ നിയമം നടപ്പിലായാൽ, സംസ്ഥാന വൈദ്യുതി ബോർഡിന് നിലനില്പുണ്ടാവില്ല.

ഉപഭോക്താക്കൾക്ക്, ക്രോസ് സബ്സിഡി തത്വ പ്രകാരമാണ്, കെഎസ്ഇബി വൈദ്യുതി നൽകുന്നത്. അതനുസരിച്ച് കൃഷി, വീട്ടാവശ്യം, തുടങ്ങിയവയ്ക്ക് താരതമ്യേന കുറഞ്ഞ നിരക്കിലാണ് വൈദ്യുതി നൽകുന്നത്. സ്വകാര്യ കമ്പനികൾ രംഗത്ത് വരുമ്പോൾ, ഇത്തരം സൗജന്യങ്ങൾ നഷ്ടമാവും. സാധാരണ ജനങ്ങളും, കർഷകരും പ്രയാസത്തിലാവും. ഇന്ത്യയിലാകെയുള്ള കർഷകർ, ഇപ്പോൾ ഉപയോഗിക്കുന്ന വൈദ്യുതിയുടെ നിരക്കിന് സബ്സിഡി ഇല്ലാതായാൽ, ഒരു വർഷം, ഒരു ലക്ഷം കോടി രൂപ അധികം നൽകേണ്ടി വരും. ഇക്കാരണത്താലാണ്, സംയുക്ത കർഷക സമര സമിതി വൈദ്യുതി സ്വകാര്യവൽക്കരണ ബില്ലിനെ എതിർക്കുന്നത്. വൈദ്യുതി വിതരണം സ്വകാര്യവൽക്കരിക്കുന്ന നിയമം പാസ്സാക്കരുതെന്നാവശ്യപ്പെട്ട് കൊണ്ട്, വൈദ്യുതി ജീവനക്കാർ ഒറ്റക്കെട്ടായി രാജ്യവ്യാപകമായി ആഗസ്റ്റ് 10 ന് പണിമുടക്കുകയാണ്.

പ്രതിരോധ വകുപ്പിന് കീഴിലുള്ള 41 ഓർഡനൻസ് ഫാക്ടറികളിലെ ജീവനക്കാരുടെ പണിമുടക്ക് നിരോധിച്ചു കൊണ്ടുള്ള ഓർഡിനൻസ് നിയമമാക്കാനുള്ള ബില്ലും പാർലമെന്റ് മുമ്പാകെ വന്നിട്ടുണ്ട്. ഓർഡിനൻസ് ഫാക്ടറികളിൽ ജോലി ചെയ്യുന്നത് പട്ടാളക്കാരല്ല; സിവിലിയൻ തൊഴിലാളികളും മറ്റ് ജീവനക്കാരുമാണ്. ഓർഡിനൻസ് ഫാക്ടറികളെ ഏഴ് കോർപ്പറേഷനുകളാക്കി, സ്വാകര്യകുത്തകകൾക്ക് കൈമാറാനാണ് കേന്ദ്രം തീരുമാനിച്ചിരിക്കുന്നത്. 2020 ൽ സ്വാകര്യ വൽക്കരണത്തിനെതിരെ തൊഴിലാളികൾ ഒന്നിച്ച് പണിമുടക്ക് സമരം നടത്താൻ തീരുമാനിച്ചിരുന്നു. കോർപ്പറേറ്റ് വൽക്കരണം നിർത്തി വെക്കാമെന്ന്, കേന്ദ്രസർക്കാർ ഉറപ്പ് നൽകിയതിനാൽ, പ്രസ്തുത പണിമുടക്ക് മാറ്റി വച്ചു. ഇപ്പോൾ വീണ്ടും കോർപറേറ്റ് വൽക്കരണ നടപടികൾ ആരംഭിച്ചു. ഇതിനെതിരെ തൊഴിലാളികളുടെ എല്ലാ സംഘടനകളും ചേർന്ന്, 2021 ജൂലൈ 26 മുതൽ പണിമുടക്കാൻ തീരുമാനിച്ചു. പ്രസ്തുത പണിമുടക്ക് നിരോധിച്ചു കൊണ്ട് സർക്കാർ ഓർഡിനൻസിറക്കി. പ്രസ്തുത ഓർഡിനൻസ് നിയമ മാക്കാനുള്ള ബില്ലാണ്, പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് മുമ്പാകെ വന്നിരിക്കുന്നത്.

1947 ലെ വ്യാവസായ തർക്കനിയമവും, 2020 ലെ ഐ.ആർ.കോഡും, വ്യവസ്ഥ ചെയ്ത, കൂട്ടായ വിലപേശലിനുള്ള അവകാശം നിഷേധിക്കുന്നതാണ്. ഓർഡിനൻസിലെ വ്യവസ്ഥകൾകോർപ്പറേറ്റുകൾക്ക് തൊഴിലാളികളെ ചൂഷണം ചെയ്യാൻ അവസരം നൽകലാണ്. ഓർഡിനൻസ് ഫാക്ടറികളിലെ തൊഴിലാളികളുടെ പണിമുടക്ക് നിരോധിക്കാനുള്ള ഓർഡിനൻസ്, ആ മേഖലയിൽ മാത്രം ഒതുങ്ങിനില്ക്കുന്നതല്ല. മോഡി സർക്കാരിന്റെ തൊഴിലാളി വിരുദ്ധ ജനവിരുദ്ധ നിലപാടുകളുടെ വിളമ്പരമാണ് ഇത്തരം നടപടികൾ.

പൊതുമേഖലാ സ്വകാര്യ വൽക്കരണം ശീഘ്രഗതിയിലാണ്. കൽക്കരിഖനന മേഖല, സ്വകാര്യ കുത്തകകൾക്ക് നൽകുന്നതിന് വേണ്ടിയുള്ള ബില്ലും പാർലമെന്റിൽ വയ്ക്കുന്നുണ്ട്. രാജ്യത്തെ ധാതു വിഭവങ്ങളുടെ ഉടമസ്ഥാവകാശം, സ്വാകര്യ കുത്തകകളെ ഏല്പിക്കലാണ് ലക്ഷ്യം. എണ്ണ പ്രകൃതിവാതകരംഗം, സ്വകാര്യ കുത്തകകൾക്ക് അടിയറ വെച്ചു കഴിഞ്ഞു. റെയിൽവേ, തുറമുഖങ്ങൾ വിമാനത്താവളങ്ങൾ, സ്റ്റേഡിയങ്ങൾ, ദേശീയപാതകൾ തുടങ്ങിയവയെല്ലാം വില്പന നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കൊച്ചിൻ റിഫൈനറി, ബി.ഇ.എം.എൽ തുടങ്ങിയ പൊതുമേഖലാ കമ്പനി

കളും വില്പനക്ക് വെച്ചതാണ്. ബിജെ.പി സർക്കാർ കൊട്ടിഘോഷിക്കുന്ന “ആത്മനിർ ഭർ ഭാരത് ”ജനങ്ങളെ കമ്പളിപ്പിക്കൽ മാത്രമാണ്.

കോവിഡിനെ നേരിടുന്നതിൽ കേന്ദ്രസർക്കാർ ദയനീയമായി പരാജയപ്പെട്ടു. ജനങ്ങൾക്ക് വാക്സിൻ നൽകാൻ കാലതാമസം ഉണ്ടായി. പല സംസ്ഥാനങ്ങളിലും ചികിത്സ കിട്ടാതെ നൂറുകണക്കിനാളുകൾ മരണപ്പെട്ടു. പുണ്യ നദികളിൽ മനുഷ്യന്റെ മൃതശരീരം ഒഴുകി. പൊതുസ്ഥലങ്ങളിൽ, മൃതദേഹങ്ങൾ കൂട്ടമായി സംസ്കരിച്ചു. ലോകത്തിന് മുന്നിൽ ഇന്ത്യ നാണം കെട്ടു.

കോവിഡിന് മുമ്പ് തന്നെ, ഇന്ത്യൻ സമ്പദ്ഘടന പ്രതിസന്ധിയിലായിരുന്നു. 2019 20 വർഷം, ജിഡിപി വളർച്ചാ നിരക്ക് 4 ശതമാനം മാത്രമായിരുന്നു. ഓട്ടോമൊബൈൽ മേഖല ഉൾപ്പെടെയുള്ള വ്യവസായ മേഖല വലിയ തകർച്ചയെ നേരിട്ടു. തൊഴിലില്ലായ്മ നിരക്കുയർന്നു. എൻ.എസ്.എസ്.ഒ നടത്തിയ സർവ്വേയിൽ, 2019 ലെ തൊഴിലില്ലായ്മ നിരക്ക്, അതിന് മുമ്പുള്ള 42 വർഷങ്ങളിലെ ഏറ്റവും ഉയർന്നതാണെന്ന് പറഞ്ഞിരുന്നു.

കോവിഡ് വ്യാപിച്ചപ്പോൾ, സ്ഥിതി കൂടുതൽ വഷളായി. ലോക്ഡൗൺ, കോടിക്കണക്കിനാളുകളുടെ തൊഴിൽ നഷ്ടപ്പെടുത്തി. ട്രാൻസ്പോർട്ട്, വ്യാപാര വാണിജ്യമേഖല, നിർമ്മാണം, തുടങ്ങിയ കോടിക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്യുന്ന മേഖലകളെല്ലാം സ്തംഭിച്ചു. കുടിയേറ്റ തൊഴിലാളികൾ വലിയ ദുരന്തമേറ്റ് വാങ്ങി. 15 കോടിയിൽപരം തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടുവെന്നാണ് സിഎംഐഇ (സെന്റർ ഫോർ മോണിട്ടറിംഗ് ഇന്ത്യൻ ഇക്കോണമി) പറയുന്നത്.

തൊഴിലും വരുമാനവും നഷ്ടപ്പെട്ടവർക്ക് പ്രതിമാസം 7000 രൂപ വീതം നല്കണമെന്ന് ട്രേഡ് യൂണിയനുകൾ കേന്ദ്രസർക്കാരിനോടാവശ്യപ്പെട്ടിരുന്നു. ദരിദ്ര കുടുംബങ്ങളിലെ ഓരോ അംഗത്തിനും, പ്രതിമാസം 10 കിലോ വീതം ഭക്ഷ്യധാന്യം നല്കണമെന്നും ആവശ്യപ്പെടുകയുണ്ടായി. എന്നാൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച കോവിഡ് പാക്കേജുകളിൽ, ഇത്തരം ഒരു സഹായ പദ്ധതിയുമുണ്ടായിരുന്നില്ല.

കോവിഡ് സൃഷ്ടിച്ച ദുരന്തത്തേക്കാൾ, വലിയദുരന്തമാണ്, വിലക്കയറ്റം മൂലം ജനങ്ങൾ നേരിടുന്നത്. പെട്രോൾ-ഡീസൽ വില ലിറ്ററിന് നൂറ് രൂപ കടന്നു. മറ്റവശ്യവസ്തുക്കളുടെയും വില ഉയരുകയാണ്. വിലക്കയറ്റം നിയന്ത്രിക്കാൻ ഒരു നടപടിയും കേന്ദ്രസർക്കാർ സ്വീകരിക്കുന്നില്ല. കേന്ദ്രസർക്കാരിന്റെ തൊഴിലാളി വിരുദ്ധ - ജനവിരുദ്ധ നയങ്ങൾക്കെതിരെ എല്ലാ വിഭാഗം ജനങ്ങളും പ്രക്ഷോഭത്തിലാണ്. കഴിഞ്ഞ എട്ട് മാസമായി, രാജ്യത്തെ കർഷകർ സമരത്തിലാണ്. അവരുടെ പ്രതിനിധികളുമായി ഒരു കൂടിയാലോചന പോലും പ്രധാനമന്ത്രി ഇതുവരെ നടത്തിയിട്ടില്ല. കർഷക സമരം അടിച്ചമർത്താനാണ് നീക്കം.

അദ്ധ്വാനിക്കുന്ന ജനതയുടെ ജീവിത പ്രശ്നങ്ങളെ പാടെ അവഗണിക്കുന്ന, കോർപ്പറേറ്റുകളുടെ താത്പര്യം മാത്രം സംരക്ഷിക്കുന്ന മോഡി സർക്കാരിന്റെ നയങ്ങൾക്കെതിരെ പോരാട്ടം ശക്തിപ്പെടുത്തണം.



## വിപ്ലവത്തിന്റെ നൂറാം വാർഷികത്തിൽ




# ചൈന

# ദാരിദ്ര്യ നിർമ്മാർജ്ജനം പൂർത്തിയാക്കി

**അന്താരാഷ്ട്ര സൂചികകളുടെ അടിസ്ഥാനത്തിൽ നിർവചിക്കപ്പെടുന്ന ദാരിദ്ര്യം എന്ന ദുരവസ്ഥയിൽ നിന്ന് ചൈന പൂർണ്ണമായും മോചനം നേടിക്കഴിഞ്ഞിരിക്കുന്നു എന്ന് പ്രസിഡൻറ് ഷി ജിൻപിങ് 2021 ഫെബ്രുവരി 25ന് പ്രഖ്യാപിച്ചു. UN സെക്രട്ടറി ജനറൽ Antonio Guterres 2019 സെപ്തംബറിൽ ചൈന സന്ദർശിച്ചപ്പോൾ ഇതിനെ "ചരിത്രത്തിലെ ഏറ്റവും മഹത്തരമായ ദാരിദ്ര്യ നിർമ്മാർജ്ജന നേട്ടമെന്ന്" വിശേഷിപ്പിച്ചു.**

വിജയ് പ്രശാദ്

140 കോടി ജനസംഖ്യയുള്ള ചൈന അന്താരാഷ്ട്ര സൂചികകളുടെ അടിസ്ഥാനത്തിൽ നിർവചിക്കപ്പെടുന്ന ദാരിദ്ര്യം എന്ന ദുരവസ്ഥയിൽ നിന്ന് പൂർണ്ണമായും മോചനം നേടിക്കഴിഞ്ഞിരിക്കുന്നു എന്ന് പ്രസിഡൻറ് ഷി ജിൻപിങ് 2021 ഫെബ്രുവരി 25ന് പ്രഖ്യാപിക്കുകയുണ്ടായി. ചൈനയിലെ സംസ്ഥാന ഭരണകൂടങ്ങളുടെയും കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ചൈനയുടെയും (CPC) വലിയ തോതിലുള്ള ഇടപെടലുകളുടെ ഫലമായി 835 ദശലക്ഷം പേർക്ക് 1981 ശേഷം ദാരിദ്ര്യത്തിൽ നിന്ന് പുറത്തുകടക്കുവാൻ സാധിക്കുകയുണ്ടായി. ലോക ബാങ്കിന്റെ കണക്കനുസരിച്ച് ദാരിദ്ര്യത്തിന്റെ പിടിയിൽ നിന്ന് മുക്തരായ ലോക ജനസംഖ്യയുടെ 75%ഉം ചൈനക്കാരാണ്. ഇത്രയും ചുരുങ്ങിയ കാലംകൊണ്ട് നൂറുക്കണക്കിന് ദശലക്ഷം ജനങ്ങളെ ദാരിദ്ര്യത്തിൽ നിന്ന് പുറത്തുകൊണ്ടുവരുന്നതിന് ലോകത്തിലെ മറ്റൊരു രാജ്യത്തിനും കഴിഞ്ഞിട്ടില്ല എന്നും ഷി പറഞ്ഞു.

ഐക്യരാഷ്ട്രസഭയുടെ (UN) സെക്രട്ടറി ജനറൽ Antonio Guterres 2019 സെപ്തംബറിൽ ചൈന സന്ദർശിച്ചപ്പോൾ ഇതിനെ "ചരിത്രത്തിലെ ഏറ്റവും മഹത്തരമായ ദാരിദ്ര്യ നിർമ്മാർജ്ജന നേട്ടമെന്ന്" വിശേഷിപ്പിച്ചുകൊണ്ട് വളരെ ആവേശത്തോടു കൂടിയാണ് സംസാരിച്ചത്. നിങ്ങൾ ശിശു/മാതൃ മരണ നിരക്കുകളും, കുട്ടികളിലെ വളർച്ചാ മുരടിപ്പും താഴോട്ടു കൊണ്ടുവന്നിരിക്കുന്നു, പോഷകാഹാര ലഭ്യത മെച്ചപ്പെടുത്തിയിരിക്കുന്നു, കുടിവെള്ളവും ശുചിത്വ സംവിധാനങ്ങളും അപ്രാപ്യമായ ജനങ്ങളുടെ അനുപാതം പകുതിയായി കുറച്ചിരിക്കുന്നു" എന്നും Guterres പറഞ്ഞു. 1949-ൽ ചൈനയിലെ ശിശു മരണ നിരക്ക് 1000 ജനനങ്ങൾക്ക് 200 എന്ന തോതിൽ ആയിരുന്നു. 1980-ഓടെ ഇത് 50 ആയി കുറഞ്ഞു. "ജനങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിൽ ചൈന നേടിയ വിജയത്തിന്റെ പിന്നിലെ പ്രധാന ഘടകങ്ങൾ അവിടത്തെ ആരോഗ്യ നയങ്ങളും ദേശീയ ആരോഗ്യ സേവന സംവിധാനവും ആണ്" എന്ന് ലോക ബാങ്കിന്റെ 1989ലെ ഒരു പഠനം വിലയിരുത്തിയിരുന്നു. ഇത് തന്നെയാണ് Guterres 2019ൽ പ്രകടിപ്പിച്ച അഭിപ്രായത്തിന്റെ ചരിത്രപരമായ പശ്ചാത്തലം. മറ്റൊരു രീതിയിൽ പറയുകയാണെങ്കിൽ CPCയുടെ



> "ജനങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിൽ ചൈന നേടിയ വിജയത്തിന്റെ പിന്നിലെ പ്രധാന ഘടകങ്ങൾ അവിടത്തെ ആരോഗ്യ നയങ്ങളും ദേശീയ ആരോഗ്യ സേവന സംവിധാനവും ആണ്" എന്ന് ലോക ബാങ്കിന്റെ 1989ലെ ഒരു പഠനം വിലയിരുത്തിയിരുന്നു. CPCയുടെ നേതൃത്വത്തിൽ നടന്ന വിപ്ലവത്തിന്റെ ഉൽപ്പന്നങ്ങളായ ചൈനയിലെ സർക്കാർ സംവിധാനങ്ങളാണ് അവിടത്തെ സാമൂഹ്യ സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയത്.

നേതൃത്വത്തിൽ നടന്ന വിപ്ലവത്തിന്റെ ഉൽപ്പന്നങ്ങളായ ചൈനയിലെ സർക്കാർ സംവിധാനങ്ങളാണ് അവിടത്തെ സാമൂഹ്യ സാഹചര്യങ്ങൾ മേച്ചപ്പെടുത്തിയത്.

### വിപ്ലവത്തിന് മുൻപുണ്ടായിരുന്ന അവസ്ഥ

1949ൽ ചൈന ലോകത്തിലെ ഏറ്റവും ദരിദ്രമായ രാജ്യങ്ങളിൽ ഒന്നായിരുന്നു. 10 രാജ്യങ്ങൾക്ക് മാത്രമേ അന്ന് ചൈനയേക്കാൾ താഴ്ന്ന പ്രതിശീർഷ മൊത്ത ആഭ്യന്തര ഉത്പ്പാദനം ഉണ്ടായിരുന്നുള്ളൂ. ജനകീയ ജനാധിപത്യ ചൈനയുടെ ഉത്ഘാടന വേളയിൽ Mao Zedong ഉദ്ധരിച്ച "ചൈനയിലെ ജനങ്ങൾ സധൈര്യം ചെറുത്തുനിന്നു" പ്രസിദ്ധമായ വാചകത്തിൽ ആ രാജ്യം ഒരു നൂറ്റാണ്ടിൽ ഏറെയായി അനുഭവിച്ചു വന്നിരുന്ന കൊടിയ ദാരിദ്ര്യത്തിൻറെയും നേരിട്ട അപമാനങ്ങളുടെയും സൂചനയുണ്ടായിരുന്നു.

വിദേശ കടന്നുകയറ്റങ്ങൾ കാരണവും ആഭ്യന്തര യുദ്ധങ്ങളുടെ ഇരകളായതിനാലും ഈ അതിക്രമങ്ങളുടെ ഫലമായി സൃഷ്ടിക്കപ്പെട്ട ക്ഷാമങ്ങൾ ഏൽപ്പിച്ച പ്രഹരങ്ങളാലും 1840നും 1949നും ഇടയ്ക്ക് 100 ദശലക്ഷം ചൈനക്കാരാണ് കൊല്ലപ്പെട്ടത്. ഇതിൽ നിന്ന് ചൈന നേരിട്ട ദുരിതങ്ങളുടെ രൂക്ഷത എത്രയായിരുന്നു എന്ന് മനസ്സിലാക്കുവാൻ കഴിയും. രണ്ടാം ലോകമഹാ യുദ്ധത്തിൻറെ സമയത്തും ഏറ്റവും ദീർഘമായ കാലം ദുരിതം അനുഭവിച്ചത് ചൈനയായിരുന്നു. 1937 മുതൽ 1945 വരെ രണ്ടാം ലോകയുദ്ധവും അതിനുശേഷം 1949 വരെ നീണ്ടുനിന്ന ആഭ്യന്തര യുദ്ധവും ചൈനയിൽ ദുരിതങ്ങൾ വാരിവിതറി. ഇക്കാലയളവിൽ 14 ദശലക്ഷം പേർ മരണപ്പെടുകയുണ്ടായി. 1839ൽ ആരംഭിച്ച ഓപ്പിയം യുദ്ധം മുതൽ 1931ലെ ജപ്പാന്റെ കടന്നാക്രമണം വരെയുള്ള കാലഘട്ടത്തിൽ ചൈന അതിന്റെ പരമാധികാരം സംരക്ഷിക്കുന്നതിനും ഭാവി സുരക്ഷിതമാക്കുന്നതിനും വേണ്ടി ക്ലേശിക്കുകയായിരുന്നു.

ഭൂതകാലത്തിന്റെ ഭയാനകമായ ഭാരം തന്നെയായിരുന്നു ഒരുകൂട്ടം ഉൽപ്പതിഷ്ണുക്കളെ (Radicals) 1921 ജൂലൈയിൽ CPC സ്ഥാപിക്കുന്ന ദൌത്യം ഏറ്റെടുക്കുന്നതിനായി ഒന്നിപ്പിച്ചത്. മാവോ ഉൾപ്പടെയുള്ള 13 പേരുടെ ഒരു ചെറുസംഘം ആദ്യം Shanghaiയിലെ ഫ്രാൻസിന്റെ അധീനതയിൽ ആയിരുന്ന French Concession എന്ന പ്രദേശത്തും ഒരു ചാരനിലൂടെ വിദേശ പോലീസിന് വിവരം ചോർത്തിക്കിട്ടിയതിനാൽ അതിനുശേഷം Nanhu തടാകത്തിലെ ഒരു വിനോദസഞ്ചാര നൌകയിലും ഒത്തുചേരുകയുണ്ടായി. തൊഴിലാളി വർഗ്ഗത്തെ സംഘടിപ്പിച്ച് ദിശാബോധം പകർന്നുനൽകുക എന്നതായിരുന്നു CPCയുടെ പ്രധാന ദൌത്യം. 1924 ആയപ്പോഴേയ്ക്കും Shanghaiയിൽ ഒരു ലക്ഷം പേർ പങ്കെടുത്ത മേയ് ദിന പ്രകടനം നടക്കുകയുണ്ടായി. Cantonൽ 2 ലക്ഷം പേരുടെയും. "തൊഴിലാളികളെ ഉടമകൾ ചൂഷണം ചെയ്തതിനു ശേഷം വലിച്ചെറിയുന്ന കാലം കഴിഞ്ഞിരിക്കുന്നു" എന്നാണ് തൊഴിലാളികൾ ഒരു ലഘുലേഖയിൽ കുറിച്ചത്.




**“പരിഷ്ക്കാരങ്ങളും തുറന്നുകൊടുക്കലും” ആരംഭിച്ച 1978നു ശേഷം നാളിതുവരെ ഒരു പ്രധാനപ്പെട്ട രാജ്യം കൈവരിച്ചതിൽ ഏറ്റവും വേഗത്തിലുള്ള സാമ്പത്തിക വളർച്ചയാണ് ചൈനയ്ക്ക് നേടാനായത്. 1978-2020 കാലഘട്ടത്തിൽ ചൈനയുടെ ശരാശരി GDP വർദ്ധനവ് 9.2% ആയിരുന്നു. ചൈനയുടെ ഗാർഹിക ഉപഭോഗം ഇക്കാലത്ത് 1800% ആണ് വർദ്ധിച്ചത്.**

1927ലെ Shanghai കൂട്ടക്കൊല ഉൾപ്പടെയുള്ള തിരിച്ചടികളിൽ നിന്ന് കൂടുതൽ കരുത്ത് ആർജ്ജിച്ചുകൊണ്ട് CPC ഈ പ്രക്ഷോഭങ്ങളെ പൂർണ്ണമായും പിന്തുണച്ചു. ജപ്പാന് എതിരേയുള്ള ദീർഘകാലം നീണ്ടുനിന്ന സാമ്രാജ്യത്വ വിരുദ്ധ യുദ്ധത്തിൽ CPC വഹിച്ച നിർണ്ണായകമായ നേതൃത്വപരമായ പങ്കാണ് 1949-ൽ ജനകീയ ജനാധിപത്യ ചൈന നിലവിൽ വരുന്നതിലേയ്ക്ക് വഴിയോരുക്കിയത്.

### സോഷ്യലിസ്റ്റ് ചൈനയുടെ നിർമ്മിതി

തകർന്ന സമ്പത്ഘടനയുടെയും കലങ്ങിമറിഞ്ഞ സാമൂഹ്യ സാഹചര്യങ്ങളുടെയും ഭാരം പേറുന്ന ഒരു വെട്ടിമുറിക്കപ്പെട്ട രാജ്യമായിരുന്നു തുടക്കത്തിൽ വിപ്ലവാനന്തര ചൈന. ലോക ശരാശരിയേക്കാൾ 3 വർഷം കുറവായിരുന്നു 1949ൽ ചൈനീസ് ജനതയുടെ ആയുർദൈർഘ്യം. വിദ്യാഭ്യാസത്തിന്റെയും ആരോഗ്യത്തിൻറെയും കാര്യത്തിൽ വളരെ പിന്നോക്കമായ അവസ്ഥയിലുമായിരുന്നു. എന്നാൽ 1978 ആയപ്പോഴേയ്ക്കും ചൈനക്കാർ ലോക ശരാശരിയെക്കാൾ 5 വർഷം കൂടുതൽ ജീവിക്കുന്ന സ്ഥിതി സംജാതമായി. സാക്ഷരതാ നിരക്കുകൾ ഉയർന്നു. ആരോഗ്യ മേഖലയിൽ മികച്ച പുരോഗതി ഉണ്ടായി. ഇത്രയും അധികം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന രാജ്യം (1978ൽ ലോക ജനസംഖ്യയിൽ 22% വസിച്ചിരുന്നത് ചൈനയിൽ ആയിരുന്നു) ഇത്രയും വലിയൊരു കുതിച്ചുചാട്ടം കൈവരിക്കുന്നത് മനുഷ്യ ചരിത്രത്തിൽ മുമ്പൊരിക്കലും സംഭവിച്ചിട്ടില്ല.

“പരിഷ്ക്കാരങ്ങളും തുറന്നുകൊടുക്കലും” ആരംഭിച്ച 1978നുശേഷം നാളിതുവരെ ഒരു പ്രധാനപ്പെട്ട രാജ്യം കൈവരിച്ചതിൽ ഏറ്റവും വേഗത്തിലുള്ള സാമ്പത്തിക വളർച്ചയാണ് ചൈനയ്ക്ക് നേടാനായത്. 1978-2020 കാലഘട്ടത്തിൽ ചൈനയുടെ ശരാശരി GDP വർദ്ധനവ് 9.2% ആയിരുന്നു. ചൈനയുടെ ഗാർഹിക ഉപഭോഗം ഇക്കാലത്ത്

1800% ആണ് വർദ്ധിച്ചത്. മറ്റ് പ്രധാന രാജ്യങ്ങളെ അപേക്ഷിച്ച് രണ്ട് മടങ്ങ് അധികം. ഇതെല്ലാം തെളിയിക്കുന്നത് ചൈനയിലെ ജനങ്ങളുടെ നിത്യജീവിതത്തിൽ ഗണ്യമായ പുരോഗതി ഉണ്ടായി എന്നാണ്. 2010ൽ 95.92% ആയിരുന്ന ചൈനയിലെ സാക്ഷരതാ നിരക്ക് ഇപ്പോൾ 97.33% ആയി ഉയർന്നിട്ടുണ്ട്. 1949 ലെ 20%ത്തിൽ നിന്നൊരു വൻ കുതിപ്പ്.

2025 ഓടുകൂടി ചൈന ലോക ബാങ്ക് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പൂർത്തിയാക്കി ഒരു "ഉയർന്ന വരുമാന" സമ്പത്ഘടനയായി വികസിക്കും. അതായത് ലോകത്തിലെ ഏറ്റവും ദരിദ്ര്യമായ രാജ്യം എന്നു വേണമെങ്കിൽ വിശേഷിപ്പിക്കാവുന്ന അവസ്ഥയിൽ നിന്ന് ജനങ്ങളുടെ ജീവിത നിലവാരം, ആയുർ ദൈർഘ്യം, വിദ്യാഭ്യാസം, സംസ്കാരം എന്നിവയിലും മറ്റ് നിരവധി ജനക്ഷേമ സൂചികകളിലും ഗണ്യമായ പുരോഗതി കൈവരിച്ചുകൊണ്ട് ഒരു ഉയർന്ന വരുമാന സമ്പദ് ഘടനയായി ഉയരുക എന്ന സ്വപ്നതുല്യമായ ലക്ഷ്യം ചൈന 75 കൊല്ലത്തെ കാലയളവിൽ അല്ലെങ്കിൽ ഒരു മനുഷ്യായുസ്സിന് ഉള്ളിൽ തന്നെ സാക്ഷാത്ക്കരിക്കാൻ പോകുകയാണ്.

100 കൊല്ലം മുൻപ് CPC രൂപീകരിക്കപ്പെട്ടപ്പോൾ 1839 മുതൽ തുടർന്നുവരുന്ന പോരാട്ടങ്ങളെ ശരിയായ ദിശയിൽ  നയിക്കുന്നതിന് ശേഷിയുള്ള ഒരു നേതൃത്വത്തിൻറെ സംരക്ഷണം തങ്ങൾക്ക് ലഭ്യമായിരിക്കുന്നു എന്ന്  ചൈനീസ് ജനതയ്ക്ക് ബോധ്യപ്പെടുകയുണ്ടായി. അതേ CPC ഇന്ന് ചൈനയുടെ മാത്രമല്ല ലോകത്തിൻറെ തന്നെ ഭാഗധേയം നിശ്ചയിക്കുന്നതിൽ നിർണ്ണാകമായ ഒരു പങ്ക് വഹിക്കാൻ തയ്യാറെടുക്കുകയാണ്. ഈ ചരിത്രപരമായ പശ്ചാത്തലത്തിന്റെ പ്രസക്തി ചൈനയുടെ സാമൂഹ്യ/സാമ്പത്തിക രംഗങ്ങളിലെ നേട്ടങ്ങളുടെ പ്രാധാന്യത്തെ പടിഞ്ഞാറൻ മാധ്യമങ്ങളും രാഷ്ട്രീയക്കാരും കുറച്ചു കാട്ടുകയോ അവ യാദൃശ്ചികമായി സംഭവിച്ചതാണെന്ന് നിസ്സാരവൽക്കരിക്കുകയോ ചെയ്യുമ്പോൾ പലപ്പോഴും മറച്ചുവയ്ക്കപ്പെടുകയാണ്. എന്നാൽ ഇത്തരം ഒരു വിജയം നൂറ്റാണ്ടുകൾ നീണ്ടുനിന്ന പോരാട്ടങ്ങളിലൂടെയാണ് ചൈനയിലെ ജനങ്ങൾ നേടിയെടുത്തത് എന്നതാണ് യാഥാർത്ഥ്യം.




**2025 ഓടുകൂടി ചൈന ലോക ബാങ്ക് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പൂർത്തിയാക്കി ഒരു "ഉയർന്ന വരുമാന" സമ്പത്ഘടനയായി വികസിക്കും. ജനങ്ങളുടെ ജീവിത നിലവാരം, ആയുർ ദൈർഘ്യം, വിദ്യാഭ്യാസം, സംസ്കാരം എന്നിവയിലും മറ്റ് നിരവധി ജനക്ഷേമ സൂചികകളിലും ഗണ്യമായ പുരോഗതി കൈവരിച്ചുകൊണ്ട് ഒരു ഉയർന്ന വരുമാന സമ്പത്ഘടനയായി ഉയരുക എന്ന സ്വപ്നതുല്യമായ ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ പോകുകയാണ്.**

## മോദിവാഴ്ചയിലെ

# അപ്രഖ്യാപിത അടിയന്തരാവസ്ഥ

**ജനാധിപത്യത്തിന്റെ മുഖാവരണമിട്ടുതന്നെ ഫാസിസത്തിന്റെ ആശയ പ്രചാരണവും പ്രവർത്തനശൈലിയും ഫാസിസ്റ്റുകളായ ഭരണാധികാരികൾക്ക് നടപ്പിലാക്കാൻ കഴിയും. ഇവിടെയാണ് ബിജെപിയുൾപ്പെടെയുള്ള രാഷ്ട്രീയ കക്ഷികളുടെ രാഷ്ട്രീയം തിരിച്ചറിയേണ്ടത്. ബിജെപിയും ചിലപ്പോഴെല്ലാം രാഷ്ട്രീയത്തിന് സോഷ്യലിസമെന്ന വാക്ക് പോലും ഉപയോഗിക്കുന്നുണ്ടല്ലോ. അതുകൊണ്ട് ആരും തന്നെ അവർ സോഷ്യലിസ്റ്റുകളാണെന്ന് മനസ്സിലാക്കിയിട്ടില്ല പറഞ്ഞിട്ടുമില്ല. ഈ ജനാധിപത്യ രാജ്യത്തു ഭരിക്കുന്നവർക്കെതിരെ മിണ്ടിയാൽ രാജ്യദ്രോഹമാണ്.**



കെ.കെ.ദിവാകരൻ

തെറ്റിദ്ധരിക്കരുത്, മോദിയുടെ വാഴ്ചയിൽ ഇന്നും രാജ്യം കടന്നു പോകുന്നത് ഒരു അപ്രഖ്യാപിത അടിയന്തരാവസ്ഥയിലൂടെയാണ്. വർത്തമാനകാലത്ത് നിരവധി ഉദാഹരണങ്ങൾ നമ്മുടെ മുമ്പിലുണ്ട്. അത് ഓരോന്നോരോന്നായി ചൂണ്ടികാണിക്കണമെന്നു തോന്നുന്നില്ല.

അന്താരാഷ്ട്ര വേദികളിൽ നാം പരിഹാസ്യരായി മാറിക്കൊണ്ടിരിയ്ക്കുകയാണല്ലോ. കോവിഡ് 19 രോഗം ഒരു 'സാർവ്വദേശീയ' രോഗമായി പടർന്നു പിടിച്ച അമേരിക്ക, ഇറ്റലി, ബ്രസീൽ തുടങ്ങിയ നിരവധി രാജ്യങ്ങളിൽ കൂട്ട മരണങ്ങളുണ്ടായി. ഭാരതമാകട്ടെ, ലോകത്തിന്റെ ഫാർമസിയായി അറിയപ്പെടാനുള്ള തീവ്രമായ ത്വരയിൽ നിരവധി മരുന്നുകളുൾപ്പെടെയുള്ള സാധനങ്ങൾ കയറ്റി അയയ്ക്കുകയും ചെയ്തു. അതെല്ലാം നല്ല കാര്യം തന്നെ. പക്ഷേ കോവിഡ് 19 ന്റെ രണ്ടാം തരംഗം രാജ്യത്തെയാകെ പരിഭ്രാന്തിയിലാക്കി. ലക്ഷക്കണക്കിനാളുകൾ രോഗബാധിതരായി. പതിനായിരക്കണക്കിനാളുകൾ മരണപ്പെട്ടു. ഔദ്യോഗിക കണക്കിന്റെ അഞ്ചോ ആറോ ഇരട്ടിപേർ മരിച്ചുവെന്നാണ് വിദേശ പത്രമാധ്യമങ്ങൾ പറയുന്നത്. ബ്രിട്ടനിലെ ഗാർഡിയൻ പത്രം പറയുന്നത് കോവിഡ്19ന്റെ വ്യാപനത്തിനു കാരണം പ്രധാനമന്ത്രി മോദിയുടെ അമിതമായ ആത്മവിശ്വാസമാണെന്നത്രെ. കോവിഡ് രോഗത്തിന്റെ രണ്ടാം തരംഗത്തിൽ കിടയ്ക്കകളും ഓക്സിജനും ആശുപത്രികളിൽ അന്യമായി മാറി. മൃതദേഹത്തിന് കിടക്കാനുള്ള മോർച്ചറികളിൽപ്പോലും ഇടമില്ലാതെയായി. പക്ഷേ എന്നാലും ബഡായിരാമനായ ഭരണാധികാരി വീണ്ടും ആവർത്തിച്ചു; '21 ദിവസത്തിനകം എല്ലാറ്റിനേയും മറികിടക്കുന്നുണ്ട്.'

പക്ഷേ രാജ്യം ഗുരുതരമായ അവസ്ഥയിലാണിപ്പോൾ. കേരളമൊഴികെ എവിടെയും കൃത്യമായി രോഗികളുടെയോ മരിച്ചവരുടേയോ കണക്കുപോലുമില്ലെന്ന് പല മാധ്യമങ്ങളും പറയാൻ തുടങ്ങി. ലോകമാകെ കേരളത്തിന്റെ കരുതലിനേയും ഈ മഹാമാരിയെ നേരിട്ടരീതിയേയും അത്യന്തം പ്രകീർത്തിച്ചു കൊണ്ട് വാർത്തകൾ എഴുതി.

മോദി തന്റെ ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറിക്കൊണ്ട് കോവിഡ് പ്രതിരോധമെല്ലാം സംസ്ഥാനങ്ങളെ ഏൽപ്പിക്കുകയാണ്. കുറ്റം പറയരുത്, അദ്ദേഹം കുറെ സദുപദേശങ്ങൾ



**'ജനങ്ങൾക്ക് മേൽ ഫാസിസ്റ്റുകൾക്ക് നേടാൻ കഴിഞ്ഞിട്ടുള്ള സ്വാധീനത്തിന്റെ ഉറവിടമെന്ത്? എന്തുകൊണ്ടാണ് സോഷ്യലിസത്തിന്റെ കൊടിയ ശത്രുക്കളും വൻകിട ബൂർഷ്വാസിയുടെ കയ്യാളുകളുമായ ജർമ്മൻ ഫാസിസ്റ്റുകൾ ജനങ്ങൾക്ക് മുന്നിൽ തങ്ങളെതന്നെ 'സോഷ്യലിസ്റ്റുകൾ' എന്ന പേരിലവതരിപ്പിക്കുന്നത്? ജനങ്ങളുടെ അധികാരത്തിലേറലിനെ എന്തുകൊണ്ടാണവർ വിപ്ലവം എന്നു വിളിയ്ക്കുന്നത്?**

ചുരുങ്ങിയ നിരക്കിൽ നൽകുകയുമുണ്ടായി. രോഗികളുമായി സമ്പർക്കം പാടില്ലാ ആവശ്യമായ മരുന്നും വിശ്രമവും വേണം തുടങ്ങിയ നിരവധി വിജ്ഞാനപ്രദമായ കാര്യങ്ങൾ ചാനലുകളിലൂടെയും പത്രമാധ്യമങ്ങളിലൂടെയും ആ പണ്ഡിതശ്രേഷ്ഠൻ നമുക്ക് എത്തിച്ചു തരുന്നു. എന്നാൽ തൊഴിലാളികളുടെയും മറ്റു ജനവിഭാഗങ്ങളുടെയും സ്ഥിതിയെന്താണ്? 30-40ശതമാനമാളുകൾക്ക് പണിയില്ല. അവർ പട്ടിണിയായി. ആത്മഹത്യകളും പട്ടിണിമൂലമുള്ള മരണങ്ങളും വർദ്ധിച്ചു.

കോവിഡ് മഹാമാരിയ്ക്കു മുമ്പു തന്നെ രാജ്യം വലിയ സാമ്പത്തിക തകർച്ചയിലേക്ക് കൂപ്പു

കുത്തിയിരുന്നു. അപ്പോഴാണ് കൂനിന്മേൽ കുരുവായി മഹാമാരി നമ്മെ ആക്രമിച്ചത്. ഐ.എം.എഫ് ഇന്ത്യയുടെ 2021-22 ലെ ആഭ്യന്തര വളർച്ചാനിരക്കിനെ സംബന്ധിച്ചു നടത്തിയ പ്രവചനം 12.5% വളർച്ച നിരക്കുണ്ടാകുമെന്നായിരുന്നു. റിസർവ് ബാങ്ക് പറഞ്ഞത്, 10.5% വളർച്ചാനിരക്ക്. ധനകാര്യ വകുപ്പിന്റെ സാമ്പത്തിക സർവ്വേ കണ്ടെത്തിയതാകട്ടെ11% വളർച്ചയും. പക്ഷേ ഇതൊന്നും യാഥാർത്ഥ്യമായില്ല. ഇപ്പോഴും 8 ശതമാനത്തിൽ അൽപ്പം കൂടുതൽ മാത്രം. അതിന്റെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിലും ദേശീയ സാർവ്വദേശീയ കോർപ്പറേറ്റുകൾക്ക് അവരുടെ കച്ചവടത്തിൽ ഒരു നഷ്ടവും ഉണ്ടായിട്ടില്ലെന്നു മാത്രമല്ല, ലാഭവിഹിതം അനുസ്യൂതം വർദ്ധിക്കുകയും ചെയ്യു എന്ന കാര്യം കൂടി നാം ഓർത്തുവെയ്ക്കണം.

പണപ്പെരുപ്പ നിരക്ക് കൂടുകയാണല്ലോ ജനുവരി മുതൽ വിലക്കയറ്റം വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്ന് സാമ്പത്തിക വിദഗ്ധർ പറയുന്നുണ്ട്. ജൂണിലെ പണപ്പെരുപ്പ് നിരക്ക് 12.07% ആണ്. രണ്ടക്കനിരക്കിൽ പണപ്പെരുപ്പം എത്തുന്നതും ഈ അടുത്ത അവസരത്തിലാണ്. ചൈനയിൽ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്കും മറ്റിതര വിഭാഗങ്ങശക്കും വേതനമുയുൾപ്പെടെ ജീവിയ്ക്കാനാവശ്യമായ എല്ലാ സംവിധാനങ്ങളും ഭരണകൂടം ഒരുക്കിയിട്ടുണ്ട്. പാശ്ചാത്യ രാജ്യങ്ങളിലും ഈ മാതൃക തുടരുന്നു. അവികസിതഅർദ്ധവികസിത രാജ്യങ്ങളിൽപ്പോലും (ആഫ്രിക്കൻ രാജ്യങ്ങൾ ഉൾപ്പെടെ) ഈ കെട്ടകാലത്ത് പരമാവധി എങ്ങനെ ജനങ്ങളെ സഹായിയ്ക്കാൻ കഴിയുമെന്ന് ചിന്തിച്ച് പ്രവർത്തിക്കുമ്പോൾ ഭാരതത്തിൽ ഇത് കോർപ്പറേറ്റുകളെ സഹായിക്കാനുള്ള ഒരു മാർഗ്ഗമായി കണ്ടെത്തിയിരിക്കുന്നു.

ഈ സമയത്തുതന്നെയാണെല്ലോ ഓർഡിനനൻസ് ഫാക്ടറികൾ സ്വകാര്യവൽക്കരിക്കാനുള്ള തീരുമാനം കേന്ദ്ര സർക്കാർ കൈക്കൊണ്ടത്. അതിനെതിരെ അതിരൂക്ഷമായ സമരത്തിലേയ്ക്കാണ് സ്ഥാപനങ്ങളിലെ ജീവനക്കാർ. ഇവിടെ പൊതുമേഖലകളോരോന്നായി വിറ്റു തുലയ്ക്കുന്നു. അതും യഥാർത്ഥ മൂല്യത്തിന്റെ പത്തോ അമ്പതോ ഇരട്ടി വില കുറച്ചും. അപ്പോൾ ഇതാണ് നമ്മെ വലയം ചെയ്യിട്ടുള്ള പൊതു സാഹചര്യമെന്ന് ഓർക്കണം. ത്യാഗോജ്ജ്വലമായ സമരങ്ങളിലൂടെ നിലനിർത്തിയ ഈ പൊതുമേഖലാ സ്ഥാപനങ്ങളെ രാജ്യത്തിന്റെ സ്വത്തായി തന്നെ നിലനിർത്തണമെങ്കിൽ നമുക്ക് പുതിയ സമരപാതകൾ തന്നെ തേടേണ്ടിവരും.

**ഇതെല്ലാം ചർച്ച ചെയ്യുമ്പോൾ ചില ചോദ്യങ്ങൾ നിങ്ങളുടെ മനസ്സിലും ഉയരുന്നില്ലേ?**

എന്തുകൊണ്ട് ഒറ്റക്കെട്ടായി തൊഴിലാളി വർഗ്ഗത്തിനും കൃഷിക്കാരും ജീവനക്കാരുൾപ്പെടെ വലിയൊരു ജനസഞ്ചയത്തിനും ഇതിനെ എതിർക്കാൻ കഴിയുന്നില്ല? നരേന്ദ്രമോദിയുടെ വ്യക്തിത്വത്തിൽ മതിമയങ്ങിയാണോ ജനങ്ങൾ ഒരു പ്രക്ഷോഭത്തിനുമിറങ്ങാത്തത്. ഏതു ഘടകമാണ് നരേന്ദ്രമോദിയുടെ വ്യക്തിത്വ മികവായി ഉയർത്തിക്കാണിക്കപ്പെടുന്നത്. ഗുജറാത്ത് മുഖ്യമന്ത്രിയാകുന്നതിനുമുമ്പ് ഒരിക്കലും ആരുമറിയാത്ത ഈ വിദ്വാന് ത്യാഗോജ്ജ്വലമായ പ്രവർത്തനത്തിന്റെ ഒരു പാരമ്പര്യവും ആരും ഇതുവരെ പറഞ്ഞ് കേട്ടിട്ടില്ല. ഒരു സാധാരണക്കാരന്റെ ബുദ്ധിയല്ലാതെ മറ്റ് പ്രത്യേക നേതൃത്വപരമായ കഴിവുണ്ടെന്ന് ബി.ജെ.പിക്കാർ പോലും പറഞ്ഞിട്ടില്ല.

വർഗ്ഗീയ പാർട്ടിയായ ബിജെപി (മുൻപ് ജനസംഘം) കേന്ദ്രത്തിൽ അധികാരത്തിൽ വരുന്നതിനു വേണ്ടി വളരെ മുമ്പു തന്നെ കുറെ ഹ്രസ്വകാല -ദീർഘകാല പദ്ധതികൾക്ക് രൂപം കൊടുത്തിരുന്നു. 1989 ലാണ്. ബി.ജെ.പി ഒരു തീക്കാറ്റുപോലെ രാഷ്ട്രീയമുഖ്യധാരയിലേക്ക് എത്തിയത്. മതവികാരം ഉണർത്തുക മാത്രമല്ല, പുതിയൊരു രാഷ്ട്രീയ സദാചാരം പ്രചരിപ്പിച്ചും ഹൈന്ദവ വിശ്വാസികളുടെ പതിനായിരക്കണക്കിന് ക്ഷേത്രങ്ങൾ പുനരുദ്ധരിച്ചും, ഹനുമാനെപ്പോലുള്ള സവർണ്ണേതര ദൈവങ്ങളുടെ രൂപങ്ങൾ പൊതു സ്ഥലത്ത് പ്രദർശിപ്പിച്ചും, ടി.വി ചാനലുകളിലൂടെ ഹൈന്ദവ പുരാണങ്ങളെ അത്യാകർഷകമായി അവതരിപ്പിച്ചും അവർ രാഷ്ട്രീയ കുതിപ്പിന് കളമൊരുക്കി. ന്യൂനപക്ഷങ്ങളെ അവർ രാജ്യശത്രുക്കളായി പ്രചരിപ്പിച്ചു. വേണമെങ്കിൽ രണ്ടാംതരം പൗരന്മാരായി അവർ അവിടെ തുടർന്നോട്ടെ എന്ന ഔദാര്യമനസ്കതയും അവർ പ്രകടിപ്പിച്ചു. ജർമ്മനിയിലെ ഹിറ്റ്ലറുടെ നാസി പാർട്ടിയും ഇറ്റലിയിലെ മുസ്സോളനിയുടെ ഫാസിസ്റ്റ് പാർട്ടിയും ചെയ്യതിന്റെ ഒരു ഇന്ത്യൻ പകർപ്പാണ്

ബി.ജെ.പിയെന്നു മനസ്സിലാക്കാൻ കഴിയും. ഇവർക്കാകട്ടെ ആഗോള ഫൈനാൻസ് മൂലധനത്തിന്റെ പ്രത്യേക പിൻബലവുമുണ്ടായിരുന്നു. ഇതിന്റെ ഫലമായി ഹിന്ദു വർഗ്ഗീയതയോട് താത്പര്യമില്ലാത്തവരും പുതിയ സാമ്പത്തിക പരിഷ്ക്കാരങ്ങളുടെ വെളിച്ചത്തിൽ ബിജെപിയെ പിന്തുണയ്ക്കാൻ തുടങ്ങി.

കേവലം കോൺഗ്രസ്സ് ഭരണത്തോടുള്ള വെറുപ്പുകൊണ്ടു മാത്രം.ബിജെപി വിജയിക്കില്ല. അങ്ങനെയാണെങ്കിൽ ബിജെപിയും കോൺഗ്രസ്സും അതുപോലെ വ്യത്യസ്ത സംസ്ഥാനപാർട്ടികളും ഭരിക്കുന്ന സംസ്ഥാനങ്ങളിൽ യാതൊരു ഇളക്കവുമില്ലാതെ അവർ ഭരണം തുടരുന്നുണ്ടായിരുന്നുവെന്ന വസ്തുതയും കാണണ്ടേ?

### ദിമിത്രോ പറഞ്ഞിട്ടുണ്ട് അതിങ്ങനെയാണ്

**'ജനങ്ങൾക്ക് മേൽ ഫാസിസ്റ്റുകൾക്ക് നേടാൻ കഴിഞ്ഞിട്ടുള്ള സ്വാധീനത്തിന്റെ ഉറവിടമെന്ത്? ജനങ്ങളുടെ ഏറ്റവും അടിയന്തരമായ ആവശ്യങ്ങൾക്കും ഡിമാന്റുകൾക്കും വേണ്ടി അവർ നടത്തുന്ന വാചാടോപങ്ങളിലൂടെയാണ് അവർക്ക് ജനങ്ങളെ ആകർഷിക്കാൻ കഴിയുന്നത്. എന്തുകൊണ്ടാണ് സോഷ്യലിസത്തിന്റെ കൊടിയ ശത്രുക്കളും വൻകിട ബൂർഷ്വാസിയുടെ കയ്യാളുകളുമായ ജർമ്മൻ ഫാസിസ്റ്റുകൾ ജനങ്ങൾക്ക് മുന്നിൽ തങ്ങളെ തന്നെ 'സോഷ്യലിസ്റ്റുകൾ' എന്ന പേരിലവതരിപ്പിക്കുന്നത്? ജനങ്ങളുടെ അധികാരത്തിലേറലിനെ എന്തുകൊണ്ടാണവർ വിപ്ലവം എന്നു വിളിയ്ക്കുന്നത്? കാരണം ജനങ്ങൾക്ക് വിപ്ലവത്തിലുള്ള വിശ്വാസത്തെയും, അവർക്ക് സോഷ്യലിസത്തോടുള്ള ആഭിമുഖ്യത്തെയും മുതലെടുക്കാൻ ഫാസിസ്റ്റുകൾ ആഗ്രഹിക്കുന്നു. ഇവയെല്ലാം ജർമ്മനിയിലെ തൊഴിലെടുക്കുന്നവരായ വിശാല ജനവിഭാഗങ്ങളുടെ ഹൃദയങ്ങളിൽ ജീവിക്കുന്നുണ്ടെന്ന് അവർക്കറിയാമായിരുന്നു.'**

അതുകൊണ്ടുതന്നെ ജനാധിപത്യത്തിന്റെ മുഖാവരണമിട്ടുതന്നെ ഫാസിസത്തിന്റെ ആശയപ്രചാരണവും പ്രവർത്തനശൈലിയും ഫാസിസ്റ്റുകളായ ഭരണാധികാരികൾക്ക് നടപ്പിലാക്കാൻ കഴിയും. ഇവിടെയാണ് ബിജെപിയുൾപ്പെടെയുള്ള രാഷ്ട്രീയ കക്ഷികളുടെ രാഷ്ട്രീയം തിരിച്ചറിയേണ്ടത്. ബിജെപിയും ചിലപ്പോഴെല്ലാം രാഷ്ട്രീയത്തിന് സോഷ്യലിസമെന്ന വാക്ക് പോലും ഉപയോഗിക്കുന്നുണ്ടല്ലോ. അതുകൊണ്ട് ആരും തന്നെ അവർ സോഷ്യലിസ്റ്റുകളാണെന്ന് മനസ്സിലാക്കിയിട്ടില്ല പറഞ്ഞിട്ടുമില്ല. ഈ ജനാധിപത്യ രാജ്യത്തു ഭരിക്കുന്നവർക്കെതിരെ മിണ്ടിയാൽ രാജ്യദ്രോഹമാണ്. താഴെപറയുന്ന കണക്കുതന്നെ നോക്കു.

| 2010-2014 | |
|---|---|
| രാജ്യദ്രോഹക്കേസ് | 279 |
| വാർഷിക ശരാശരി | 62 |
| ആളുകൾ | 3,762 |
| **2014-2020** | |
| കേസ് | 519 |
| ശരാശരി | 7980 |
| ആളുകൾ | 7,136 |

(അവലംബം ദേശാഭിമാനി ജൂലൈ 17. 2021)

മോദി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രാജ്യദ്രോഹകുറ്റം ചുമത്തുന്നത് വ്യാപകമായി. പ്രായപൂർത്തിയാകാത്ത കുട്ടികൾക്കെതിരെ അടക്കം രാജ്യദ്രോഹക്കുറ്റങ്ങൾ ചുമത്തിയിട്ടുള്ള ഇന്നത്തെ പുതിയ അവസ്ഥ ജനാധിപത്യ സംവിധാനങ്ങളെ അട്ടിമറിയ്ക്കും. അതിൽ ഏറ്റവും വലിയ രക്തസാക്ഷികളാകേണ്ടിവരുന്നത് സമരം ചെയ്യുന്ന തൊഴിലാളികളും കർഷകരുമാണ്. അതുപോലെ തൊഴിലില്ലായ്മ രൂക്ഷമാകുന്നു. ഉന്നത വിദ്യാഭ്യാസയോഗ്യത നേടിയ യുവാക്കൾക്ക് പോലും തൊഴിലില്ല. സ്ഫോടനാത്മകമായ ഈ സാഹചര്യത്തിൽ കൃഷിക്കാരും തൊഴിലാളികളും തൊഴിൽ രഹിതരായ യുവജനങ്ങളും ചേർന്നുകൊണ്ടൊരു പോർ മുന്നണിയുണ്ടാകണം.(സ.ബി.റ്റി.ആറിന്റെ ഭാഷയാൽ പറഞ്ഞാൽ തൊഴിലുള്ള തൊഴിലാളികളെപ്പോലെത്തന്നെ തൊഴിലില്ലാത്ത തൊഴിലാളികളാണ് യുവജനങ്ങൾ) വലിയൊരു പ്രക്ഷോഭത്തിന്റെ തീക്കാറ്റ് ആഞ്ഞടിക്കണം. ആത്മഹത്യയോ സന്യാസമോ അല്ല നമ്മുടെ മുന്നിലുള്ള പാത

അത്തരമൊരുപാത വെട്ടിത്തുറക്കാൻ തൊഴിലാളി വർഗം തന്നെ നേതൃത്വം കൊടുക്കണം. അതിനു നമുക്ക് മുന്നിട്ടിറങ്ങാം. ●

# ഇന്ധന വില
## കോവിഡിനേക്കാൾ ഭയാനകം

**1990 മുതൽ ആരംഭിച്ച സാമ്പത്തിക ഉദാരവൽക്കരണ നയങ്ങളുടെ നടപ്പിലാക്കൽ ഏറ്റവും ബാധിച്ചത് ഓയിൽ മേഖലയേ ആണ്. സ്വകാര്യവൽക്കരണം, ഓഹരി വിൽപന, എണ്ണ വില നിശ്ചയിക്കുവാനുള്ള അധികാരം കമ്പോളത്തെ ഏൽപിക്കുക, നികുതി ഘടന ജിഎസ്ടി യിലേക്ക് മാറ്റിയപ്പോൾ സാധാരണക്കാരനെ ബാധിക്കുന്നതായിട്ട് പോലും (ആർഭാടമല്ലാത്തത്) ഓയിൽ നികുതികൾ ജിഎസ്ടി പരിധിയിലാക്കാതിരുന്നത്, ഇവയെല്ലാം ഇതിന്റെ സൂചനയാണ്. ഓയിൽ രംഗത്തെ സ്വകാര്യമൂലധനത്തിന്റെ തടവറയിലാണ് ബിജെപി നയിക്കുന്ന കേന്ദ്ര സർക്കാർ. ബിജെപിയുടെ നയരൂപീകരണ വേദിയായ ആർഎസ്എസും എണ്ണ മേഖലയിലെ സ്വകാര്യകുത്തകകളും തമ്മിലുള്ള ബന്ധത്തിന്റെ ദൃഢത അത്ര മാത്രം ശക്തമാണ്.**

അസഹനീയമായ ഭാരം ജനങ്ങളുടെ തലയിൽ കയറ്റി വെച്ച് അഭിനവ നീറോ ചക്രവർത്തിമാർ വീണ വായിക്കുകയാണ്. കഴിഞ്ഞ കുറെ ദിവസങ്ങളായി പ്രത്യേകിച്ച് മോട്ടോർ മേഖലയിലെ തൊഴിലാളികൾ മാസങ്ങളോളമായി കേരളത്തിന്റെ തെരുവുകളിൽ വ്യത്യസ്തമായ പ്രതിഷേധ സമരങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാരാകട്ടെ "ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണ" എന്ന മട്ടിലാണ്. കേന്ദ്രമന്ത്രിമാർ ധർമേന്ദ്ര പ്രധാനും, നിർമ്മലാ സീതാരാമനും വിലവർദ്ധനവിനെ ന്യായീകരിക്കുകയുമാണ്.

1990 മുതൽ ആരംഭിച്ച സാമ്പത്തിക ഉദാരവൽക്കരണ നയങ്ങളുടെ നടപ്പിലാക്കൽ ഏറ്റവും ആഴത്തിൽ ഇടപെട്ടിരിക്കുന്ന ഒരു പ്രധാന രംഗം ഓയിൽ മേഖലയാണ്. സ്വകാര്യവൽക്കരണം, ഓഹരി വിൽപന, എണ്ണ വില നിശ്ചയിക്കുവാനുള്ള അധികാരം കമ്പോളത്തെ ഏൽപിക്കുക,



കെ.എൻ.ഗോപിനാഥ്

നികുതി ഘടന ജിഎസ്ടി യിലേക്ക് മാറ്റിയപ്പോൾ സാധാരണക്കാരനെ ബാധിക്കുന്നതായിട്ട് പോലും (ആർഭാടമല്ലാത്തത്) ഓയിൽ നികുതികൾ ജിഎസ്ടി പരിധിയിലാക്കാതിരുന്നത്, ഇവയെല്ലാം ഇതിന്റെ സൂചനയാണ്. ഓയിൽ രംഗത്തെ സ്വകാര്യമൂലധനത്തിന്റെ തടവറയിലാണ് ബിജെപി നയിക്കുന്ന കേന്ദ്ര സർക്കാർ. ബിജെപിയുടെ നയരൂപീകരണ വേദിയായ ആർഎസ്എസും എണ്ണ മേഖലയിലെ സ്വകാര്യകുത്തകകളും തമ്മിലുള്ള ബന്ധത്തിന്റെ ദൃഢത അത്ര മാത്രം ശക്തമാണ്.

### വർഗ താൽപര്യത്തെ സംരക്ഷിക്കാനുള്ള പോരാട്ടമായി മാറണം

ഈ വസ്തുത തിരിച്ചറിഞ്ഞുകൊണ്ടുള്ള ശക്തമായ പ്രക്ഷോഭമായി ഇപ്പോഴത്തെ എല്ലാ പ്രതിഷേധങ്ങളും മാറേണ്ടതുണ്ട്. മൂലധന സഞ്ചയത്തിന്റെ പുതിയ രൂപങ്ങളെ തിരിച്ചറിഞ്ഞുകൊണ്ടും, വൻമൂലധനശക്തികളും, വർഗീയ ശക്തികളും തമ്മിൽ മൂലധനത്തിന്റെ അനിയന്ത്രിതമായ ഒഴുക്കിനായി നടത്തുന്ന നീക്കവും തിരിച്ചറിയാത്ത സമരങ്ങളെല്ലാം കേവലമായ പ്രതിഷേധങ്ങൾ മാത്രമായി ചരിത്രത്തിലിടം പിടിക്കുകയാണ്. അതുകൊണ്ട് തന്നെയാണ് വസ്തുതകൾ മനസിലാക്കാൻ പോലും തയ്യാറാകാതെ പെട്രോൾ വിലവർദ്ധനക്ക് പരിഹാരമായി കേരള സർക്കാരിനോട്




**കോവിഡ് രണ്ടാം തരംഗവും ശക്തമായതോടെ തൊഴിലും വരുമാനവും ഇല്ലാതായവരാണ് വലിയ വിഭാഗം ജനങ്ങൾ. അവർക്ക് നേരെയാണ് ദിവസേന വിലക്കയറ്റത്തിന്റെ പ്രഹരമെന്നത് ഭരണാധികാരികൾ ഓർക്കണം. മെയ് ജൂൺ മാസത്തിലായി 25 ദിവസവും, കഴിഞ്ഞ 6 മാസത്തിനിടയിൽ 58 തവണയും ഇന്ധനവില വർദ്ധിപ്പിച്ച് ജനങ്ങളെ കൊള്ളയടിക്കുന്ന എണ്ണക്കമ്പനികളെ സഹായിക്കുകയാണ് ബിജെപി സർക്കാർ. പാചകവാതകത്തിന്റെ വിലയിൽ കഴിഞ്ഞ മൂന്ന് മാസത്തിനിടയിലുണ്ടായ വർദ്ധനവ് 225 രൂപയാണ്. മെയ് മാസത്തിൽ മാത്രം വർദ്ധിപ്പിച്ചത് 100 രൂപയാണ്. വാണിജ്യ സിലിണ്ടറിന്റെ വിലയിൽ രണ്ട് മാസത്തിനിടെ കൂട്ടിയത് 287 രൂപയാണ്.**

നികുതി കുറയ്ക്കുവാൻ ചില കേന്ദ്രങ്ങൾ ബോധപൂർവം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്.

പ്രശ്നം കേന്ദ്ര ഭരണം കൈയ്യാളുന്ന ബിജെപി തന്നെ പരിഹരിക്കണം. ഒന്നും രണ്ടും യുപിഎ സർക്കാരിന്റെ കാലത്ത് ഓയിൽ മേഖലയിൽ വില നിശ്ചയിക്കാനുള്ള പൂർണ്ണ അധികാരം കേന്ദ്ര സർക്കാരിനായിരുന്നല്ലോ. അന്ന് പെട്രോളിന്റെ വില നിശ്ചയിക്കാനുള്ള അധികാരം (അഡ്മിനിസ്ട്രേറ്റീവ് പ്രൈസ് മെക്കാനിസം) യുപിഎ സർക്കാരാണ് കമ്പോളത്തിന് നൽകിയത്. പാചകവാതകത്തിന്റെ ഉണ്ടായിരുന്ന സബ്സിഡി പടിപടിയായി കുറച്ചു കൊണ്ടു വന്നതും രണ്ടാം യുപിഎ സർക്കാരായിരുന്നു. ഈ യാഥാർത്ഥ്യം ഇന്ന് ഇന്ധന വിലവർദ്ധനവിനെതിരെ സമരം ചെയ്യുന്ന കോൺഗ്രസ് പാർടിയും ജനങ്ങളോട് ഏറ്റുപറയേണ്ടി വരും. അതേ സമയം തങ്ങൾ അധികാരത്തിലെത്തിയാൽ 50 രൂപയ്ക്ക് പെട്രോൾ നൽകും എന്ന് വീമ്പിളക്കിയ ബിജെപി അധികാരത്തിൽ വന്നതിന് ശേഷമാണ് ഡീസലിന്റെ വില നിശ്ചയിക്കാനുള്ള അധികാരം കമ്പോളത്തിന് നൽകിയത്. തുടർന്ന് മണ്ണെണ്ണയുടെ സബ്സിഡിയും എടുത്ത് കളയുകയാണ്.

### എണ്ണക്കൊള്ള ജീവിതസ്തംഭനമുണ്ടാക്കും

കോവിഡ് രണ്ടാം തരംഗവും ശക്തമായതോടെ തൊഴിലും വരുമാനവും ഇല്ലാതായവരാണ് വലിയ വിഭാഗം ജനങ്ങൾ. അവർക്ക് നേരെയാണ് ദിവസേന വിലക്കയറ്റത്തിന്റെ പ്രഹരമെന്നത് ഭരണാധികാരികൾ ഓർക്കണം. മെയ് -ജൂൺ മാസത്തിലായി 25 ദിവസവും, കഴിഞ്ഞ 6 മാസത്തിനിടയിൽ 58 തവണയും ഇന്ധനവില വർദ്ധിപ്പിച്ച് ജനങ്ങളെ കൊള്ളയടിക്കുന്ന എണ്ണക്കമ്പനികളെ സഹായിക്കുകയാണ് ബിജെപി സർക്കാർ. പാചകവാതകത്തിന്റെ വിലയിൽ കഴിഞ്ഞ മൂന്ന് മാസത്തിനിടയിലുണ്ടായ വർദ്ധനവ് 225 രൂപയാണ്. മെയ് മാസത്തിൽ മാത്രം വർദ്ധിപ്പിച്ചത് 100 രൂപയാണ്. വാണിജ്യ സിലിണ്ടറിന്റെ വിലയിൽ രണ്ട് മാസത്തിനിടെ കൂട്ടിയത് 287 രൂപയാണ്.

ആവശ്യമേതായാലും ബാധിക്കുന്നത് സാധാരണ ജനങ്ങളെയാണ്. ഹോട്ടലിൽ ചായ കുടിക്കാൻ പോകുന്നതും ഊണു കഴിക്കാൻ പോകുന്നതും ഈ നാട്ടുകാർ തന്നെയാണ്. മറുമരുന്നായി കച്ചവടക്കാർ ഉൽപ്പന്നവില കൂട്ടുകയോ, അളവ് കുറയ്ക്കുകയോ ഒക്കെയാണ് ചെയ്യുന്നത്. പഴംപൊരിയുടെയും, പരിപ്പ് വടയുടെയും, ഉഴുന്നുവടയുടെയും വലുപ്പം ബട്ടൻസിനേക്കാൾ ചെറുതായി തുടങ്ങിയിട്ടുണ്ട്. ഇന്ധനവില വർദ്ധനവ് സ്വന്തം വാഹനമുള്ള വരെ മാത്രമല്ല ബാധിക്കുന്നത്. ഓട്ടോറിക്ഷ ഓടിക്കാൻ കഴിയാതെയാകും. യാത്രാനിരക്കുകളും, ചരക്കുകൂലിയും വർദ്ധിപ്പിക്കുവാൻ വേറെ ന്യായമൊന്നും വേണ്ടല്ലോ. കെഎസ്ആർടിസി എല്ലാവരുടെയും ആനവണ്ടിയല്ലേ. ഇന്ധനവില കെഎസ്ആർടിസിയെ കട്ടപ്പുറത്താക്കും. സ്വകാര്യ ബസുകൾ കോവിഡ് കാലം പിന്നിടുന്നതോടെ കാണാനില്ലാതായിട്ടുണ്ട്. ഫർണസ് ഓയിലിന്റെ

**ഇന്ധനവില കൊള്ള കൊറോണയേക്കാൾ ഭയാനകമായ അവസ്ഥയാണെന്ന് വിശേഷിപ്പിക്കപ്പെടുന്നു. പോസ്റ്റ് കോവിഡ് പ്രശ്നങ്ങളാണ് അതിതീവ്രമെന്ന നിലയിലാണ് ഇന്ധനവിലയ്ക്കപ്പുറമുള്ള കാണാപ്പുറ പ്രതിസന്ധികൾ. ഈ കൊള്ള അവസാനിപ്പിക്കാൻ കേന്ദ്രസർക്കാർ തയ്യാറാകുകയാണ് വേണ്ടത്.**




വിലയിലുണ്ടായ വർദ്ധനവ് ഉൽപാദനചെലവ് വർദ്ധിക്കുന്നതിലൂടെ വ്യവസായ പ്രവർത്തനവും അസാധ്യമാക്കുകയാണ്.

### കോൺഗ്രസ് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നു

സംസ്ഥാന നികുതി കുറയ്ക്കാൻ കേരള സർക്കാർ തയ്യാറാകണമെന്നാണ് അവരുടെ വാദം. ബിജെപി സർക്കാർ തുടരുന്നതും മൻമോഹൻ സിംഗിന്റെ കാലത്ത് കോൺഗ്രസ്സ് സർക്കാർ തുടങ്ങിവെച്ചതുമായ നികുതിഘടനയെ ക്കുറിച്ച് ഇവർ അജ്ഞത നടിക്കുകയാണ്. പെട്രോളിനും, ഡീസലിനും മേൽ കേന്ദ്രം ഈടാക്കുന്ന എക്സൈസ് നികുതി സംസ്ഥാനങ്ങളുമായി പങ്കുവെക്കേണ്ടതുമാണെന്നത് ശരിയാണ്. എന്നാൽ കേന്ദ്ര സർക്കാർ ചുമത്തുന്ന അടിസ്ഥാന എക്സൈസ് നികുതി പെട്രോളിന് 1.40 രൂപ മാത്രമാണ്, ഡീസലിന് 1.80 രൂപയുമാണ്. ഇങ്ങനെ പിരിക്കുന്ന തുകയുടെ നാമമാത്രമായ വിഹിതം (41 ശതമാനം) മാത്രമാണ് സംസ്ഥാനങ്ങൾക്ക് നൽകുന്നുള്ളൂ. സംസ്ഥാനം ഇത് വേണ്ടെന്ന് വെക്കണം എന്നാണോ. കേന്ദ്ര സർക്കാർ നിലവിൽ ചുമത്തുന്ന മൊത്തം നികുതി പെട്രോൾ ലിറ്ററിന് 32.90 രൂപയും, ഡീസലിന് 31.80 രൂപയുമാണ്. ഒരു ലിറ്റർ പെട്രോളിന്റെ കേരളത്തിലെ റിഫൈൻ കോസ്റ്റ (ഉൽപാദന ചിലവ്) 35 രൂപയും, ഡീസലിന്റേത് 36 രൂപയും മാത്രമാണ്. പാചകവാതക സിലിണ്ടറിന് 850 രൂപ നൽകേണ്ടി വരുമ്പോൾ സിലിണ്ടർ ഒന്നിന്റെ ഉൽപാദന ചിലവ് 500 രൂപയോളമാണ്. അതുകൊണ്ടാണ് ഇന്ധനവില കൊള്ള കൊറോണയേക്കാൾ ഭയാനകമാണെന്ന് വിശേഷിപ്പിച്ചത്. പോസ്റ്റ് കോവിഡ് പ്രശ്നങ്ങളാണ് അതിതീവ്രമെന്ന നിലയിലാണ് ഇന്ധനവിലയ്ക്കപ്പുറമുള്ള കാണാപ്പുറ പ്രതിസന്ധികൾ. ഈ കൊള്ള അവസാനിപ്പിക്കാൻ കേന്ദ്രസർക്കാർ തയ്യാറാകുകയാണ് വേണ്ടത്.

**Price Buildup of Petrol at Delhi effective 16/06/21**

| Elements | Unit | Delhi |
|---|---|---|
| Base Price | Rs/Ltr. | 37.29 |
| Freight etc | Rs/Ltr. | 0.36 |
| Price Charged to Dealers (excluding Excise Duty and VAT) | Rs/Ltr. | 37.65 |
| Add : Excise Duty | Rs/Ltr. | 32.90 |
| Add : Dealer Commission (Average) | Rs/Ltr. | 3.80 |
| Add : VAT (including VAT on Dealer Commission) | Rs/Ltr. | 22.31 |
| Retail Selling Price at Delhi (Rounded) | Rs/Ltr. | 96.66 |

ഇന്ത്യയിൽ കഴിഞ്ഞ അര പതിറ്റാണ്ടിനുള്ളിൽ പെട്രോൾ ഡീസൽ നികുതി മുന്നൂറ് (300) ശതമാനമാണ് വർദ്ധിച്ചത്. 2020-21 സാമ്പത്തിക വർഷം കഴിഞ്ഞ 10 മാസത്തെ, ഏപ്രിൽ മുതൽ ഡിസംബർ വരെ കേന്ദ്ര എക്സൈസ് നികുതി വരവ് ഇന്ധന വിലയിൽ മാത്രം 2.94 ലക്ഷം കോടി രൂപയായിരുന്നു. 2014 ൽ പെട്രോളിന്റെ കേന്ദ്ര നികുതി 9.48 രൂപയായിരുന്നത് 2021 ൽ 32.90 രൂപയായി വർദ്ധിച്ചു. ഡീസലിന്റെ കേന്ദ്ര നികുതി 2014 ൽ 3.56 പൈസയായിരുന്നത് 2021 ൽ 31.80 രൂപയായി വർദ്ധിപ്പിച്ചു എന്നതാണ് ശരി. പെട്രോളിന്റെ വിൽപനവിലയുടെ 68.84 ശതമാനവും ഡീസൽ വിലയുടെ 56.55 ശതമാനവും കേന്ദ്ര നികുതിയാണ്. ഈ നികുതി കുറയ്ക്കാൻ എന്തുകൊണ്ടാണ് കേന്ദ്രം തയ്യാറാകാത്തത് ?

സംസ്ഥാന സർക്കാരുകൾക്ക് ഈടാക്കാവുന്നത് വിൽപന നികുതി മാത്രമാണ്. ജിഎസ്ടി ബാധകമാക്കിയാൽ ഇത് നിലയ്ക്കും. കേരളം 2021 ൽ പെട്രോളിന് നിലവിൽ ലിറ്ററിന് 30.08 ശതമാനവും ഡീസലിന് 22.76 ശതമാനവും ഈടാക്കുന്നുണ്ട്. 2018 ൽ ഇത് പെട്രോളിന് 31.08 രൂപയും ഡീസലിന് 24.52 രൂപയുമായിരുന്നു. വർദ്ധനവ് ഉണ്ടായില്ല എന്ന് കാണാം.

എന്നാൽ എക്സൈസ് ഡ്യൂട്ടിയിൽ പെട്രോളിന് 2014 ന് ശേഷം കേന്ദ്രം വർദ്ധിപ്പിച്ചത് 248 ശതമാനവും, ഡീസൽ ഡ്യൂട്ടിയിൽ 794 ശതമാനവുമാണ്. പെട്രോളിന്റെയും ഡീസലിന്റെയും അടിസ്ഥാന വിലയേക്കാൾ കൂടുതൽ തുക നികുതിയായി ഈടാക്കുന്നത് മനുഷ്യാവകാശ ലംഘനം കൂടിയാണ്.

## ബഹുരാഷ്ട്ര കുത്തകകൾക്കായി ബിജെപിയുടെ ദാസ്യവേല

ഉദാരവൽക്കരണ നയങ്ങളുടെ ഭാഗമായി ഇന്ത്യയിലേക്ക് പ്രവേശനം നൽകപ്പെട്ട ട്രാൻസ് നാഷണൽ കമ്പനികൾക്ക് വേണ്ടിയാണ് ബിജെപി സർക്കാരിന്റെ ഇന്ധനവില നയവും, ഓഹരി വിൽപനയും.

പണ്ട് വില ഉയർത്താനും താഴ്ത്താനും എണ്ണക്കമ്പനികൾക്ക് അവകാശമുണ്ടായിരുന്നില്ല. അടിസ്ഥാന അസംസ്കൃത വസ്തുവായ എണ്ണയുൽപ്പന്നങ്ങളുടെ വില സുസ്ഥിരമായി നിലനിർത്തണമെന്നതായിരുന്നു ഇന്ത്യയുടെ നയം. ക്രൂഡോയിലിന്റെ വില ഉയർന്നാൽ അതു വഴിയുണ്ടാകുന്ന എണ്ണക്കമ്പനിയുടെ നഷ്ടം കേന്ദ്രസർക്കാർ ജനങ്ങളുടെ നികുതിപ്പണം ഉപയോഗിച്ച് നികത്തിക്കൊടുക്കുമായിരുന്നു. ഐ.കെ.ഗുജ്റാൾ സർക്കാരിന്റെ കാലം മുതൽ ജനങ്ങളുടെ നികുതിപ്പണം ഉപയോഗിക്കുന്നതിന് പകരം ഒരു " ഓയിൽപൂൾ അക്കൌണ്ട്" എന്നൊരു ഫണ്ടുണ്ടാക്കാൻ തീരുമാനിച്ചു. എണ്ണക്കമ്പനികളുടെയും എണ്ണ ഘനന കമ്പനികളുടെയും ലാഭത്തിൽ നിന്നൊരു ഭാഗവും, കേന്ദ സർക്കാർ വർഷം തോറും നൽകുന്ന സബ്സിഡിയുമായിരുന്നു ഈ ഫണ്ടിന്റെ വരുമാനം.

റിലയൻസിന്റെ എണ്ണ ഉൽപാദനവിതരണ രംഗത്തേക്കുള്ള വരവോടെ അവർക്ക് കൂടി പ്രയോജനം ചെയ്യാനായി ഓയിൽപൂൾ അക്കൗണ്ട് അവസാനിപ്പിച്ച് എണ്ണവില നിയന്ത്രണങ്ങളിൽ നിന്നും സ്വതന്ത്രമാക്കി. ക്രൂഡോയിലിന്റെ വില കുടിയാൽ എണ്ണക്കമ്പനികൾക്ക് ചില്ലറ വില കൂട്ടാമെന്നായി. മറിച്ചാണെങ്കിൽ വില കുറയുകയും വേണം. ഇന്ത്യയിൽ ഇത് സംഭവിക്കാൻ കേന്ദ്ര ബിജെപി സർക്കാർ അനുവദിക്കുന്നില്ല.

### വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും

നിലവിൽ ഇന്ധന നികുതിയുടെ 60 ശതമാനവും കേന്ദ്രമാണ് പിരിക്കുന്നത്. ഈ കൊള്ള തൽക്കാലം വേണ്ടെന്ന് വെയ്ക്കാൻ കേന്ദ്ര സർക്കാരിന് കഴിയുമെന്ന് ഇലക്ഷൻ കാലത്ത് തെളിഞ്ഞല്ലോ. കമ്പോളത്തിന് വില നിശ്ചയിക്കാൻ വിട്ടുകൊടുത്തിട്ടും ഇതെങ്ങിനെ സാധിച്ചു. അതിനുള്ള അധികാരം നിലവിലെ സാഹചര്യത്തിലും കേന്ദ്ര സർക്കാരിനുണ്ടെന്ന് സാരം. ഇലക്ഷൻ കഴിഞ്ഞതോടെ വില വർദ്ധിക്കാനും നികുതി കൊള്ളക്കും കേന്ദ്രം പച്ചക്കൊടി കാണിച്ചിരിക്കുകയാണ്.

വിലക്കയറ്റത്തിനുള്ള പ്രതിവിധി സർക്കാർ ചെലവ് കുറയ്ക്കുകയെന്നതാണ്. കോവിഡ് കാലത്തെ മാന്ദ്യവും വിലക്കയറ്റവും കൂടി വന്നാൽ സർക്കാർ പ്രവർത്തനങ്ങൾക്കൊപ്പം സാമൂഹ്യ ജീവിതവും സ്തംഭനാവസ്ഥയിലാകും.

**ഉദാരവൽക്കരണ നയങ്ങളുടെ ഭാഗമായി ഇന്ത്യയിലേക്ക് പ്രവേശനം നൽകപ്പെട്ട ട്രാൻസ് നാഷണൽ കമ്പനികൾക്ക് വേണ്ടിയാണ് ബിജെപി സർക്കാരിന്റെ ഇന്ധനവില നയവും, ഓഹരി വിൽപനയും. വിലക്കയറ്റത്തിനുള്ള പ്രതിവിധി സർക്കാർ ചെലവ് കുറയ്ക്കുകയെന്നതാണ്. കോവിഡ് കാലത്തെ മാന്ദ്യവും വിലക്കയറ്റവും കൂടി വന്നാൽ സർക്കാർ പ്രവർത്തനങ്ങൾക്കൊപ്പം സാമൂഹ്യ ജീവിതവും സ്തംഭനാവസ്ഥയിലാകും.**

കുത്തകകൾക്ക് ഒന്നരലക്ഷം കോടി രൂപയോളം നികുതിയിളവും, കോടികളുടെ കടം എഴുതിത്തള്ളലും ചെയ്യവരാണ് ഇപ്പോൾ സർക്കാർ വരുമാനം കുറയുമെന്ന് പറഞ്ഞ് രാജ്യത്തെ ജനങ്ങളെ വിലക്കയറ്റത്തിന്റെയും മാന്ദ്യത്തിന്റെയും ഊരാക്കുടുക്കിലേയ്ക്ക് തള്ളിവിട്ടിരിക്കുന്നത്.

എണ്ണവിപണന കമ്പനികളുടെ ബാലൻസ് ഷീറ്റുകൾ വെളിപ്പെടുത്തുന്നത് അവയെല്ലാം വൻ ലാഭത്തിലാണ് എന്നാണ്. വൻ ലാഭം ഉണ്ടാക്കുകയും ലാഭം സർക്കാരിലേയ്ക്ക് അടയ്ക്കുകയും ചെയ്യുന്നുണ്ട്. ഇന്ത്യൻ ഓയിൽ കോർപറേഷൻ 2020-21 ൽ 21762 കോടി രൂപ ലാഭമുണ്ടാക്കി റെക്കോർഡ് ഇട്ടിരിക്കുന്നു. ഭാരത് പെട്രോളിയത്തിന്റെ 2020-21 ലെ ലാഭം 19042 കോടി രൂപയാണ്. ഹിന്ദുസ്ഥാൻ പെട്രോളിയം 14247 കോടി രൂപ ലാഭം 2020-21 ലുണ്ടാക്കിയിട്ടുണ്ട്. അപ്പോൾ പ്രശ്നം പൊതുമേഖലാ എണ്ണക്കമ്പനികളുടെ ലാഭം എന്നതല്ല, റിലയൻസ് അടക്കമുള്ള സ്വകാര്യ എണ്ണക്കമ്പനികളുടെ ലാഭം കുന്നുകൂട്ടുക എന്നതുകൂടിയാണ്. മേൽപറഞ്ഞ ബിപിസിഎൽ വൈകാതെ സ്വകാര്യവൽക്കരിക്കുകയാണല്ലോ ബിജെപി സർക്കാരിന്റെ ലക്ഷ്യം. ഒഎൻജിസി ഉൾപ്പെടെ എണ്ണ മേഖലയിൽ 100 ശതമാനം വിദേശ നിക്ഷേപം അനുവദിക്കാൻ കേന്ദ്രം തീരുമാനിച്ചു കഴിഞ്ഞു. ഇതുകൂടി പരിഗണിക്കുമ്പോഴാണ് ഇന്ധന വില വർദ്ധന എന്ന തീവെട്ടിക്കൊള്ളയുടെ വ്യാപ്തി വ്യക്തമാകൂ.

എണ്ണവില കത്തിപ്പിടിച്ചാൽ, ആ പ്രതിഷേധാഗ്നി ആളിക്കത്തിയാൽ രാജ്യമാകെ നിശ്ചലമാകും. ജനാധിപത്യരാജ്യത്ത് ജനകീയ പ്രതിഷേധങ്ങളെ അവഗണിച്ചവരുടെ വഴി മാത്രമാകും ബിജെപിക്ക് മുന്നിലുള്ളത്. ഇന്ധന വിലവർദ്ധന വിരുദ്ധ പ്രക്ഷോഭം, നിലവിലെ കർഷക പ്രക്ഷോഭത്തോടൊപ്പം വലിയ രാഷ്ട്രീയ ശക്തിയായി വളരും. അതിന്മേൽ ബിജെപി ഭരണത്തിന് തുടർന്ന് പോകാൻ കഴിയാതെ വരും.●




# രാജ്യമെങ്ങും കർഷകരോഷം

മോഡി സർക്കാരിന്റെ അപ്രഖ്യാപിത അടിയന്തിരാവസ്ഥയ്ക്കും കോർപ്പറേറ്റ് അനുകൂല കാർഷിക നിയമനങ്ങൾക്കുമെതിരെ രാജ്യമെങ്ങും കർഷകരോഷം രൂക്ഷമാകുന്നു. പാർലമെന്റ് സമ്മേളനം തുടങ്ങുന്നതോടെ, സമരം പാർലമെന്റിന് മുന്നിലേക്കും വ്യാപിപ്പിക്കും. ഡൽഹി അതിർത്തി കേന്ദ്രീകരിച്ചുള്ള കർഷക സമരം ഏഴുമാസം പിന്നിടുന്നതിന്റെ ഭാഗമായാണ് അടിയന്തരാവസ്ഥയുടെ വാർഷിക ദിനത്തിൽ 'കൃഷിയെ രക്ഷിക്കു, ജനാധിപത്യത്തെ രക്ഷിക്കു' എന്ന മുദ്രാവാക്യമുയർത്തി പ്രക്ഷോഭം സംഘടിപ്പിച്ചത്.

രാജ്യവ്യാപകമായി ആഹ്വാനം ചെയ്ത രാജ്ഭവൻ ധരണയിലും ജില്ലാ താലൂക്ക് തല പ്രതിഷേധ പരിപാടികളിലും ജനലക്ഷങ്ങൾ പങ്കാളികളായി. കോർപ്പറേറ്റ് അനുകൂല കാർഷിക നിയമങ്ങൾ പിൻവലിക്കാൻ കേന്ദ്രത്തോട് നിർദേശിക്കണമെന്ന് ആവശ്യപ്പെട്ട് രാഷ്ട്രപതിക്കുള്ള നിവേദനം കർഷകസംഘടനാ നേതാക്കൾ ഗവർണർമാർക്ക് കൈമാറി. വിദ്യാർത്ഥി-യുവജന - മഹിളാ സംഘടനകളും പിന്തുണയുമായി രംഗത്തു വന്നു.

കേന്ദ്ര പ്രദേശമായ ചണ്ഡിഗഢിലും ബിജെപി ഭരണ സംസ്ഥാനങ്ങളിലും തെലങ്കാന പോലെ ചുരുക്കം സംസ്ഥാനങ്ങളിലും കർഷകരെ പോലീസ് നേരിട്ടു. പല ബിജെപി ഭരണ സംസ്ഥാനങ്ങളിലും ഗവർണറുമായി കൂടിക്കാഴ്ചയ്ക്ക് അനുമതി നിഷേധിക്കപ്പെട്ടു. മോഡി സർക്കാരിന് കീഴിൽ നിലനിൽക്കുന്ന അപ്രഖ്യാപിത അടിയന്തരാവസ്ഥയുടെ പ്രതിഫലനമാണിത് സംയുക്ത കിസാൻ മോർച്ച പ്രതികരിച്ചു.

രാജ്യാതിർത്തിയിൽ 2020 നവംബർ 26നാണ് ദേശീയപാതകൾ ഉപരോധിച്ച്, ഗതാഗതം സ്തംഭിപ്പിച്ചുള്ള പ്രതിഷേധത്തിന് കർഷകർ തുടക്കമിട്ടത്. മരംകോച്ചുന്ന തണുപ്പിനെയും കടുത്ത ചൂടിനെയും വകവയ്ക്കാതെയായിരുന്നു വന്ദ്യവയോധികരും കൊച്ചുകുട്ടികളും ഗർഭിണികളും ഉൾപ്പെടെയുള്ള ജനസഞ്ചയം പ്രക്ഷോഭത്തിന്റെ ഭാഗമായി റോഡുകളിലും തെരുവുകളിലും ടെന്റുകളിലും കഴിയുന്നതും. രണ്ടാംഘട്ടമായി, തങ്ങളുടെ നിത്യജീവിതം താറുമാറാക്കിയ സമ്പന്നാനുകൂല നിലപാടുകൾക്കെതിരെ ഉത്തർ പ്രദേശ്, രാജസ്ഥാൻ, മധ്യപ്രദേശ്, ഹരിയാന, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്ന് കർഷകർ സമരകേന്ദ്രത്തിലേക്ക് ഒഴുകി. പലരും ട്രാക്ടറുകളിലാണ് എത്തിയത്. ഭക്ഷണം പാകംചെയ്യാനും വിശ്രമിക്കാനും ഉറങ്ങാനും കൊച്ചുകുട്ടികളെ ഊഞ്ഞാലാട്ടാനും അത് ഉപയോഗിക്കുന്നു. മോഡി ഭരണത്തിന്റെയും അതിന്റെ അനുബന്ധമായ ഡൽഹി പോലീസിന്റെയും പലവിധ അടിച്ചമർത്തൽ നീക്കങ്ങൾ പരാജയപ്പെടുത്തിയായിരുന്നു അത്. പോലീസ് പട്ടാള വാഹനങ്ങൾ ഓടിച്ചുകയറ്റിയും കണ്ണീർവാതക ഷെല്ലുകളും വെടിയുണ്ടകളും വർഷിച്ചും കർഷകരോഷത്തെ ചോരയിൽ മുക്കിക്കൊല്ലാനും ശ്രമമുണ്ടായി. ജെ.എൻയു വിദ്യാർത്ഥി പ്രതിഷേധ നാളുകളിലെ പോലെ ഗുരുതര വകുപ്പുകൾ ചുമത്തിയുള്ള കള്ളക്കേസുകൾ മറ്റൊരു തന്ത്രം കഴിഞ്ഞ റിപ്പബ്ലിക്ക് ദിനത്തിലെ പ്രതിഷേധത്തെ 'ദേശവിരുദ്ധ ശക്തികളുടെ പ്രവർത്തനം' എന്നാണ് അപഹസിക്കപ്പെട്ടത്. അതിന്റെ ചുവടുപിടിച്ച് ഹിനമായ അപവാദ പ്രചരണങ്ങളുടെ പെരുമഴയായിരുന്നു പിന്നീട്. ഗവൺമെന്റ് അനുകൂല മാധ്യമശൃംഖലകളുടെയും കോർപ്പറേറ്റ് നുണനാവുകളുടെയും കള്ളക്കഥകൾ അതിജീവിച്ചാണ് കർഷകസമരം പിടിച്ചുനിൽക്കുന്നതും മുന്നേറുന്നതും. സുപ്രധാന ട്രേഡ് യൂണിയനുകളും വിദ്യാർത്ഥി, യുവജന, സ്ത്രീ സംഘടനകളും ആക്ടിവിസ്റ്റുകളും കലാകാരന്മാരും ഐക്യദാർഢ്യവുമായി രംഗത്തുണ്ട്.

# “അഭിമാനത്തോടെ തുടരൂ നിങ്ങളുടെ സമരം”



## നോം ചോസ്കി



ഇന്ത്യയിലെ കർഷകസമരം ഇരുണ്ട നാളുകളിലെ പ്രതീക്ഷയുടെ പൊൻവെളിച്ചമാണെന്ന് തത്വചിന്തകൻ പ്രൊഫ.നോം ചോംസ്കി. നാസാ ശാസ്ത്രജ്ഞനും ചലച്ചിത്രകാരനുമായ ബേദബ്രത പെയിനുമായുള്ള അഭിമുഖത്തിലാണ് കർഷകസമരത്തെ ചോംസ്കി പ്രശംസിച്ചത്.

പ്രക്ഷോഭം എങ്ങനെ വേണമെന്നതിന് ലോകത്തിന് മാതൃകയാണ് ഇന്ത്യയിലെ കർഷകരുടെ പ്രക്ഷോഭം. അടിച്ചമർത്തൽ നീക്കങ്ങളെയും പലവിധ ആക്രമങ്ങളെയും മാധ്യമ ആക്രമണത്തെയും ചെറുത്ത് അവർ സമരം മുന്നോട്ടു കൊണ്ടുപോകുന്നത് ഉജ്വലമാണ്. കർഷകസമൂഹത്തിന്റെ അവകാശങ്ങൾക്ക് വേണ്ടി മാത്രമല്ല ഇന്ത്യക്കാർക്കാകെ വേണ്ടിയാണ് പ്രക്ഷോഭം.കോർപ്പറേറ്റുകൾ വന്നാൽ കാർഷിക മേഖലയിൽ മത്സരവും നിക്ഷേപവും സമൃദ്ധമാകുമെന്നാണ് സർക്കാർ വാദം. അവർ വസ്തുതകൾ പരിശോധിക്കണം. റാൻഡ് കോർപറേഷന്റെ വിശ്വസനീയമായ ഒരു പഠനമുണ്ട്. കഴിഞ്ഞ 40 വർഷ കാലയളവിൽ 90 ശതമാനം വരുന്ന മധ്യവർഗത്തിന്റെയും തൊഴിലാളി വർഗത്തിന്റെയും പക്കൽ നിന്ന് എത്രമാത്രം സമ്പത്ത് ഒരു ശതമാനം വരുന്ന അതിസമ്പന്നർ തട്ടിയെടുത്തുവെന്ന പഠനമാണത്. 47 ലക്ഷം കോടി യുഎസ് ഡോളർ (3488363500000000 കോടി രൂപ) എന്നാണ് അവരുടെ കണ്ടെത്തൽ. ഇത് ഒരു കുറഞ്ഞ അനുമാനം മാത്രമെന്നാണ് തന്റെ വിലയിരുത്തൽ.

ഐഎംഎഫും മറ്റും സമാനമായ കണക്ക് പുറത്തുവിട്ടിട്ടുണ്ട്. അതും 30-40 ലക്ഷം കോടി ഡോളറെന്നാണ്.

വിദേശ നിക്ഷേപമെന്നത് അത്ഭുതകരമായ ഒന്നാണ്. കോർപ്പറേറ്റുകൾക്ക് ഏകാധിപത്യഘടനയാണ്. നിങ്ങളുടെ വിഭവങ്ങളെയും രാജ്യകാര്യങ്ങളെയും കൈകാര്യം ചെയ്യാനും നിങ്ങളുടെ ഭാവി നിർണയിക്കാനും അത്തരം ഏകാധിപത്യ സംവിധാനങ്ങളെയാണ് വേണ്ടതെങ്കിൽ വിദേശ നിക്ഷേപത്തെ ഇരുകൈയ്യും നീട്ടി സ്വീകരിച്ചോളൂ.




## സഹകരണ മന്ത്രാലയം രൂപീകരണം

# ലക്ഷ്യം കേരളം

**മന്ത്രാലയം കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ നാശത്തിന് ഇടയാക്കുമെന്ന് സഹകാരികൾ ആശങ്ക പ്പെടുന്നു. ഭരണഘടനയുടെ ഏഴാം പട്ടികയിലെ സംസ്ഥാന പട്ടികയിൽ 32-ാമതായി വരുന്ന സഹകരണ സംഘങ്ങളുടെ രൂപീകരണവും നിയന്ത്രണവും സംസ്ഥാന അധികാരമാണ്. ഇതിനെ ദുർബലപ്പെടുത്തുന്ന നടപടിയാണ് മോഡി സർക്കാർ സ്വീകരിക്കുന്നത്. സംസ്ഥാനത്തെ രണ്ടര ലക്ഷം കോടി രൂപയുടെ സഹകരണ നിക്ഷേപമാണ് ഉന്നം. ഇത് കൈയടക്കുന്നതിന് കുത്തകകൾക്ക് അവസര മൊരുക്കാനാണ് ആഭ്യന്തര മന്ത്രി അമിത് ഷാ തന്നെ മന്ത്രാലയത്തിന്റെ ചുമതല ഏറ്റെടുത്തത്.**

സംസ്ഥാനത്തെ രണ്ടര ലക്ഷം കോടി രൂപയുടെ സഹകരണ നിക്ഷേപമാണ് ഉന്നം. ഇത് കൈയടക്കുന്നതിന് കുത്തകകൾക്ക് അവസരമൊരുക്കാനാണ് ആഭ്യന്തര മന്ത്രി അമിത് ഷാ തന്നെ മന്ത്രാലയത്തിന്റെ ചുമതല ഏറ്റെടുത്തത്. രാജ്യത്തെ സഹകരണ പ്രസ്ഥാനത്തിന്റെ ഭരണനിയമനിയന്ത്രണ കാര്യത്തിലെല്ലാം മന്ത്രാലയം ഇടപെടുമെന്നാണ് സൂചന. സഹകരണം സംസ്ഥാന വിഷയമാണ്. ജനാധിപത്യ തത്വത്തെ മറികടന്നാണ് സംസ്ഥാനങ്ങളുടെ അവകാശത്തിലേക്കും കടന്നുകയറുന്നത്.

### സഹകാരികൾ ആശങ്കയിൽ

മന്ത്രാലയ രൂപീകരണത്തിൽ കൂടിയാലോചനപോലും കേന്ദ്രം നടത്തിയിട്ടില്ല. പുതിയ മന്ത്രാലയം സഹകരണത്തിലൂടെ സമൃദ്ധി കാഴ്ചപ്പാട് മുന്നോട്ടു വയ്ക്കുന്നുവെന്നാണ് കേന്ദ്രവാദം. മന്ത്രാലയം കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ നാശത്തിന് ഇടയാക്കുമെന്ന് സഹകാരികൾ ആശങ്കപ്പെടുന്നു. വികസനവും നിർധനരുടെ ഉന്നമനവും ഉറപ്പാക്കാൻ സഹകരണ പ്രസ്ഥാനത്തിന് കഴിയുമെന്ന് കേരളം തെളിയിച്ചു. ഭരണഘടനയുടെ ഏഴാം പട്ടികയിലെ സംസ്ഥാന പട്ടികയിൽ 32-ാമ തായി വരുന്ന സഹകരണ സംഘങ്ങളുടെ രൂപീകരണവും നിയന്ത്രണവും സംസ്ഥാന അധികാരമാണ്. ഇതിനെ ദുർബലപ്പെടുത്തുന്ന നടപടിയാണ് മോഡി സർക്കാർ സ്വീകരിക്കുന്നത്.

### ലക്ഷ്യം വായ്പാ സംഘം

ഗുജറാത്തിലെ അമൂലും മഹാരാഷ്ട്രയിലെ പഞ്ചസാര ഫാക്ടറികളും, ഇഫ്കോയും, ഉത്തരപൂർവ ഇന്ത്യയിലെ വൻകിട വ്യവസായ സഹകരണ സംഘങ്ങളുമാണ് ഇന്ത്യൻ സഹകരണ മേഖലയുടെ ശക്തി. കേരളത്തിന്റെ വായ്പാ മേഖലയാണ് മറ്റൊരു മാതൃക.

76 മേഖലയിലായി 15,892 സംഘം കേരളത്തിലുണ്ട്. ഈ സമാന്തര സമ്പദ്ഘടനയുടെ അടിത്തറയിലാണ് കേരളത്തിന്റെ മതനിരപേക്ഷ സമൂഹം നിലനിൽക്കുന്നത്. ഇതിനെ തകർക്കുക ബിജെപിയുടെ രാഷ്ട്രീയ ലക്ഷ്യമാണ്. ഇതിനൊപ്പമാണ് കുത്തകകളുടെ സമ്മർദ്ദവും. പൊതുമേഖലാ ബാങ്കുകളുടെ കൊള്ളയ്ക്കു ശേഷമാണ് സഹകരണ നിക്ഷേപങ്ങളിലേക്ക് കുത്തകകളുടെ കണ്ണെത്തുന്നത്. ഇതോടെ

**76 മേഖലയിലായി 15,892 സംഘം കേരളത്തിലുണ്ട്. ഈ സമാന്തര സമ്പദ്ഘടനയുടെ അടിത്തറയിലാണ് കേരളത്തിന്റെ മതനിരപേക്ഷ സമൂഹം നിലനിൽക്കുന്നത്. ഇതിനെ തകർക്കുക ബിജെപിയുടെ രാഷ്ട്രീയ ലക്ഷ്യമാണ്. ഇതിനൊപ്പമാണ് കുത്തകകളുടെ സമ്മർദ്ദവും.**

വായ്പാ മേഖലയിൽ പിടിമുറുക്കാൻ മോഡി സർക്കാർ ശ്രമം തുടങ്ങി. ഇതിന്റെ തുടർച്ചയാണ് മന്ത്രാലയം.

### അമിത് ഷായ്ക്ക് ചുമതല യാദൃച്ഛികമല്ല: ഐസക്ക്

ആഭ്യന്തമന്ത്രിയായി അമിത് ഷയ്ക്ക് കേന്ദ്ര സഹകരണ മന്ത്രി പദം നൽകിയത് യാദൃച്ഛികമല്ലെന്ന് സിപിഐ എം കേന്ദ്ര കമ്മിറ്റി അംഗം ടിഎം തോമസ് ഐസക് പറഞ്ഞു. ഗുജറാത്തിലെ സഹകരണ ബാങ്കുകൾ കോൺഗ്രസ്സിൽ നിന്ന് ബി.ജെ.പി പിടിച്ചെടുത്തത് അമിത് ഷായുടെ നേതൃത്വത്തിലായിരുന്നു. ധവള വിപ്ലവത്തിന്റെ പിതാവ് വർഗീസ് കുര്യനെ പാൽ സഹകരണമേഖലയിൽ നിന്ന് പുകച്ച് പുറത്തു ചാടിച്ചതും ബിജെപിയാണ്.

അർബൻ ബാങ്കുകളിൽ സംസ്ഥാന സഹകരണ രജിസ്ട്രാർക്ക് ഉണ്ടായിരുന്ന അവകാശങ്ങൾ റിസർവ് ബാങ്കിന് കൈമാറി കേന്ദ്ര നിയമം പാസാക്കിയിട്ടുണ്ട്. അത് പ്രാഥമിക സഹകരണ ബാങ്കുകൾക്ക് ബാധകമാക്കുന്നതിന് പ്രത്യേക വിജ്ഞാപനം മതിയാകും. വൈദ്യനാഥൻ കമ്മിറ്റി നിർദേശിച്ചതും കേരളം തിരസ്കരിച്ചതുമായ കാര്യങ്ങൾ ഇതുവഴി അടിച്ചേൽപ്പിക്കാനുമാകും.

ഇതോടെ ബാങ്ക് എന്ന വിശേഷണ ഉപയോഗം തടയപ്പെടും. വോട്ടവകാശമുള്ള എ വിഭാഗം അംഗങ്ങളിൽ നിന്നു മാത്രമേ നിക്ഷേപം സ്വീകരിക്കാനാകൂ. അല്ലാതെയുള്ള നിക്ഷേപം തിരിച്ചുകൊടുക്കേണ്ടിവരും. ചെക്ക് പാടില്ല.

പണം പിൻവലിക്കൽ സ്ലിപ്പേ ഉപയോഗിക്കാനാകൂ. കേരള ബാങ്കിൽ മിറർ അക്കൗണ്ട് സൃഷ്ടിച്ച് പ്രാഥമിക സഹകരണ ബാങ്കിങ് സേവനങ്ങൾ മെച്ചപ്പെടുത്താനുള്ള ലക്ഷ്യം ഉപേക്ഷിക്കേണ്ടിവരും. ഈയൊരു സന്ദർഭത്തിലാണ് അമിത് ഷാ കേന്ദ്ര സഹകരണ മന്ത്രിയായി സ്ഥാനമേറ്റിരിക്കുന്നതെന്ന് തോമസ് ഐസക് ഫെയ്സ് ബുക്കിൽ കുറിച്ചു.



# സ്ത്രീധന വിപത്തിനെതിരെ പോരാടുക



സി.എസ്. സുജാത

സമൂഹത്തിൽ സ്ത്രീകൾക്കുള്ള സ്ഥാനമാണ് സാമൂഹിക വികസനത്തിന്റെ അളവുകോൽ എന്ന് പറഞ്ഞത് മാർക്സാണ്. സ്ത്രീപ്രശ്നം സാമൂഹിക പ്രശ്നമാണ് എന്ന മാർക്സിയൻ കാഴ്ചപ്പാടിൽ നിന്നു കൊണ്ട് പുരോഗമന പ്രസ്ഥാനവും മഹിളായുവജന വിദ്യാർത്ഥി സംഘടനകളും ശക്തമായ കാമ്പയിൻ കേരളത്തിൽ ആരംഭിച്ചിരിക്കുന്നു. ജൂലൈ ഒന്ന് മുതൽ ഏഴ് വരെ നടന്ന സ്ത്രീപക്ഷ കേരളം എന്ന കാമ്പയിനും കൂട്ടായ്മയുമൊക്കെ സമൂഹത്തിന്റെ പിന്തിരിപ്പൻ മനോഭാവത്തെ മാറ്റിയെടുക്കാനുള്ള ശ്രമങ്ങളായിരുന്നു.

നമ്മുടെയാകെ മനസാക്ഷിയെ ഞെട്ടിപ്പിച്ച സംഭവങ്ങളാണ് വിസ്മയയുടെയും അർച്ചനയുടെയും സുചിത്രയുടെയും ദാരുണ അന്ത്യം. സ്ത്രീധനത്തിന്റെയും ഗാർഹിക പീഡനത്തിന്റെയും ഇരകളാണിവർ. ഇത്തരം സംഭവങ്ങൾ സമൂഹത്തിൽ വീണ്ടും ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകൾ എടുക്കുന്നതിനാണ് എല്ലാവരും ശ്രമിക്കേണ്ടത്. സമൂഹത്തിൽ സ്ത്രീകൾക്കുള്ള സ്ഥാനമാണ് സാമൂഹിക വികസനത്തിന്റെ അളവുകോൽ എന്ന് പറഞ്ഞത് മാർക്സാണ്. സ്ത്രീപ്രശ്നം സാമൂഹിക പ്രശ്നമാണ് എന്ന മാർക്സിയൻ കാഴ്ചപ്പാടിൽ നിന്നു കൊണ്ട് പുരോഗമന പ്രസ്ഥാനവും മഹിളായുവജന വിദ്യാർത്ഥി സംഘടനകളും ശക്തമായ കാമ്പയിൻ കേരളത്തിൽ ആരംഭിച്ചിരിക്കുന്നു. ജൂലൈ ഒന്ന് മുതൽ ഏഴ് വരെ നടന്ന സ്ത്രീപക്ഷ കേരളം എന്ന കാമ്പയിനും കൂട്ടായ്മയുമൊക്കെ സമൂഹത്തിന്റെ പിന്തിരിപ്പൻ മനോഭാവത്തെ മാറ്റിയെടുക്കാനുള്ള ശ്രമങ്ങളായിരുന്നു. പണിസ്ഥലങ്ങളിലും സ്ത്രീധനവിരുദ്ധ പ്രചരണം നടക്കേണ്ടതുണ്ട്.

ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണ് കേരളത്തിന്റെ സ്ഥിതി. 19ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ആരംഭിച്ച നവോത്ഥാന പോരാട്ടങ്ങളും സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങളും 57 ലെ സ: ഇ.എം.എസിന്റെ നേതൃത്വത്തിലുള്ള സർക്കാരും കേരളത്തെ വലിയ തോതിൽ മാറ്റിയിട്ടുണ്ട്. സ്ത്രീകളുടെ സാമൂഹ്യ പുരോഗതിയിലും സ്ത്രീ ശാക്തീകരണത്തിലും സ്ത്രീ സുരക്ഷയിലും കേരളത്തെ രാജ്യത്തിന് മുന്നിൽ എത്തിക്കാൻ സഹായിച്ചു.

ഏതു സൂചകങ്ങൾ എടുത്തു നോക്കിയാലും കേരളം മുന്നിലാണ്. സുസ്ഥിര വികസനത്തിൽ ഈ പ്രാവശ്യവും അവാർഡ് കേരളത്തിനാണ്. സ്ത്രീ സാക്ഷരതയിൽ ഒന്നാം സ്ഥാനം കേരളത്തിനാണ്. സർവകലാശാലാ വിദ്യാഭ്യാസം ഏറ്റവും കൂടുതൽ നേടിയിട്ടുള്ള പെൺകുട്ടികൾ കേരളത്തിലും. ആയുർദൈർഘ്യത്തിൽ ഒന്നാം സ്ഥാനം കേരളത്തിനാണ്. സ്ത്രീ പുരുഷ അനുപാദത്തിലും നമ്മൾ മുന്നിലാണ്. 1000/1084 സ്ത്രീകൾ. മറ്റു പല സംസ്ഥാനങ്ങളിലും വലിയ ഇടിവാണ് ഈ രംഗത്ത് കാണുന്നത്. ഹരിയാനയിൽ 1000/877; പഞ്ചാബ് 1000/893 എന്നിങ്ങനെയാണ്. മാതൃമരണ നിരക്കും ശിശുമരണ നിരക്കും കേരളത്തിൽ വളരെ കുറവാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തെരഞ്ഞെടുത്തു വന്നിട്ടുള്ള വനിതാ ജനപ്രതിനിധികൾ 50% ൽ അധികം സ്ത്രീകളാണ്. ജൻഡർ ബജറ്റ് ഇന്ത്യയിൽ ആദ്യമായി കേരളത്തിലാണ് അവതരിപ്പിച്ചത്. ഈ പ്രാവശ്യത്തെ ബജറ്റിൽ 19.64% തുക സ്ത്രീകൾക്ക് നീക്കിവച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബജറ്റിൽ 10% സ്ത്രീകൾക്ക്. ഇന്ത്യാ ഗവൺമെന്റ് ബജറ്റിൽ 1% താഴെ തുക മാത്രമാണ് സ്ത്രീകൾക്കായി നീക്കി വെയ്ക്കുന്നത്.

കുടുംബശ്രീയെന്ന സ്ത്രീ പ്രസ്ഥാനത്തിൽ 47 ലക്ഷം സ്ത്രീകളാണ് കേരളത്തിൽ പ്രവർത്തിക്കുന്നത്. പ്രളയ പ്രവർത്തനത്തിലും കോവിഡ് മഹാമാരിയിലും അവരുടെ പ്രവർത്തനം മാതൃകാപരമായിരുന്നു. ഇന്ത്യയിൽ 200 മെട്രോ ട്രെയിൻ സർവീസുകൾ ഉള്ളതിൽ, കേരളത്തിൽ കൊച്ചി മെട്രോയിൽ മാത്രമാണ് സ്ത്രീകൾ ജോലി ചെയ്യുന്നത്. തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റവും കൂടുതൽ തൊഴിൽ ദിനങ്ങൾ കേരളത്തിലെ സ്ത്രീകൾക്ക് ലഭിക്കുന്നു. ടെക്സ്റ്റയിൽ ഷോപ്പുകളിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് ഇരിക്കാനുള്ള അവകാശം നൽകിയതു ഒന്നാം പിണറായി ഗവൺമെന്റാണ്. അൺ എയ്ഡഡ് സ്കൂളിലെ ടീച്ചർമാർക്ക് പ്രസവാനുകൂല്യം പ്രഖ്യാപിച്ചതും നമ്മുടെ ഗവൺമെന്റാണ്.

ഇതെല്ലാം പറയുമ്പോഴും തൊഴിൽ മേഖലയിൽ പലതരത്തിലുള്ള വിവേചനം നമ്മുടെ സംസ്ഥാനത്തുമുണ്ട്. തുല്യ ജോലിക്ക് തുല്യ വേതനം ഇല്ല. ആരോഗ്യത്തിന് ഹാനികരമായ തൊഴിലുകൾ ചെയ്യുന്ന മേഖലകളിൽ തൊഴിൽജന്യരോഗങ്ങൾ ബാധിക്കുന്നതും സ്ത്രീകളെയാണ്. നേട്ട

> **തൊഴിൽ മേഖലയിൽ പലതരത്തിലുള്ള വിവേചനം നമ്മുടെ സംസ്ഥാനത്തുമുണ്ട്. തുല്യ ജോലിക്ക് തുല്യ വേതനം ഇല്ല. തൊഴിൽജന്യരോഗങ്ങൾ ബാധിക്കുന്നതും സ്ത്രീകളെയാണ്. നേട്ടങ്ങളെക്കുറിച്ച് അഭിമാനത്തോടെ പറയുമ്പോഴും കേരളത്തിൽ സ്ത്രീകൾ കുടുംബത്തിനകത്തും തൊഴിലിടങ്ങളിലും വേട്ടയാടപ്പെടുന്നു. സ്ത്രീധന പീഡനങ്ങളും കൊലപാതകങ്ങളും, ഗാർഹിക പീഡനവും വർദ്ധിക്കുന്നു. സൈബർ കുറ്റകൃത്യങ്ങളും കൂടുന്നു. ലിംഗ പദവി തുല്യതയുള്ള സമൂഹം സൃഷ്ടിക്കുന്നതിൽ നാം ഇനിയും വിജയിച്ചിട്ടില്ല.**

ങ്ങളെക്കുറിച്ച് അഭിമാനത്തോടെ പറയുമ്പോഴും കേരളത്തിൽ സ്ത്രീകൾ കുടുംബത്തിനകത്തും തൊഴിലിടങ്ങളിലും വേട്ടയാടപ്പെടുന്നു. സ്ത്രീധന പീഡനങ്ങളും  കൊലപാതകങ്ങളും, ഗാർഹിക പീഡനവും വർദ്ധിക്കുന്നു. സൈബർ കുറ്റകൃത്യങ്ങളും കൂടുന്നു. ലിംഗ പദവി തുല്യതയുള്ള സമൂഹം സൃഷ്ടിക്കുന്നതിൽ നാം ഇനിയും വിജയിച്ചിട്ടില്ല. ആഗോളവൽക്കരണത്തിന്റെ എല്ലാം ജീർണ്ണതയും കേരളീയ സമൂഹത്തിലും അരിച്ചിറങ്ങുന്നുണ്ട്.

വിവാഹ കമ്പോളത്തിൽ വിലപേശുന്ന വില്പന ചരക്കായി സ്ത്രീ മാറുന്നു. മികച്ച വിദ്യാഭ്യാസം ലഭിച്ചിട്ടും സ്ത്രീധനത്തിന് ഒരു  കുറവുമില്ല. സ്ത്രീധന നിരോധന നിയമം നിലവിൽ വന്നിട്ട് (1961) ആറ് പതിറ്റാണ്ടായി. കഴിഞ്ഞ 13 വർഷത്തിനുള്ളിൽ 212 മരണങ്ങൾ. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 66 സ്ത്രീധന പീഡന മരണങ്ങൾ ഉണ്ടായി. രാജ്യത്ത് ഒരു വർഷം ശരാശരി 7,000 സ്ത്രീധനമരണങ്ങൾ ഉണ്ടാകുന്നു. നിയമങ്ങളുടെ അഭാവമല്ല കാരണം സ്ത്രീകൾക്ക് അനുകൂലമായ ഒട്ടേറെ നിയമങ്ങൾ നിലവിൽ ഉണ്ട്. ഓരോ നാലു മിനിട്ടിലും കുടുംബത്തിനകത്ത് ഭർത്താവിനാലോ ബന്ധുക്കളാലോ ഒരു സ്ത്രീ ആക്രമിക്കപ്പെടുന്നു. 2005 ലെ ഗാർഹിക പീഡന നിരോധന നിയമം കേരളത്തിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രൊട്ടക്ഷൻ ഓഫീസർ, സർവീസ് പ്രൊവൈഡർ എന്നിവരെ നിയമിച്ചു. തൊഴിലിടങ്ങളിലെ ലൈംഗിക ചൂഷണം തടയുന്നതിനുള്ള നിയമം 2012 ൽ നിലവിൽ വന്നു. പരാതി പരിഹാര കമ്മറ്റി എല്ലാ തൊഴിലിടങ്ങളിലും ഉണ്ടെങ്കിലും പലതും കടലാസിൽ മാത്രം.

നിർഭയ സംഭവത്തെ തുടർന്നു നിയോഗിച്ച വർമ്മ കമ്മീഷൻ ശുപാർശയെ തുടർന്നു നിയമ ത്തിൽ ഭേദഗതി വന്നു. നോക്കുകൊണ്ടോ വാക്കു കൊണ്ടോ പോലും സ്ത്രീയെ അപമാനിച്ചു കൂടാ എന്ന് എഴുതി വച്ചിട്ടുണ്ടെങ്കിലും ഇതിന്റെ പരിഗണന ഒന്നും സ്ത്രീകൾക്ക് ലഭിക്കുന്നില്ല. നിയമം പഴുതടച്ചു നടപ്പിലാക്കണം. അതോടൊപ്പം പുരുഷ കേന്ദ്രീകൃതമായ സാമൂഹ്യ വ്യവസ്ഥിതിയിൽ നിന്നും മാറാതെ ഇതിനെ മുറിച്ചു കടക്കാൻ കഴിയില്ല. നിലവിലുള്ള സാഹചര്യം മുൻനിർത്തി കേരള ഗവൺമെന്റ് ഫലപ്രദമായി ഇടപെടുന്നുണ്ട്. എല്ലാ ജില്ലകളിലും ഡൗറി പ്രൊഹിബിഷൻ ഓഫീസർമാരെ നിയോഗിച്ചു. പരാതി അറിയിക്കാൻ അപരാജിത പോർട്ടൽ നിലവിൽ വന്നു. ഭരണഘടനയിലെ സ്ത്രീപുരുഷ തുല്യത യാഥാർത്ഥ്യമാകണമെങ്കിൽ കുട്ടികളെ പഠിപ്പിച്ചു തുടങ്ങണം എന്ന മുഖ്യമന്ത്രിയുടെ നിർദ്ദേശം വളരെ ശരിയാണ്. പാഠ്യപദ്ധതിയിൽ മാറ്റം വരുത്തും. അംഗൻവാടികളിൽ ഉപയോഗിക്കുന്ന പുസ്തകങ്ങൾക്കും പഠന സാമഗ്രികൾക്കും ജന്റർ ഓഡിറ്റിംഗ് നടത്താൻ തുടങ്ങി. പ്രത്യേക കോടതി സ്ഥാപിച്ച് കേസുകൾ വേഗം തീർപ്പു കൽപ്പിക്കുമെന്നും അതിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുമെന്നും പറഞ്ഞു.

1996ൽ നിലവിൽ വന്ന ജാഗ്രതാ സമിതികൾ കടലാസിൽ മാത്രമാണ്. ഇതിനെ പുനരുജ്ജീവിപ്പിക്കും. നിയമം കൊണ്ടോ സർക്കാർ നടപടികൾ കൊണ്ടോ മാത്രം സ്ത്രീകളോടുള്ള മനോഭാവത്തിൽ സമൂഹം മാറില്ല. ഇപ്പോഴും കേരളത്തിലെ കുടുംബ വ്യവസ്ഥിതി പുരുഷാധിപത്യത്തിന്റേതാണ്.  നൂറ്റാണ്ടുകളായി വേരുറച്ചുപോയ പിന്തിരിപ്പൻ ആശയങ്ങൾ കടപുഴക്കി എറിയണമെങ്കിൽ ജാതിക്കെതിരായ പോരാട്ടങ്ങളും ആഗോളവൽക്കരണങ്ങൾക്കെതിരായ പോരാട്ടങ്ങളും എല്ലാം ശക്തിപ്പെടുത്തണം.  പുതിയ തലമുറ ശക്തമായ തീരുമാനം എടുക്കണം. രക്ഷകർത്താക്കൾ മാറണം. ഇതിനെല്ലാം അതിശക്തമായ ബോധവൽക്കരണ പ്രവർത്തനം അനിവാര്യമാണ്. തൊഴിലാളികൾ, സ്ത്രീകൾ, ചെറുപ്പക്കാർ, വിദ്യാർത്ഥികൾ ഒറ്റക്കെട്ടായി ഈ സാമൂഹ്യ വിപത്തിനെ നേരിടാൻ മുന്നോട്ടു വരണം.

**വിവാഹ കമ്പോളത്തിൽ വിലപേശുന്ന വില്പന ചരക്കായി സ്ത്രീ മാറുന്നു. കഴിഞ്ഞ 13 വർഷത്തിനുള്ളിൽ 212 മരണങ്ങൾ. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 66 സ്ത്രീധന പീഡന മരണങ്ങൾ ഉണ്ടായി. രാജ്യത്ത് ഒരു വർഷം 7,000 സ്ത്രീധനമരണങ്ങൾ ഉണ്ടായി. ഓരോ നാലു മിനിട്ടിലും കുടുംബത്തിനകത്ത് ഭർത്താവിനാലോ ബന്ധുക്കളാലോ ഒരു സ്ത്രീ ആക്രമിക്കപ്പെടുന്നു. 2005 ലെ ഗാർഹിക പീഡന നിരോധന നിയമം കേരളത്തിൽ ഫലപ്രദമായി നടപ്പിലാക്കി തുടങ്ങി തൊഴിലിടങ്ങളിലെ ലൈംഗിക ചൂഷണം തടയുന്നതിനുള്ള നിയമം 2012 ൽ നിലവിൽ വന്നു.**

# പൊതുമേഖലാ വകുപ്പ് ധനമന്ത്രാലയത്തിലേക്ക് വിറ്റഴിക്കാൻ സൂത്രപ്പണി

കേന്ദ്ര സർക്കാരിന്റെ ഘനവ്യവസായ മന്ത്രാലയത്തിന് കീഴിലായിരുന്ന പൊതുമേഖലാ വകുപ്പിനെ ധനമന്ത്രാലയത്തിന്റെ ഭാഗമാക്കി. 36 കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് ഈ വകുപ്പാണ്. പൊതുമേഖല വിറ്റഴിക്കൽ വേഗത്തിലാക്കാനാണ് നീക്കം.



പൊതുമേഖലാ ഓഹരി വിൽപ്പനയിലൂടെ 1.75 ലക്ഷം കോടി രൂപ സമാഹരിക്കാനാണ് ബജറ്റിൽ ലക്ഷ്യമിട്ടത്. കോവിഡ് സാഹചര്യത്തിൽ വിറ്റഴിക്കലിന് പ്രതീക്ഷിച്ച വേഗമില്ല. എയർ ഇന്ത്യ അടക്കമുള്ളവയുടെ ഓഹരിവിൽക്കൽ നിലച്ചു. ധനമന്ത്രാലയത്തിന് കീഴിലായാൽ ഈ തടസ്സം മാറുമെന്നാണ് പ്രതീക്ഷ. പൊതുമേഖലാ സ്ഥാപനങ്ങളുടെ ആസ്തിവിൽപ്പനയും ലക്ഷ്യമിടുന്നു. എൻഎച്ച്എഐ, റെയിൽവേ, എയർപോർട്ട് അതോറിറ്റി, ഗെയിൽ തുടങ്ങിയവയുടെ സ്വത്തുക്കളിലാണ് സർക്കാർ കണ്ണുവച്ചത്.

ധനവ്യയം, റവന്യൂ, സാമ്പത്തികകാര്യം, ധന സേവനങ്ങൾ, നിക്ഷേപം, പൊതുസ്വത്ത് കൈകാര്യം എന്നിവയുമായി ബന്ധപ്പെട്ട വകുപ്പുകളും ധനമന്ത്രാലയത്തിന് കീഴിലാണ്. പൊതുമേഖലാ വകുപ്പ് കൂടി ചേർത്തതോടെ വകുപ്പുകൾ ആറായി. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മേലുള്ള സാമ്പത്തിക നിയന്ത്രണം ശക്തിപ്പെടുത്തലും ലക്ഷ്യമിടുന്നു.

# റിലയൻസ് നൽകിയ കോർപറേറ്റ് നികുതി 3.1 % മാത്രം



2020-21 സാമ്പത്തിക വർഷത്തിൽ കോവിഡ് മഹാമാരിക്കിടയിലും റിലയൻസ് 35 ശതമാനമാണ് ലാഭ വർധനവ് നേടിയത്. നാമമാത്രമായ നികുതി അടച്ചതിനാലാണ് ഇത്ര വലിയ വർധനവ് റിലയൻസിനുണ്ടായത്. 2020-21ൽ റിലയൻസ് നേടിയ കോർപറേറ്റ് നികുതി അടയ്ക്കുന്നതിന് മുമ്പുള്ള ലാഭം 55,461 കോടി രൂപയാണ്. എന്നാൽ നികുതി അടച്ചതിന് ശേഷമുള്ള ലാഭമാകട്ടെ 53,739 രൂപയാണ്. അതായത് അടച്ച യഥാർഥ നികുതി 1722 കോടി രൂപ മാത്രമാണ്. യഥാർഥ നികുതി നിരക്ക് 3.1%. ലാഭം മാത്രം ലക്ഷ്യമിട്ടുകൊണ്ട് പ്രവർത്തിക്കുന്ന കോർപറേറ്റ് കമ്പനികൾക്ക് എല്ലാ വിധത്തിലുമുള്ള നികുതി ഇളവുകളാണ് കേന്ദ്രം നൽകുന്നത്. ഇങ്ങനെ വാരിക്കൂട്ടുന്ന ലാഭത്തിൽപ്പോലും നിയമപ്രകാരമുള്ള ആദായ നികുതി നൽകാതെ രക്ഷപ്പെടുന്നതിന് കോർപറേറ്റുകൾക്ക് ഭരണകൂടം ഒത്താശ ചെയ്യുകയാണ്. കോവിഡ് മഹാമാരിക്കാലത്ത് കഷ്ടപ്പെടുന്ന സാധാരണക്കാരുടെ മേൽ വിലക്കയറ്റവും പെട്രോൾ വിലവർധനയും വലിയ ആഘാതം സൃഷ്ടിക്കുന്ന സമയത്താണ് കോർപറേറ്റുകൾക്ക് വഴിവിട്ട ഇളവുകൾ നൽകുന്നത്.

# കാട്ടാക്കട ശശി



## കരുത്തനായ കമ്മ്യൂണിസ്റ്റും ആദരവ് നേടിയ ട്രേഡ് യൂണിയനിസ്റ്റും



ആനത്തലവട്ടം ആനന്ദൻ

അഞ്ച് പതിറ്റാണ്ടു കാലം അസംഘടിതരായ തൊഴിലാളികളെ സംഘടിപ്പിക്കുകയും അവർക്ക് വേണ്ടിയുള്ള എണ്ണമറ്റ സമരങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്ത ഉശിരനായ തൊഴിലാളി പ്രവർത്തകനായിരുന്നു കാട്ടാക്കട ശശി.

അറുപതുകളിൽ പണിയെടുത്ത തൊഴിലാളികളുടെ സ്ഥിതി ഇന്നത്തേക്കാൾ എത്രയോ പിന്നിലായിരുന്നു. തൊഴിലുടമകൾ യജമാനന്മാരെ പോലെ പെരുമാറിയിരുന്ന കാലം. കല്പിക്കുന്ന പണിമുഴുവൻ ചെയ്യിപ്പിച്ചിട്ടു കൊടുക്കുന്ന കൂലിയും വാങ്ങി കമാന്നു പ്രതികരിക്കാതെ മടങ്ങുന്ന ഒരു കാലം. പണിയെടുത്തിട്ടു പട്ടിണിക്കിടക്കുന്നകാലം.

സമൂഹം അംഗീകരിക്കാതെ ശപിക്കപ്പെട്ടവരായി കഴിഞ്ഞിരുന്ന, ഒരു വിഭാഗമാണ് അക്കാലത്ത് തെരുവിലും, കമ്പോളങ്ങളിലും പണിയെടുത്തിരുന്ന ചുമട്ടുത്തൊഴിലാളികൾ അവരെ തൊഴിലാളികൾ പോകട്ടെ മനുഷ്യരായിപ്പോലും അംഗീകരിക്കാൻ മുതലാളിമാർ മടികാണിച്ചിരുന്നു. ശശി ജനിച്ചു വളർന്ന നാട്ടിൽ ചുറ്റുപാടിലുമുള്ള ചായക്കടകളിലും മറ്റു സ്ഥാപനങ്ങളിലും കയറ്റിറക്ക് തൊഴിലിലേർപ്പെട്ടിരുന്ന തൊഴിലാളികളുടെ സ്ഥിതിയും ഇതിൽ നിന്നു വ്യത്യസ്തമായിരുന്നില്ല.

അറുപതുകളുടെ അവസാനം അവരെ സംഘടിപ്പിച്ചു വില പേശാനുള്ള കരുത്ത് പകർന്ന് നൽകിക്കൊണ്ടാണ് രാഷ്ട്രീയത്തിലേക്കുള്ള സഖാവിന്റെ കടന്നു വരവ്. ഓച്ചാനിച്ചു നിന്ന് തരുന്ന കൂലിയും പറ്റി, പറയുന്ന പണി

മുഴുവൻ ചെയ്തിരുന്ന തൊഴിലാളികൾ ജോലിയ്ക്കു കൂലി വേണമെന്ന് നിവർന്ന് നിന്ന് ചോദിക്കാൻ തുടങ്ങിയത്, മുതലാളിമാർക്ക് ചിന്തിക്കാൻ കഴിയുമായിരുന്നില്ല. അതിന് കാരണക്കാരൻ അവരുടെ നേതാവായി രംഗത്തു വന്ന ശശിയാണെന്നു മനസ്സിലാക്കി. ഇവനെ ഒതുക്കിയാലെ തങ്ങളുടെ വരുതിയ്ക്ക് പഴയതുപോലെ തൊഴിലാളികളെ കൊണ്ട് അടിമവേല ചെയ്യിക്കാൻ കഴിയൂ എന്നവർ ചിന്തിച്ചു. മുരുകൻ എന്ന വ്യാപാരിയെ മുൻനിർത്തി മാർക്കറ്റിലെ വ്യാപാരികൾ പിന്നിൽ നിന്ന് ശശിയ്ക്കെതിരെ നീങ്ങി. മർദ്ദകവീരനായ പോലീസ് ഉദ്യോഗസ്ഥനെ സ്വാധീനിച്ച് ശശിയെ അറസ്റ്റു ചെയ്തു മാർക്കറ്റ് മുഴുവൻ നടത്തി ക്രൂരമായി മർദ്ദിച്ചു. മുതലാളിമാരും തൊഴിലാളി വർഗ്ഗശത്രുക്കളും, അതോടെ നേതാവിന്റെ പ്രവർത്തനവും തൊഴിലാളികളുടെ പൂതിയും അവസാനിക്കുമെന്ന് കരുതി സമാധാനിച്ചു. പക്ഷേ സംഭവിച്ചത് മറിച്ചായിരുന്നു.

ശശി മർദ്ദനത്തിൽ തകർന്നില്ല കൂടുതൽ ശക്തിയോടെ ഉയർത്തെഴുന്നേറ്റ് മുഴുവൻ സമയ തൊഴിലാളി പ്രവർത്തകനായി മാറി. കാട്ടാക്കടയിൽ മാത്രമല്ല ചുമട്ടുതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജില്ലയിലെ മുഴുവൻ തൊഴിലാളികളെയും സംഘടിപ്പിച്ച് യൂണിയൻ ശക്തിപ്പെടുത്തുന്നതിൽ പ്രധാന പങ്കാളിയായി. ജില്ലയിലെ ചുമട്ടു തൊഴിലാളികൾ അവഗണിക്കാൻ കഴിയാത്ത ഒരു ശക്തിയായി വളർന്നു. കാട്ടാക്കടയിലെ തൊഴിലാളി പ്രസ്ഥാനവും അജ്ജയമായ ശക്തിയായി, അതിൽ ശശിയുടെ പങ്ക് വിസ്മരിക്കാനാവില്ല.

സിഐടിയു രൂപീകരണത്തോടെ ജില്ലയിലെ യൂണിയൻ ചുമതലയോടൊപ്പം സംസ്ഥാനത്ത് ചിന്നചിതറിക്കിടന്ന തൊഴിലാളികളെയും അവരുടെ യൂണിയനുകളെയും കോർത്തിണക്കി സംസ്ഥാന ചുമട്ടു തൊഴിലാളി ഫെഡറേഷൻ രൂപീകരിച്ചപ്പോൾ അതിന്റെ ഭാരവാഹികളിൽ ഒരാളായി ശശി തെരഞ്ഞെടുക്കപ്പെട്ടു. അര നൂറ്റാണ്ടുകാലത്തെ പൊതുപ്രവർത്തിനിടയിൽ സംസ്ഥാനത്ത് അറിയപ്പെടുന്ന ഒരു ട്രേഡ് യൂണിയൻ നേതാവായി ഉയർന്നു.

അതോടൊപ്പം 1970ൽ സിപിഐ(എം) ലോക്കൽ കമ്മിറ്റി അംഗമായി തെരഞ്ഞെടുക്കപ്പെട്ട സഖാവ് പാർട്ടി താലൂക്ക് കമ്മിറ്റി അംഗം, കാട്ടാക്കട ഏരിയാ സെക്രട്ടറി, സിപിഐ(എം) ജില്ലാ സെക്രട്ടേറിയറ്റ് അംഗം എന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ നേതൃപദവിയിലേക്ക് ഉയർത്തപ്പെട്ടു.

പൂവ്വച്ചൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ്, തിരുവനന്തപുരം കാർഷിക വികസന ബാങ്ക് പ്രസിഡന്റ് എന്നീ പദവികൾ വഹിക്കുമ്പോഴും തലസ്ഥാനത്തെ വിവിധ തൊഴിലാളിസംഘടനകളുടെ ചുമതല അദ്ദേഹത്തെ ഏൽപ്പിക്കുകയുണ്ടായി. നിർമ്മാണതൊഴിലാളി യൂണിയൻ, തോട്ടം, മോട്ടോർ, ക്വാറി, ഈറ്റ പനമ്പ്, മദ്യം, കെറ്റിടിസി, കെഎസ്എഫ്ഇ ഏജന്റ് അസോസിയേഷൻ എന്നീ മേഖലകളിലെ യൂണിയനുകളുടെ പ്രസിഡന്റ്/ജനറൽ സെക്രട്ടറി സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.

അടിയന്തരാവസ്ഥക്കാലത്ത് കൊടിയ മർദ്ദനവും ജയിൽ ജീവിതവും അനുഭവിച്ചു. ചുമട്ടുതൊഴിലാളി യൂണിയനെ തകർക്കാൻ ഗവൺമെന്റും കോൺഗ്രസ്സും ചേർന്ന് ശ്രമിച്ചപ്പോൾ അതിനെ ചെറുക്കുന്നതിന് നിയോഗിക്കപ്പെട്ടവരിൽ കാട്ടാക്കട ശശി ഉണ്ടായിരുന്നു. അവിടെ ക്യാമ്പ് ചെയ്ത് യൂണിയനെയും തൊഴിലാളികളെയും രക്ഷിക്കുന്നതിൽ സുതർഹ്യമായ പ്രവർത്തനമാണ് ശശി കാഴ്ചവച്ചത്. വിശ്വസിച്ച് ഒരു ജോലി സഖാവിനെ ഏൽപ്പിക്കാം അത് കുറ്റമറ്റരീതിയിൽ നിർവഹിക്കുന്നതിൽ വീഴ്ച വരുത്തില്ല.

എന്റെ വ്യക്തിപരമായ അനുഭവത്തിൽ കുഴഞ്ഞുമറിഞ്ഞ തൊഴിൽ പ്രശ്നത്തിലും സംഘടനാപരമായി പോരായ്മയുള്ള യൂണിയനുകളിലും പരാതിക്കാരായ തൊഴിലാളികളും ചിലപ്പോൾ തൊഴിലുടമകളും സിഐടിയു സെന്ററിനെ സമീപിക്കാറുണ്ട്. കാട്ടാക്കട ശശിയെ ആ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ധൈര്യമായി ഏൽപ്പിക്കാം. അത് പരിഹരിക്കാനുള്ള സാമർത്ഥ്യം ശശിയ്ക്ക് ഉണ്ടായിരുന്നു.

രോഗബാധിതനായി ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുന്നതുവരെ കർമ്മ നിരതനായിരുന്നു. ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ എന്ന നിലയിൽ ഏതാണ്ട് 10 വർഷക്കാലം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ചുമട്ടുതൊഴിലാളി ക്ഷേമനിധി നിയമം രൂപപ്പെടുത്തുന്നതിലും പോരായ്മകൾ പരിഹരിക്കുന്നതിലും തൊഴിലാളികൾക്ക് ന്യായമായ കൂലിയും ജോലിയും പെൻഷനും ലഭ്യമാക്കുന്നതിനും സഖാവിനുള്ള പങ്ക് തൊഴിലാളികൾ എന്നുമെന്നുമോർക്കും. സിഐടിയുവിന്റെ അഖിലേന്ത്യ വർക്കിംഗ് കമ്മിറ്റി അംഗമായിരുന്ന ശശി സമ്മേളനത്തിൽ പങ്കെടുക്കാറുള്ള യാത്രാവേളകളിലെല്ലാം മുഷിപ്പില്ലാതെ സഖാക്കളുടെ സുഹൃത്തും സഹായിയും സംരക്ഷകനുമായുള്ള അനുഭവം മറക്കാൻ കഴിയില്ല. ആ സഖാവിന്റെ മരണമില്ലാത്ത ഓർമ്മകൾക്ക് മുന്നിൽ ആയിരം ചുവന്ന പുഷ്പങ്ങൾ അർപ്പിക്കുന്നു.

**ഇൻകിലാബ് സിന്ദാബാദ്**

# ബാങ്കുകളും വിൽപനക്ക്

**എസ്.എസ്.അനിൽ**

**ബാങ്കുകളിലെ ലക്ഷക്കണക്കിന് കോടിയുടെ നിക്ഷേപത്തിലാണ് കേന്ദ്ര ഭരണാധികാരികളുടെയും അവരെ നിയന്ത്രിക്കുന്ന കുത്തക മുതലാളിമാരുടെയും കണ്ണുകൾ. അവർക്ക് ഒത്താശ പാടാൻ ഭരണാധികാരികളും. ബാങ്ക് നിക്ഷേപത്തിലെ 90 ശതമാനവും സാധാരണക്കാരുടെതാണ്. എന്നാൽ പൊതുമേഖലാ ബാങ്കുകൾ നൽകുന്ന വായ്പയിൽ 86 ശതമാനവും വൻകിടക്കാർക്കാണ്. വൻകിടക്കാരുടെ വായ്പകൾ കിട്ടാക്കടമാകുന്നതും അത് എഴുതിതള്ളുന്നതും നിത്യവാർത്തയാണ്. ഹെയർ കട്ട് അഥവാ മുടിവെട്ട് എന്ന പേരിൽ കിട്ടാക്കടം എഴുതിത്തള്ളുന്നതാണ് പുതിയ രീതി.**

ബാങ്കുകളിലെ ലക്ഷം കോടിയുടെ നിക്ഷേപത്തിലാണ് കുത്തക മുതലാളിമാരുടെ കഴുകൻ കണ്ണുകൾ. അവർക്ക് ഒത്താശ പാടാൻ ഭരണാധികാരികളും. ബാങ്കുകളിലെ ലക്ഷം കോടികളുടെ വായ്പ വാങ്ങിയ വൻകിടക്കാർക്ക് എല്ലാ സഹായവും ഇപ്പോഴും കേന്ദ്ര സർക്കാർ നൽകി വരികയാണ്. വൻകിടക്കാരുടെ വായ്പകൾ കിട്ടാക്കടമാകുന്നതും അത് എഴുതിതള്ളുന്നതുമായ വാർത്തകൾ സാമ്പത്തിക മാധ്യമങ്ങളിൽ നിത്യവാർത്തയാണ്. എഴുതിതള്ളലിന് സാധാരണക്കാരന് മനസ്സിലാകാത്ത പദപ്രയോഗങ്ങളാണ് പ്രയോഗിക്കുന്നത്. അതിൽ ഒന്നാണ് ഹെയർ കട്ട് അഥവാ മുടിവെട്ട്. ഈയടുത്ത് അത്തരത്തിൽ നൽകിയ ഒരു മുടിവെട്ട് ബാങ്കുകളിൽ നടക്കുന്ന പകൽകൊള്ളയുടെ വലിയ ഒരു ഉദാഹരണമാണ്.

### വെറുതേയല്ല 'വേദാന്തം'

വേദാന്ത ഇൻഡസ്ട്രിയൽ ഗ്രൂപ്പിന്റെ കീഴിലുള്ള വ്യവസായ സ്ഥാപനമാണ് ട്വിൻ സ്റ്റാർ ടെക്നോളജി കമ്പനി. ഉടമസ്ഥൻ അനിൽ അഗർവാൾ എന്ന വ്യവസായ പ്രമുഖൻ. ഇത്തരം പാവപ്പെട്ട വ്യവസായ പ്രമുഖരായ ശിങ്കിടി മുതലാളിമാരോട് നമ്മുടെ കേന്ദ്ര സർക്കാരിനുള്ള കരുതൽ വളരെ വലുതാണ്. കേന്ദ്ര ഭരണാധികാരികളുടെ ഈ ശിങ്കിടി മുതലാളിമാരുമായുള്ള കൂട്ടുകെട്ടിനെ നമ്മൾ ശിങ്കിടിമുതലാളിത്തം, അഥവാ ക്രോണി

രാജ്യത്തെ ബാങ്കിംഗ് മേഖലയെ സമ്പൂർണമായി വിൽക്കുന്നതിനുള്ള നീക്കത്തിലാണ് കേന്ദ്ര സർക്കാർ. ബാങ്കുകളിലെ ലക്ഷം കോടിയുടെ നിക്ഷേപത്തിലാണ് കേന്ദ്ര ഭരണാധികാരികളുടെയും അവരെ നിയന്ത്രിക്കുന്ന കുത്തക മുതലാളിമാരുടെയും കണ്ണുകൾ.2020-21 സാമ്പത്തിക വർഷത്തിൽ രാജ്യത്തെ വാണിജ്യ ബാങ്കുകളിലെ ആകെ നിക്ഷേപം 154.40 ലക്ഷം കോടി രൂപയാണ്. അതിൽ 94.60 ലക്ഷം കോടി രൂപ പൊതുമേഖലാ ബാങ്കുകളിലും 5.17 ലക്ഷം കോടി രൂപ ഗ്രാമീണ ബാങ്കുകളിലുമാണ്. ബാങ്ക് നിക്ഷേപത്തിലെ 90 ശതമാനവും സാധാരണക്കാരുടെതാണ്. വാണിജ്യ ബാങ്കുകൾ നൽകിയ വായ്പയാകട്ടെ 110.35 ലക്ഷം കോടി. അതിൽ 62.30 ലക്ഷം കോടി പൊതുമേഖലാ ബാങ്കുകളും 3.39 ലക്ഷം കോടി ഗ്രാമീണ ബാങ്കുകളും നൽകിയ വായ്പകൾ. പൊതുമേഖലാ ബാങ്കുകൾ നൽകിയ വായ്പയിൽ 86 ശതമാനവും വൻകിടക്കാർക്ക്.

**മഹാമാരിയുടെ പശ്ചാത്തല ത്തിൽ ജനങ്ങളാകെ നെട്ടോട്ടമോടുന്ന പശ്ചാത്തലത്തിലും പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കുതിച്ചുയരുമ്പോഴും മുതലാളിമാർ ശത കോടീശ്വരൻ മാരാകുന്നു. പണമില്ലാത്തവന്റെ ശവശരീരം ഗംഗയിലൂടെ ഒഴുകി നടക്കുമ്പോൾ, മൂന്നാം തരംഗത്തിന്റെ ഭീകരതയെയോർത്ത് ഭയത്തിലാണ് ഭൂരിപക്ഷം ഇന്ത്യക്കാരും.**



കാപ്പിറ്റലിസം എന്നൊക്കെപ്പറയാറുണ്ട്. ഭാരത നാട്ടിലെ നിയമങ്ങൾ പോലും അക്കൂട്ടർക്ക് വേണ്ടി മാറ്റി എഴുതപ്പെടുന്നത് ഈ മഹാമാരിക്കാലത്ത് പോലും നമ്മൾ നേരിട്ട് മനസ്സിലാക്കിയതാണ്. നമ്മളെല്ലാം വീടുകളുടെ അകത്തളങ്ങളിൽ തളച്ചിടപ്പെട്ട വേളയിൽ, അസുഖം പടരാതിരിക്കാൻ നമ്മുടെ പ്രധാനമന്ത്രി പോലും മുടി വെട്ടാതിരിക്കുന്ന വേളയിൽ, ബാങ്കിംഗ് മേഖല മറ്റൊരു വലിയ മുടി വെട്ടിന് സാക്ഷ്യം വഹിച്ചു. അധികം ആരും ശ്രദ്ധിക്കപ്പെടാതെ പോയ ഒരു മുടി വെട്ട്.

മുടി വെട്ട് (Hair Cut) എന്ന് പറഞ്ഞാൽ മനസ്സിലായല്ലോ അല്ലേ? പലകുറി വിശദീകരിച്ചതാണ്. എങ്കിലും ചിലർക്ക് അത് പിടികിട്ടില്ല. നമ്മുടെ നാട്ടിലെ വൻകിട കുത്തക ശിങ്കിടി മുതലാളിമാർ, ഭരണാധികാരികളുടെ പ്രത്യേക ഇടപെടലിലൂടെ, പൊതുമേഖലാ ബാങ്കുകളിൽ നിന്ന് എടുക്കുന്ന വൻ വായ്പ. അത് തിരിച്ചടക്കാതെയാകുമ്പോൾ, മോദി സർക്കാർ പലകുറി തിരുത്തി എഴുതിയ പാപ്പർനിയമപ്രകാരം (Insolvency & Bankruptcy Code) പിടിച്ചെടുക്കും. എന്നിട്ട് അത്തരം വായ്പകൾ നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ (NCLT ) വഴി ലേലത്തിന് വക്കും. ലേലം പിടിക്കുന്നവർക്ക് നൽകുന്ന വെട്ടിക്കുറവിന് കൽപ്പിച്ച് നൽകിയിരിക്കുന്ന ഓമനപ്പേരാണ് മുടിവെട്ട് അഥവാ ഹെയർ കട്ട്. മുടി വെട്ട് നടത്തി ലേലം കൊള്ളുന്ന ശിങ്കിടി മുതലാളി, ആ തുക മറ്റൊരു ബാങ്കിൽ നിന്ന് വായ്പയായി കൈപ്പറ്റും. നാളുകൾ കഴിയുമ്പോൾ പ്രസ്തുത വായ്പയും വളരും, വളർന്ന് പന്തലിക്കും, വീണ്ടും വെട്ടും, സാക്ഷാൽ മുടി വെട്ടു പോലെ. 'ഹെയർ കട്ട്' എന്ന നാമകരണം വെറുതേയല്ല എന്ന് ചുരുക്കം.

തുടക്കത്തിൽ സൂചിപ്പിച്ച വേദാന്തക്കാണ് ഇക്കുറി മുടി വെട്ടിലൂടെ വലിയ ഒരു ലോട്ടറി അടിച്ചത്. വീഡിയോകോൺ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന കമ്പനി, എസ്.ബി.ഐ, ഐ.ഡി.ബി.ഐ.തുടങ്ങിയ ബാങ്കുകളിൽ നിന്ന് എടുത്ത വായ്പാ കിട്ടാക്കടം 460000000000/ അഥവാ 46000 കോടി രൂപ. എൻ.സി.എൽ.ടി. ലേലത്തിന് വച്ച കമ്പനിയെ വേദാന്ത ഗ്രൂപ്പിലെ ട്വിൻ സ്റ്റാർ ടെക്നോളജി കമ്പനി പിടിച്ചെടുത്തത് കേവലം 2900 കോടി രൂപക്ക്. 43100 കോടിയുടെ മുടിവെട്ട്!

### ധൂതിന്റെ ധൂർത്ത്

വേണുഗോപാൽ ധൂത്. മുംബൈയിൽ പരുത്തിക്കച്ചവടവും പഞ്ചസാരക്കമ്പനിയും നടത്തിയിരുന്ന നന്ദലാൽ മാധവ് ലാൽ ധൂതിന്റെ മൂത്ത പുത്രൻ. അച്ഛന്റെ ബിസിനസ് പാത തന്നെ പിന്തുടർന്ന്, പിന്നീട് എൺപതുകളുടെ തുടക്കത്തിൽ വീഡിയോകോൺ എന്ന ബ്രാന്റിൽ ടെലിവിഷൻ രംഗത്തേക്കുള്ള ചുവട് വയ്പ്. ഇപ്പോഴത്തെ ആഗോളവത്ക്കരണ നയങ്ങൾക്ക് തുടക്കം കുറിക്കുന്നതിന് മുൻപ് ജപ്പാനിലെ തോഷിബയുമായി ചേർന്നുള്ള സംരംഭം, ടെലിവിഷൻ വിപണി പിടിച്ചടക്കുക

തന്നെ ചെയ്തു. പിന്നീട് വേണുഗോപാൽ ധൂത് അന്താരാഷ്ട്ര തലത്തിൽ തന്നെ ശ്രദ്ധിക്കപ്പെടുന്ന വ്യവസായി ആയി മാറി. 1994 ൽ ഇന്ത്യയിലെ കൃഷ്ണ ഗോദാവരി നദീതടത്തിലെ റവ്വ എണ്ണപ്പാടത്ത് ONGC യുടെ നിയന്ത്രണത്തിലുള്ള എണ്ണ ഉൽപ്പാദനക്കമ്പനിയിൽ 25 ശതമാനം ഓഹരിയും അദ്ദേഹം കരസ്ഥമാക്കി. 2007 ൽ ടെലിക്കോം മേഖലയിലേക്കും കടന്നു. അതോടെ തിരിച്ചടികൾക്ക് തുടക്കവുമായി. 2012 ൽ ICICI ബാങ്കിൽ നിന്ന് വായ്പ എടുത്തതും വായ്പാ സംഖ്യ ബാങ്കിലെ ചെയർപേഴ്സൺ ചന്ദാ കൊച്ചാറിന്റെ ഭർത്താവിന്റെ സ്ഥാപനമായ ന്യൂ പവർ റിന്യൂവബിൾ എന്ന കമ്പനിയിലേക്ക് വകമാറ്റിയതും അതിനെ തുടർന്ന് CBI കേസിൽ പ്രതിയായതും ഒക്കെ ചരിത്രം. സാമ്പത്തിക മേഖലയിലെ മുടിചൂടാമന്നയായിരുന്ന ചന്ദാകൊച്ചാർ ഇപ്പോഴും കോടതിയും കേസുമായി കറങ്ങി നടക്കുകയാണ്.

ഇതൊക്കെയാണെങ്കിലും തന്റെ ബിസിനസ് സാമ്രാജ്യം തുച്ഛവിലക്ക് നഷ്ടപ്പെടുത്തുവാൻ വേണുഗോപാൽ ധൂതിന് താത്പര്യമുണ്ടായിരുന്നില്ല. അതു കൊണ്ട് തന്നെ പാപ്പർനിയമത്തിലെ (IBC) സെക്ഷൻ 12A വകുപ്പ് പ്രകാരം വീഡിയോകോൺ കമ്പനി വീണ്ടും ഏറ്റെടുത്ത് നടത്തുന്നതിനുള്ള ഒരു നിർദ്ദേശം അദ്ദേഹം ബാങ്കുകൾക്ക് മുന്നിൽ സമർപ്പിച്ചു. 30000 കോടി രൂപയാണ് തിരിച്ചടക്കാമെന്ന് ഏറ്റ തുക. തിരിച്ചടവിന് 15 വർഷം കാലാവധിയും ആവശ്യപ്പെട്ടു. അതായത് വർഷം 2000 കോടി വച്ച്. എന്നാൽ ഇത് ബാങ്കുകൾ തള്ളിക്കളഞ്ഞാണ് കേവലം 2900 കോടി രൂപക്ക് ഇപ്പോൾ വേദാന്തക്ക് ലേലം ഉറപ്പിച്ചത്. വേദാന്തയോട് 500 കോടി 90 ദിവസത്തിനകവും, ബാക്കി 2400 കോടി പിന്നീട് കടപ്പത്രമായും കണ്ടെത്തി നൽകാനാണ് ബാങ്കുകൾ നിർദേശം നൽകിയിരിക്കുന്നത്. വേദാന്തക്ക് ഇത്രയും സൗകര്യം നൽകുമ്പോൾ വേണുഗോപാൽ ധൂതിന്റെ 30000 കോടിയുടെ നിർദ്ദേശം തള്ളിക്കളഞ്ഞതിന്റെ യുക്തി എത്ര ചിന്തിച്ചാലും പിടി കിട്ടില്ല. ICICI പശ്ചാത്തലത്തിൽ തട്ടിപ്പ് നടത്തിയ ധൂതിനോട് വേദാന്തമോതിയിട്ട് കാര്യമില്ല എന്ന നയമാണോ ബാങ്കുകൾ സ്വീകരിച്ചത്?

### വേദാന്തക്ക് ഇരട്ട നേട്ടം

വീഡിയോകോൺ വ്യവസായത്തെ ഏറ്റെടുത്തതോടെ ട്വിൻ ടെക്നോളജിയിലൂടെ വേദാന്തക്ക് ഇരട്ട നേട്ടമാണ് ഈ മുടിവെട്ട് നേടിക്കൊടുത്തത്. കൃഷ്ണ ഗോദാവരി നദീതീരത്തെ റവ്വ എണ്ണപ്പാടത്തെക്കുറിച്ച് ആദ്യം സൂചിപ്പിച്ചിരുന്നല്ലൊ? 1987 ൽ സർക്കാർ സ്ഥാപനമായ Oil & Natural Gas Corporation (ONGC) നാണ് റവ്വ എണ്ണപ്പാടത്ത് ഖനനം തുടങ്ങിയത്. മുപ്പത് എണ്ണക്കിണറുകളായിരുന്നു അന്ന് അവിടെ ONGC ക്ക് ഉണ്ടായിരുന്നത്. 1993 ൽ അവിടെ ഉത്പാദനം ആരംഭിച്ചു.1994 ൽ സ്വകാര്യ കമ്പനികൾക്കും അതിൽ പങ്കാളിത്തം നൽകി. ഇപ്പോഴും 40% ഓഹരിയോടെ ONGC ക്കാണ് കമ്പനിയുടെ നിയന്ത്രണം. ഇപ്പോൾ ലേലം ചെയ്യപ്പെട്ട വീഡിയോകോണാണ് 25 % ഓഹരി പങ്കാളിത്തത്തോടെ രണ്ടാം സ്ഥാനത്ത്. തൊട്ടടുത്ത് 22.5% ഓഹരിയോടെ കാരിൻ ഇന്ത്യ ലിമിറ്റഡ് എന്ന സ്ഥാപനവും. കാരിൻ ഇന്ത്യ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥർ വേദാന്ത ഗ്രൂപ്പും. വീഡിയോകോൺ, മുടിവെട്ട് നടത്തി കൈക്കലാക്കിയതോടെ, കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 22037 ബാരൽ എണ്ണ ഖനനം ചെയ്ത്, രാജ്യത്ത് 8% ആഭ്യന്തര എണ്ണ ഉത്പാദന ശേഷിയുള്ള, റവ്വ എണ്ണപ്പാട ശേഖരം, 47.5% ഓഹരി പങ്കാളിത്തത്തോടെ വേദാന്ത സ്വന്തമാക്കി എന്ന് ചുരുക്കം. ഒരു വെടിക്ക് വേദാന്തക്ക് ഇരട്ടി ലാഭം.

മഹാമാരിയുടെ പശ്ചാത്തലത്തിൽ ജനങ്ങളാകെ നെട്ടോട്ടമോടുന്ന പശ്ചാത്തലത്തിലും പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കുതിച്ചുയരുമ്പോൾ മുതലാളിമാർ മുടി വെട്ടിലൂടെ ശത ശത കോടീശ്വരൻമാരാകുന്നു. പണമില്ലാത്തവന്റെ ശവശരീരം ഗംഗയിലൂടെ ഒഴുകി നടക്കുമ്പോൾ, മൂന്നാം തരംഗത്തിന്റെ ഭീകരതയെയോർത്ത് ഭയത്തിലാണ് ഭൂരിപക്ഷം ഇന്ത്യക്കാരും. വാക്സിൻ നയം പോലും ശിങ്കിടി മുതലാളിത്തത്തിന്റെ കൈപ്പിടിയിലേക്ക് താലത്തിൽ വച്ച് നൽകിയവർ താത്ക്കാലികമായ ഒരു പിൻമാറ്റത്തിന് തയ്യാറായിട്ടുണ്ട്. കർഷകരും തൊഴിലാളികളും തൊഴിലില്ലാത്ത ചെറുപ്പക്കാരും ഒരുമിച്ച് കൈകോർത്ത് ജനവിരുദ്ധ നയങ്ങൾ വെട്ടി തിരുത്തിക്കേണ്ടിയിരിക്കുന്നു.

(ബി.ഇ.എഫ്.ഐ. കേരളം ഘടകത്തിന്റെ ജനറൽ സെക്രട്ടറിയാണ് ലേഖകൻ)

# നവകേരള നിർമ്മിതിയും ജനപക്ഷ സിവിൽ സർവ്വീസും

**എം.എ. അജിത് കുമാർ** (ജനറൽസെക്രട്ടറി, എൻജിഒ യൂണിയൻ)



**കോവിഡ് കാലത്ത് സർക്കാർ മേഖലയിലെ ആരോഗ്യ സംവിധാനത്തിന്റെ അഭാവം വലിയ പ്രതിസന്ധിയാണ് ഇന്ത്യയിൽ സൃഷ്ടിച്ചത്. എന്നാൽ ലോകത്തിന് മാതൃകയാകുന്ന രീതിയിൽ കോവിഡ് 19 നെതിരായ ചെറുത്ത് നിൽപ്പ് സംഘടിപ്പിക്കാൻ സംസ്ഥാന സർക്കാരിന് കരുത്തേകിയത് സിവിൽ സർവ്വീസാണ്. സംഘടിതശേഷിയും അവകാശബോധവും കൈമുതലാക്കിയ സംഘടനകളുടെ ഇടപെടലും ഇടതു പക്ഷ പുരോഗമന സർക്കാരുകളുടെ ഭരണ നടപടികളും കൊണ്ട് കേരളത്തിലെ സിവിൽ സർവ്വീസ് സുശക്തവും സേവനക്ഷമവുമായി നിലകൊള്ളുകയാണ്.**

ഒരു സർക്കാരിന്റെ തത്വസംഹിതയും നയപരിപാടികളും എത്രമേൽ പുരോഗമനപരമായിരുന്നാലും അത് എപ്രകാരം ജനങ്ങളിലെത്തിക്കുന്നുവെന്നതിനെ അടിസ്ഥാനമാക്കിയാവും ആ സർക്കാർ വിലയിരുത്തപ്പെടുന്നത്. നയപരിപാടികൾ ജനങ്ങളിലേയ്ക്ക് എത്തുന്നത് സിവിൽ സർവ്വീസിലൂടെയായതിനാൽ ജനാധിപത്യവ്യവസ്ഥയിൽ സിവിൽ സർവ്വീസിന് സുപ്രധാന സ്ഥാനമാണുള്ളത്.

നികുതിപിരിവും ക്രമസമാധാന പരിപാലനവുമടക്കമുള്ള പരിമിത ചുമതലകളാണ് പ്രാരംഭഘട്ടത്തിൽ സിവിൽ സർവ്വീസിനുണ്ടായിരുന്നത്. ക്ഷേമരാഷ്ട്ര സങ്കല്പം സർക്കാരുകളുടെ പ്രവർത്തന പരിപാടിയായതോടെ അത് വിപുലീകരിക്കപ്പെട്ടു. പട്ടിണി, ദാരിദ്ര്യം, തൊഴിലില്ലായ്മ, ആരോഗ്യ വിദ്യാഭ്യാസ ആവശ്യങ്ങൾ എന്നിവ പരിഹരിയ്ക്കാൻ സർക്കാരുകൾ സിവിൽ സർവ്വീസിനെ വിപുലീകരിച്ചു. സർക്കാരിന്റെ വികസന ക്ഷേമപരിപാടികളുടെ നടത്തിപ്പുകാർ എന്ന നിലയ്ക്കും സംഘടിത തൊഴിൽ മേഖല എന്ന നിലയ്ക്കും സിവിൽ സർവ്വീസിന് പ്രാധാന്യം കൈവന്നു. ലോകത്ത് കമ്പോളനയങ്ങൾ നടപ്പിലാക്കാൻ തുടങ്ങിയതോടെ ചെലവ് ചുരുക്കലിന്റെ പേരിൽ വികസന ക്ഷേമ പരിപാടികളുടെ നടത്തിപ്പിൽ നിന്നും സർക്കാരുകൾ പിന്മാറാൻ തുടങ്ങി. സുരക്ഷിതവും സുസംഘടിതവുമായ തൊഴിൽ മേഖല എന്ന സിവിൽ സർവ്വീസിന്റെ സ്ഥാനവും നഷ്ടമാകാൻ തുടങ്ങി. നിർവചിക്കപ്പെട്ട പെൻഷൻ, സ്ഥിര നിയമനം, സമയബന്ധിത വേതന പരിഷ്ക്കരണം തുടങ്ങിയ ആകർഷണീയമായ അവകാശാനുകൂല്യങ്ങളെല്ലാം കവർന്നെടുക്കപ്പെട്ടു.

വിവിധ ലോകരാജ്യങ്ങളിലും ഇന്ത്യയിലും നടപ്പിലാക്കുന്ന നവലിബറൽ നയങ്ങൾ കേരളത്തിലും പ്രയോഗിക്കാൻ ഇവിടെ അധികാരത്തിൽ വന്ന വലതുപക്ഷ സർക്കാരുകൾ പരിശ്രമിച്ചിരുന്നു. പൊതുമേഖലാ സ്വകാര്യവത്ക്കരണം, ആരോഗ്യ - വിദ്യാഭ്യാസ - സേവന മേഖലകളിൽ നിന്നുള്ള പിന്മാറ്റം തുടങ്ങിയ നയങ്ങൾ ഇവിടെ നടപ്പിലാക്കാൻ ശ്രമിച്ചു. തസ്തിക വെട്ടിക്കുറയ്ക്കൽ, നിയമനനിരോധനം, അവകാശാനുകൂല്യങ്ങളുടെ നിഷേധം തുടങ്ങി നിരവധി പ്രതിലോമകരമായ നടപടികൾ സിവിൽ സർവ്വീസിൽ സ്വീകരിച്ചു. എന്നാൽ ജീവനക്കാർ ബഹുജന പിന്തുണയോടെ നടത്തിയ ചെറുത്തുനിൽപ്പുകളെത്തുടർന്ന് പല വലതുപക്ഷ നയങ്ങളിൽ പലതും കേരളത്തിൽ നടപ്പിലാക്കാൻ സാധിച്ചില്ല.

സംഘടിതശേഷിയും അവകാശബോധവും കൈമുതലാക്കിയ സംഘടനകളുടെ ഇടപെടലും ഇടതു പക്ഷ പുരോഗമന സർക്കാരുകളുടെ ഭരണ നടപടികളും കൊണ്ട് കേരളത്തിലെ സിവിൽ സർവ്വീസ് സുശക്തവും സേവനക്ഷമവുമായി നിലകൊള്ളുകയാണ്. എങ്കിലും അഴിമതി, കാര്യക്ഷമതാരാഹിത്യം, സൌഹൃദ പൂർണ്ണമല്ലാത്ത പെരുമാറ്റം തുടങ്ങിയ അനഭിലഷണീയ പ്രവണതകൾ പലയിടത്തും ഇപ്പോഴും നിലനിൽക്കുന്നു. കേരളത്തിലെ വലതുപക്ഷ സർക്കാരുകൾ സിവിൽ സർവ്വീസിനെ തകർക്കുന്ന നയങ്ങൾ നടപ്പിലാക്കുന്നതിന് ന്യായീകരണമായി പലപ്പോഴും ചൂണ്ടിക്കാണിക്കുന്നത് ഇത്തരം അനഭിലഷണീയ ശീല

ങ്ങളെയാണ്. എന്നാൽ ഇടതുപക്ഷ പുരോഗമന സർക്കാരുകൾ ഇത്തരം പ്രവണതകളെ ഇല്ലായ്മ ചെയ്യാൻ ഇടപെടുന്നതിനൊപ്പം സിവിൽ സർവ്വീസിനെ ശക്തിപ്പെടുത്തി തങ്ങളുടെ ജനപക്ഷ ബദൽ നയങ്ങളുടെ നിർവഹണത്തിന് ഉപയോഗപ്പെടുത്തുകയുമായിരുന്നു.

ബദൽ നയങ്ങളുടെ നടത്തിപ്പിൽ സിവിൽ സർവ്വീസിനുള്ള പ്രാധാന്യം തിരിച്ചറിഞ്ഞ ഇടതുപക്ഷ സർക്കാർ സിവിൽ സർവ്വീസിന്റെ ശാക്തീകരണത്തിനുള്ള നിരവധി നടപടികൾ സ്വീകരിച്ചു. സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും ജീവനക്കാരുടെ അവകാശാനുകൂല്യങ്ങൾ യഥാസമയം അനുവദിച്ചു. മധ്യനിര മാനേജ്മെന്റ് സംവിധാനം ശാക്തീകരിക്കാൻ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് യാഥാർത്ഥ്യമാക്കി. പ്രാദേശിക വികസനം ഫലപ്രദമാക്കാൻ തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് നടപ്പിലാക്കി. ഒരു ലക്ഷത്തി അറുപതിനായിരത്തിലധികം പി.എസ്.സി. നിയമനങ്ങൾ നടത്തി. മുപ്പതിനായിരത്തിലധികം പുതിയ തസ്തികകൾ സൃഷ്ടിച്ചു. ഭരണ പരിഷ്ക്കാര കമ്മീഷനെ നിയമിച്ചു. പൊതുജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ കാലതാമസം കൂടാതെ സുതാര്യമായി ലഭ്യമാക്കുന്നതിനായി ഡിജിറ്റലൈസേഷൻ നടപ്പിലാക്കി. കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ അദാലത്തുകൾ സംഘടിപ്പിച്ചു. ജീവനക്കാരെയും അവരുടെ സംഘടനക ളെയും വിശ്വാസത്തിലെടുത്ത് അവരുടെ പ്രത്യേക യോഗങ്ങൾ വിളിച്ചുചേർത്തു. സംഘടനകൾ സമർപ്പിച്ച നിർദ്ദേശങ്ങൾ മുഖവിലയ്ക്കെടുത്ത് സ്ഥലംമാറ്റത്തിന് പൊതുമാനദണ്ഡം ഏർപ്പെടുത്തി. നിയമങ്ങളും ചട്ടങ്ങളും പരിഷ്ക്കരിക്കാനുള്ള പ്രവർത്തനമാരംഭിച്ചു. ആഫീസുകളുടെ അടിസ്ഥാന സൌകര്യം മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചു.

കോവിഡ് കാലത്ത് ഇന്ത്യയിലും ലോകത്തിന്റെ പലഭാഗങ്ങളിലും സർക്കാർ മേഖലയിലെ ആരോഗ്യ സംവിധാനത്തിന്റെ അഭാവം വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. എന്നാൽ ലോകത്തിന് മാതൃകയാകുന്ന രീതിയിൽ കോവിഡ് 19 നെതിരായ ചെറുത്ത് നിൽപ്പ് സംഘടിപ്പിക്കാൻ സംസ്ഥാന സർക്കാരിന് കരുത്തേകിയത് സിവിൽ സർവ്വീസാണ്.

പ്രളയത്തിൽ തകർന്ന കേരളത്തിന്റെ നവനിർമ്മാണത്തിനായി ഒരുമാസത്തെ വേതനം സംഭാവന ചെയ്യാനും കോവിഡ് പ്രതിസന്ധികാലത്ത് ഒരു മാസവേതനം അഞ്ച് ഗഡുക്കളായി മാറ്റി വയ്ക്കാനുള്ള സർക്കാർ തീരുമാനത്തെ പിന്തുണയ്ക്കാനും ജീവനക്കാർ തയ്യാറായി. പൊതുവിൽ സിവിൽ സർവ്വീസിന്റെ കാര്യക്ഷമതയിലും സേവന സന്നദ്ധതയിലും പ്രതീക്ഷ നിർഭരമായ പുരോഗതി ദൃശ്യമായ 5 വർഷമാണ് കടന്നുപോയത്.

കഴിഞ്ഞകാലങ്ങളിൽ കേരളം അഭിമുഖീകരിച്ച ഗൌരമവമേറിയയൊരു വികസന പ്രശ്നമായിരുന്നു ഇടതുപക്ഷ സർക്കാരുകൾക്ക് തുടർച്ചയില്ലായിരുന്നത്. 2021 ലെ തെരഞ്ഞെടുപ്പോടെ ഈ സ്ഥിതിക്ക് മാറ്റമുണ്ടായിരിക്കുന്നു. 2016 മുതൽ 2021 വരെയുള്ള 5 വർഷക്കാലം എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ നവകേരള നിർമ്മിതിയുടെ ഭാഗമായ പ്രവർത്തനങ്ങൾക്ക് ജനങ്ങൾ തുടർച്ചനൽകിയിരിക്കുന്നു. ഈ അനുകൂല സാഹചര്യം പ്രയോജനപ്പെടുത്തി കേരളം സാമൂഹ്യ വികസനരംഗത്ത് നേടിയ നേട്ടങ്ങൾ ശക്തിപ്പെടുത്തുകയും വിവിധ രംഗങ്ങളിലെ പിന്നാക്കാവസ്ഥയ്ക്ക് പരിഹാരം കാണുകയും വേണം. പുതിയ സർക്കാർ ആ ദിശയിലുള്ള പ്രവർത്തനപരിപാടിയാണ് പ്രഖ്യാപിച്ചിരിക്കുന്നത്. തൊഴിലില്ലായ്മ രൂക്ഷമായ സംസ്ഥാനത്ത് കോവിഡ്കാലത്തെ ആഗോള സാഹചര്യം പ്രയോജനപ്പെടുത്തി അടുത്ത 5 വർഷംകൊണ്ട് 40 ലക്ഷം തൊഴിൽ ലഭ്യമാക്കാനുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കിയിരിക്കുകയാണ്. വിജ്ഞാന സമ്പദ് വ്യവസ്ഥയിലേക്ക് കേരളത്തെ കൈപിടിച്ചുയർത്താനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിരിക്കുന്നു. കാർഷിക വ്യവസായികരംഗങ്ങളിൽ മുന്നേറ്റം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നു. അഞ്ച് വർഷംകൊണ്ട് അൻപതിന പരിപാടിയെ അടിസ്ഥാനമാക്കി 900 നിർദ്ദേശങ്ങൾ നടപ്പിലാക്കുമെന്ന വാഗ്ദാനമാണ് എൽ.ഡി.എഫ്. പ്രകടന പ്രതിക മുന്നോട്ട് വച്ചിരിക്കുന്നത്. ഈ വാഗ്ദാനങ്ങളുടെ വിജയകരമായ പൂർത്തീകരണത്തിൽ സിവിൽ സർവ്വീസിന് സുപ്രധാനമായ പങ്കാണുള്ളതെന്ന് സർക്കാർ തിരിച്ചറിയുന്നു. അതിനാലാണ് പുതിയ സർക്കാരിന്റെ ആദ്യ മന്ത്രിസഭായോഗത്തിൽ ത്തന്നെ സിവിൽ സർവ്വീസിനെ സംബന്ധിക്കുന്ന സുപ്രധാന തീരുമാനങ്ങളും കൈകൊണ്ടത്. ഒക്ടോബർ 2 മുതൽ അർഹരായവർക്ക് സർക്കാർ സേവനങ്ങൾ വീട്ടുപടിയ്ക്കൽ എത്തിക്കുമെന്ന് തീരുമാനിച്ചു. സർക്കാരാഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി വകുപ്പ് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുകയും ഇതിന്റെ പുരോഗതി വിലയിരുത്താനായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സംവിധാനമൊരുക്കുകയും ചെയ്തു. ഫയലുകൾ സത്യസന്ധമായി തീരുമാനമെടുക്കാൻ ഭയത്തിന്റെയോ ആശങ്കയുടെയോ ആവശ്യമില്ലെന്നും എന്നാൽ അഴിമതിക്കാരോട് വിട്ടുവീഴ്ചയുണ്ടാകില്ലെന്നും മുഖ്യമന്ത്രി വകുപ്പ് സെക്രട്ടറിമാരുടെ യോഗത്തിൽ അറിയി

ച്ചതിലൂടെ സർക്കാരിന്റെ നയം വ്യക്തമാവുകയാണ്. ഫയൽ നീക്കം സംബന്ധിച്ച് നിലനിൽക്കുന്ന കാലഹരണപ്പെട്ട രീതിക്ക് പകരം ഇലക്ട്രോണിക് ഫയലിംഗ് സംവിധാനം ഏർപ്പെടുത്താനും തീരുമാനമുണ്ടാകും.

പൊതുജനങ്ങൾ കൂടുതലായി ആശ്രയിക്കുന്ന ഓഫീസുകളിലെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈനാക്കി മാറ്റുവാനുള്ള നടപടി പുരോഗമിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ 1666 വില്ലേജുകളിൽ 126 എണ്ണത്തിന് സ്മാർട്ട് ഓഫീസ് മന്ദിരങ്ങൾ നിർമ്മിച്ചു നൽകിയിരുന്നു. 342 എണ്ണത്തിന്റെ പണി പുരോഗമിക്കുകയാണ് അവശേഷിക്കുന്ന 1198 എണ്ണത്തിനുകൂടി സ്മാർട്ട് ഓഫീസ് മന്ദിരങ്ങൾ അഞ്ചുവർഷത്തിനുള്ളിൽ നിർമ്മിക്കും. ഇതിനു പുറമേ നിരവധി സബ് രജിസ്ട്രാർ ഓഫീസുകൾക്കും സ്മാർട്ട് ഓഫീസുകൾ നിർമ്മിച്ചു. വരുന്ന 5 വർഷത്തിനുള്ളിൽ മുഴുവൻ കൃഷിഭവനുകൾക്കും സ്മാർട്ട് ഓഫീസുകൾ നിർമ്മിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചു കഴിഞ്ഞു. ഭരണപരിഷ്ക്കാര കമ്മീഷൻ ശുപാർശകൾ പരിശോധിച്ച് നടപ്പിലാക്കാനുള്ള തീരുമാനവും കൈകൊണ്ടിരിക്കുന്നു.

പുതിയ സർക്കാർ സിവിൽ സർവീസിന്റെ കാര്യക്ഷമതയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി ഇടപെടാൻ തയ്യാറായ സാഹചര്യം പരിഗണിച്ച് സംഘടനകൾ സ്വന്തം നിലയിലും കൂട്ടായും വിവിധങ്ങളായ കാര്യക്ഷമത പ്രവർത്തനങ്ങൾ ഏറ്റെടുത്തു വരികയാണ്. 2021 ജൂൺ 21ന് കേരള എൻജിഒ യൂണിയൻ സംഘടിപ്പിച്ച "നവകേരള സൃഷ്ടിയും സിവിൽസർവീസും" എന്ന വിഷയത്തെ അധികരിച്ചുള്ള വെബിനാർ ഈ പ്രവർത്തനങ്ങളിൽ പ്രധാനമായ ഒന്നായിരുന്നു. ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത വെബിനാറിൽ ചീഫ് സെക്രട്ടറി ഡോക്ടർ വി പി ജോയി ഐഎഎസ് മുഖ്യപ്രഭാഷണം നടത്തി . മുതിർന്ന മാധ്യമപ്രവർത്തകൻ ജേക്കബ് ജോർജ്ജും വ്യത്യസ്ത വീക്ഷണമുള്ള സർവീസ് സംഘടനാ നേതാക്കളും പങ്കെടുത്തു പ്രതികരിച്ച വെബിനാർ പങ്കാളിത്തംകൊണ്ട് ചരിത്രമായി മാറി. ഫെയ്സ്ബുക്ക് പേജിലൂടെയും യൂട്യൂബിലൂടെയും ഏതാണ്ട് രണ്ട് ലക്ഷം പേരാണ് വെബിനാർ വീക്ഷിച്ചത്. സംസ്ഥാന സിവിൽ സർവീസിലെ കാര്യക്ഷമത ഉയർത്താനും അഴിമതി അവസാനിപ്പിക്കാനും ആഫീസുകൾ ജനസൌഹൃദമാക്കാനും ഉപയുക്തമായ പ്രായോഗിക നിർദ്ദേശങ്ങൾ മുഖ്യമന്ത്രി അടക്കമുള്ളവർ മുന്നോട്ടുവച്ചു.

സർക്കാർ ആഫീസിൽ നിന്നും ജനങ്ങൾക്ക് മികച്ച സൌഹാർദ്ദപരമായ സേവനം ലഭിക്കേണ്ടതുണ്ട്. എല്ലാ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ്

**പുതിയ സർക്കാർ സിവിൽ സർവീസിന്റെ കാര്യക്ഷമതയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി ഇടപെടാൻ തയ്യാറായ സാഹചര്യം പരിഗണിച്ച് സംഘടനകൾ സ്വന്തം നിലയിലും കൂട്ടായും വിവിധങ്ങളായ കാര്യക്ഷമത പ്രവർത്തനങ്ങൾ ഏറ്റെടുത്തു വരികയാണ്. 2021 ജൂൺ 21ന് കേരള എൻജിഒ യൂണിയൻ സംഘടിപ്പിച്ച "നവകേരള സൃഷ്ടിയും സിവിൽസർവീസും" എന്ന വിഷയത്തെ അധികരിച്ചുള്ള വെബിനാർ ഈ പ്രവർത്തനങ്ങളിൽ പ്രധാനമായ ഒന്നായിരുന്നു.**

സംവിധാനം ഏർപ്പെടുത്തണം. ആധുനിക വിവര സാങ്കേതികവിദ്യയുടെ സൌകര്യങ്ങൾ പ്രയോജനപ്പെടുത്തി ഇവിടെയും സിവിൽ സർവീസിന്റെ സേവന ക്ഷമത ഉയർത്തണം. കെ ഫോൺ പദ്ധതി പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും വേഗതയാർന്ന ഇൻറർനെറ്റ് കണക്റ്റിവിറ്റി ലഭിക്കും. ഫയൽ നീക്കത്തിൽ നിലവിലുള്ള കാലഹരണപ്പെട്ട രീതിക്ക് മാറ്റം വരുത്തി ശാസ്ത്രീയ സമീപനം സ്വീകരിക്കേണ്ടതുണ്ട്. ഒരു ജീവനക്കാരന് ഫയൽ കൈവശം വയ്ക്കാവുന്ന പരമാവധി കാലയളവ് അഞ്ചുദിവസം എന്നത് (സെക്രട്ടറിയേറ്റിൽ 3 ദിവസം) മാറ്റം വരുത്തണം. സീറ്റിൽ ആളില്ലാത്തതിന്റെ പേരിൽ ഫയൽ നീക്കം തടസ്സപ്പെട്ട സേവന ലഭ്യതയിൽ കാലതാമസം ഉണ്ടാകാൻ പാടില്ല. ഫയൽ നീക്കത്തിൽ ഇന്നുള്ള തട്ടുകളുടെ എണ്ണത്തിൽ കുറവ് വരുത്തണം. ഭരണപരിഷ്കാര കമ്മീഷൻ ശുപാർശകൾ പരിശോധിച്ച് നടപ്പിലാക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തണം. സിവിൽ സർവീസിലെ അഴിമതി വലിയൊരളവോളം കുറയ്ക്കാനായിട്ടുണ്ട്. എങ്കിലും വളരെ ചെറിയൊരു ന്യൂനപക്ഷം ഇപ്പോഴും അഴിമതി നടത്തി സിവിൽ സർവീസിന്റെ ശോഭ കെടുത്തുന്നു. അത്തരക്കാർക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാട സ്വീകരിക്കേണ്ടതുണ്ട്.

മഹാഭൂരിപക്ഷം ജീവനക്കാരും അവരുടെ സംഘടനകളും സിവിൽ സർവീസിനെ കുറിച്ച് ഉന്നയിക്കപ്പെട്ട വിമർശനങ്ങളും നിർദ്ദേശങ്ങളും അംഗീകരിക്കുന്നവരാണ്. സ്വന്തം തൊഴിൽപരമായ ഉത്തരവാദിത്വം കാര്യക്ഷമതയോടെ നിർവഹിക്കുകയെന്നത് ഉയർന്ന ട്രേഡ് യൂണിയൻ ബോധത്തിന്റെ പ്രതിഫലനമാണ്. അതിനാൽ അഴിമതി രഹിതവും കാര്യക്ഷമവുമായ ജനസൌഹൃദ സിവിൽസർവീസ് യാഥാർഥ്യമാക്കാനുള്ള പരിശ്രമങ്ങൾ ജനപക്ഷ ബദൽ നയങ്ങളെ പിന്തുണയ്ക്കാനും ശക്തിപ്പെടുത്തുവാനും വേണ്ടിയുള്ളതു കൂടിയാണ്. ●



ജോസ് ടി എബ്രഹാം

# ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നൂറാം വാർഷികം

**ചൈന കൈവരിച്ചു കൊണ്ടിരിക്കുന്ന നേട്ടങ്ങൾ അമേരിക്കയെ പരിഭ്രമിപ്പിക്കുന്നു. പല കാരണങ്ങൾ കണ്ടെത്തി ചൈനയെ ഒറ്റപ്പെടുത്തി തകർക്കാനാണ് ഇപ്പോൾ അമേരിക്കയുടെ ശ്രമം. ഇതിനെതിരെ ചൈനീസ് സർക്കാർ അതീവ ജാഗ്രത പുലർത്തുന്നുണ്ട്. കോവിഡ് 19 മഹാമാരിയെ കീഴ്പ്പെടുത്തുന്നതിലും ചൈന മുന്നിലാണ്. ഒരു സോഷ്യലിസ്റ്റു സംവിധാനത്തിൽ ഒരു രാജ്യത്തിനും അതിലെ ജനങ്ങൾക്കും കൈവരിക്കാൻ കഴിയുന്ന നേട്ടങ്ങൾ ചൈന കാണിച്ചു തരുന്നു.**

2021 ജൂലൈ ഏഴിന് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാപിതമായതിന്റെ നൂറാം വാർഷികമാണ്. 1921 ജൂലൈ ഒന്നിന് ലീഡഷാവൊയും ചെൻ ഡുക്സിയുവും ചേർന്നാണ് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാപിക്കുന്നത്. ഡഷാവൊയും ഡുക്സിയും അക്കാദമിക് ബുദ്ധി ജീവികളായിരുന്നു. 1917 ലെ റഷ്യൻ വിപ്ലവത്തിനു ശേഷം ലോകമാകെ മാർക്സിസ്റ്റ് ലെനിനിസ്റ്റ് ആശയങ്ങൾക്കു കിട്ടിയ വലിയ പ്രചാരത്തിന്റെയും മേൽക്കൈയുടെയും സ്വാധീനം ചൈനീസ് ബുദ്ധി ജീവികളിലുമുണ്ടായി. അടിമുടി അഴിമതിയിൽ മുങ്ങിയ ജനങ്ങളുടെ ഭരണത്തിനെതിരെയുള്ള ചൈനയിലെ ജനങ്ങളുടെ പ്രത്യേകിച്ച് യുവാക്കളുടെ അസംതൃപ്തി പ്രകടിപ്പിക്കാൻ പറ്റിയൊരു വേദിയായി കമ്മ്യൂണിസ്റ്റ് പാർട്ടി മാറുകയും ചെയ്തു.

1921 ജൂലൈ 23ന് ഷാങ്ഹായിൽ വച്ച് ആദ്യ നാഷണൽ കോൺഗ്രസ്സ് ഓഫ് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി നടന്നു. അതിൽ മാവോസെ തൂങ്ങും ലിഗാഗോയും ചിൻ ഡുക്സിൻ ഉൾപ്പെടെ 13 പേരാണ് പങ്കെടുക്കുന്നത്. മാവൊ ചൈനയിലെ ഹുവാൻ പ്രദേശത്തെ പാർട്ടി സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് അനേകം ചരിത്ര സംഭവ പരമ്പരകൾക്കക്കു

ശേഷം 1934 ഒക്ടൊബർ 14 ന് മാവോയുടെ നേതൃത്വത്തിൽ ലോങ് മാർച്ച് ആരംഭിക്കുകയും മായൊ ചൈനീസും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അനിഷേധ്യ നേതാവായി മാറുകയും ചെയ്തു. 1935 ൽ മാവോ പാർട്ടിയുടെ ചെയർമാൻ ഓഫ് മിലിറ്ററി കമ്മീഷണറായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. 1943 ൽ പാർട്ടിയുടെ ചെയർമാനാകുകയും ചെയ്തു. മാവോയുടെ നേതൃത്വത്തിൽ നടന്ന വിപ്ലവത്തിന്റെ പൂർത്തീകരണമായി 1949 ഒക്ടോബർ ഒന്നിന് ടൈനാമെൻ സ്ക്വയിൽ വച്ച് മാവോ പീപിൽസ് റിപ്പബ്ലിക് ഓഫ് ചൈനയുടെ സ്ഥാപനം പ്രഖ്യാപിക്കുകയും ചെയ്തു.

വിപ്ലവത്തിനു ശേഷം ചൈന കൈവരിച്ച നേട്ടം അഭൂതപൂർവ്വമാണ്. ചൈനയുടെ 1949 ലെ ചിലവഴിക്കാൻ കഴിയുന്ന ആളോഹരി വരുമാനം 49.7 യുവാൻ മാത്രമായിരുന്നു. അത് 70 വർഷം കൊണ്ട് 2019 ലെ കണക്കനുസരിച്ച് 70 ഇരട്ടി വർദ്ധിച്ചു. 1978 ൽ ചൈനയുടെ ജിഡിപി 149 ബില്ല്യൻ ഡോളർ മാത്രമായിരുന്നു. ആഗോള ജിഡിപിയുടെ 1.75% മാത്രം. ഇന്ത്യയുടെ ജിഡിപി 1978 ൽ 140 ബില്യൻ ഡോളറായിരുന്നു. ചൈനയെക്കാൾ 9 ബില്യൻ ഡോളർ മാത്രം കുറവ്, 2020 ൽ ചൈനയുടെ ജിഡിപി 14.72 ട്രില്യൻ ഡോളറായി ഉയർന്നു. ആഗോള ജിഡിപിയുടെ 18% വരും ഇത് 2020ൽ ഇന്ത്യയുടെ ജിഡിപി 2.89 ട്രില്യനായിരുന്നു. ചൈനയുടെ ജിഡിപി ഏതാണ്ട് 42 വർഷം കൊണ്ട് ഇന്ത്യയുടെ ജിഡിപിയുടെ അഞ്ചിരട്ടിയായി ഉയർന്നു. അമേരിക്കയുടെ ജിഡിപി 2020 ൽ 20.93 ട്രില്യൻ ഡോളറായിരുന്നു. ആഗോള ജിഡിപിയുടെ 24% വരുമിത്. ചൈനയുടെ വളർച്ചാനിരക്ക് അമേരിക്കയെക്കാൾ വളരെ മുന്നിലാണ്. 2023 ഓടെ ജിഡിപിയിൽ ചൈന അമേരിക്കയെ മറികടക്കും എന്നാണ് കണക്കാക്കപ്പെടുന്നത്.

ലോകത്തെ ചരക്കുകളുടെ കയറ്റുമതിയിലും ഇറക്കുമതിയിലും ചൈനയാണ് മുൻനിരയിൽ, ചരക്കുകളുടെ ഉല്പാദനത്തിലും മറ്റു രാജ്യങ്ങളെക്കാൾ ചൈന വളരെയധികം മുന്നിലാണ്. കാർഷിക ഉല്പാദനത്തിനും ഉപയോഗത്തിലും ചൈന മുമ്പിൽതന്നെ. ലോകത്ത് ഏറ്റവും കൂടുതൽ മുട്ട, കോഴിയിറച്ചി, പന്നിയിറച്ചി എല്ലാം ഉല്പാദിപ്പിക്കുന്നത് ചൈനയാണ്. കാർഷിക മേഖലക്കാവശ്യമായ വളം, കീടനാശിനികൾ, കൂടാതെ പ്ലാസ്റ്റിക്, സിന്തറ്റിക് ഫൈബർ തുടങ്ങിയ കെമിക്കൽ വ്യവസായ മേഖലകളിൽ ചൈന വലിയ മുന്നേറ്റം കൈവരിച്ചതും ഈക്കാലയളയിൽ.

ആധുനിക വ്യവസായ രംഗത്തും ചൈന വൻനേട്ടമാണ് കൈവരിച്ചിട്ടുള്ളത്. ഇലക്ട്രിക് വാഹനം അതിനാവശ്യമായ ബാറ്ററികൾ, റോബോട്ടിക്സ് ആർട്ടിഫിഷ്യൽ ഇന്റലിൻസ്,

> **വിപ്ലവത്തിനു ശേഷം ചൈന കൈവരിച്ച നേട്ടം അഭൂതപൂർവ്വമാണ്. 2023 ഓടെ ജിഡിപിയിൽ ചൈന അമേരിക്കയെ മറികടക്കും എന്നാണ് കണക്കാക്കപ്പെടുന്നത്. ചൈനയുടെ ജിഡിപി ഏതാണ്ട് 42 വർഷം കൊണ്ട് ഇന്ത്യയുടെ ജിഡിപിയുടെ അഞ്ചിരട്ടിയായി ഉയർന്നു. ലോകത്തെ ചരക്കുകളുടെ കയറ്റുമതിയിലും ഇറക്കുമതിയിലും ചൈനയാണ് മുൻനിരയിൽ. ആധുനിക വ്യവസായ രംഗത്തും ചൈന വൻനേട്ടമാണ് കൈവരിച്ചിട്ടുള്ളത്. കാർഷിക ഉല്പാദനത്തിനും ഉപയോഗത്തിലും ചൈന മുമ്പിൽതന്നെ.**

കമ്മ്യൂണിക്കേഷൻ തുടങ്ങിയ രംഗങ്ങളില്ലൊം ലോകത്ത് അമേരിക്ക ഉൾപെടെയുള്ള വികസന രാജ്യങ്ങളെക്കാളും വളരെ മുന്നിലാണ് ചൈന.

### അപൂർവ്വ ലോഹ രംഗത്ത് ചൈനയ്ക്ക് ആധിപത്യം

അപൂർവ്വ ലോഹങ്ങളുടെ ഉല്പാദനം, ഉപയോഗം എന്നീ രംഗങ്ങളിൽ ചൈന വളരെയധികം മുന്നിലാണ്. ചൈനയുടെ ഈ രംഗത്തെ മേധാവിത്വമാണ് അമേരിക്കയെ ചൈനക്കെതിരെ തിരിയാൻ നിർബന്ധിതമാക്കുന്ന ഒരു വിഷയം. ഇലക്ട്രിക് വാഹനങ്ങൾ, വാൾഡ് ടർബയൻസ്, ട്രോൺ തുടങ്ങിയവയുടെ ഉല്പാദനത്തിന് അപൂർവ്വ ലോഹങ്ങൾ അന്ത്യാന്താപേക്ഷിതമാണ്. അമേരിക്കയും യൂറോപ്യൻ യൂണിയനും ഈ രംഗത്ത് ഇടപെടാൻ പരമാവധി ശ്രമിക്കുന്നുണ്ടെങ്കിലും വലിയ മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. 2019 അമേരിക്ക അവർക്കാവശ്യമായ അപൂർവ്വ ലോഹങ്ങളുടെ 80%വും ഇറക്കുമതി ചെയ്തത് ചൈനയിൽ നിന്നാണ്. യൂറോപ്യൻ യൂണിയൻ അവർക്കാവശ്യമായ അപൂർവ്വ ലോഹങ്ങളുടെ 98% ഇറക്കുമതി ചെയ്തത് ചൈനയിൽ നിന്നാണ്.

അപൂർവ്വ ധാതുക്കളായ നിയോഡിമിയം, പ്രൻയോഡിമിയം, ഡിസ്ക്രോമിയം തുടങ്ങിയവ ഭാവി വ്യവസായങ്ങളിൽ ഉപയോഗിക്കുന്ന കാന്തം നിർമ്മിക്കാൻ ഒരു പ്രധാന ഘടകമാണ്. സ്മാർട്ട് ഫോണിന്റെ ഭാഗങ്ങൾ, കമ്പ്യൂട്ടർ സ്ക്രീൻ, ടെലസ്കോപ്പിക് ലെൻസ്, ആധുനിക




യുദ്ധോപകരണങ്ങൾ തുടങ്ങിയവയുടെ നിർമ്മാണത്തിനും ഈ അപൂർവ്വ ധാതുക്കൾ കൂടിയേ കഴിയൂ. ഇലക്ട്രിക് വാഹനങ്ങളുടെ ബാറ്ററി നിർമ്മാണത്തിനാവശ്യമായ ലിത്തിയത്തിന്റെ ഉല്പാദനത്തിലും ചൈനയാണ് മേധാവിത്വം പുലർത്തുന്നത്. ചൈനയുടെ ഈ രംഗത്തെ ആധിപത്യം ഇനിയും കുറെ വർഷങ്ങളിലേക്ക് തുടരുമെന്നാണ് അനുമാനം.

### റോബോർട്ടുകളുടെ എണ്ണത്തിൽ ചൈന മുന്നിൽ

ചൈനയുടെ പക്കൽ ഇപ്പോഴുള്ള റോബോർട്ടുകളുടെ എണ്ണം ഈ രംഗത്തുള്ള മറ്റു നാല് പ്രധാനപ്പെട്ട രാജ്യങ്ങളെക്കാളും കൂടുതലാണെന്ന് റോബോർട്ടിക്സ് ആന്റ് ആട്ടോമേഷൻ ന്യൂസ് ഒരു റിപ്പോർട്ടിൽ പറഞ്ഞു. ആഗോളതലത്തിൽ വ്യാവസായിക റോബോർട്ടുകളുടെ 58.71% മാനവും ചൈന, ജപ്പാൻ, അമേരിക്ക എന്നീ രാജ്യങ്ങളിലായാണ് സ്ഥാപിച്ചിട്ടുള്ളത്. 2020 സെപ്റ്റംബറിൽ ലോകത്താകെ 3,81,000 വ്യാവസായിക റോബോർട്ടുകളാണുണ്ടായിരുന്നത്. അതിൽ ചൈനയിൽ ഉണ്ടായിരുന്നത്. 1,40,500 യൂണിറ്റും ജപ്പാനിലുണ്ടായിരുന്നത് 49, 900 യൂണിറ്റും അമേരിക്കയിൽ ഉണ്ടായിരുന്നത് 33,300 യൂണിറ്റും സൗത്ത് കൊറിയയിൽ 27,900വും ജർമ്മനിയിൽ 20,500 ഉം ആണ്. മഹാമാരി പടരുന്നതു മൂലം മനുഷ്യനു പകരം റോബോർട്ടുകളെ നാനാരംഗങ്ങളില ഉപയോഗിക്കുന്നത് ഉയരുന്ന പ്രവണതയുണ്ട്. 2009 നും 2019നും ഇടയിൽ തന്നെ റോബോർട്ടുകളുടെ എണ്ണത്തിൽ ലോകത്ത് 53.5% വർദ്ധനവ് ഉണ്ടായി.

### ആർട്ടിഫിഷ്യൽ ഇന്റലിൻസ്

ആർട്ടിഫിഷ്യൽ ഇന്റലിൻസ് (ക്രൃത്രിമ ബുദ്ധി) രംഗത്തും ചൈന മുന്നേറിക്കൊണ്ടിരിക്കുകയാണ്. 20 വർഷം മുമ്പ് ചൈന കൃത്രിമ ബുദ്ധിയുടെ രംഗത്ത് അമേരിക്കയെക്കാൾ വളരെ പിന്നിലായിരുന്നു. അമേരിക്കയിൽ ഈ രംഗത്ത് സർക്കാരും സ്വകാര്യ വ്യവസായികളും വലിയ തോതിൽ മുതല മുടക്കി മുന്നേറിയിരുന്നു. എന്നാൽ അടുത്ത കാലത്തായി ചൈന ഈ കൃത്രിമ ബുദ്ധി രംഗത്തും വലിയ നേട്ടം കൈവരിച്ചിട്ടുണ്ട്. 1997 ൽ ചൈനയിൽ നിന്നുള്ള ഈ രംഗത്ത് ഗവേഷണ പ്രബന്ധങ്ങളുടെ പ്രസിദ്ധികരണമെടുത്താൽ അതും വെറും 4.26 % മാത്രമായിരുന്നു. എന്നാൽ 2017 ആയപ്പോൾ ഇത് 27.68% മായി ഉയർന്നു. അമേരിക്കയെ ഉൾപ്പെടെ ഈ രംഗത്ത് ചൈന കടത്തിവെട്ടിക്കൊണ്ടിരിക്കുകയാണ്. ഈ രംഗത്തെ പേറ്റന്റുകൾ നേടുന്നതിൽ ചൈന മുന്നേറി, അമേരിക്കയുടെ തൊട്ട് പിന്നിലെത്തി കഴിഞ്ഞതായി 2019 ലെ ഒരു റിപ്പോർട്ട് പറയുന്നു.

### 5 ജി നെറ്റ് വർക്ക്

ലോകത്ത് ഏറ്റവും കൂടുതൽ 5 ജിനെറ്റ് വർക്ക് ഇപ്പോൾ ഉള്ളത് ചൈനയിലാണ്. 260 ബില്യൺ മൊബൈൽ കണക്ഷനുകൾ 5 ജിയിലാണ്. 7,92,000 5 ജി ബെയ്സ് സ്റ്റേഷനുകൾ ചൈയിലുണ്ട്. 2025 ഓടെ 739 ബില്യൺ മൊബൈലുകൾ 5 ജി നെറ്റ് വർക്കിലാകും എന്നാണ് എ.ബി.ഐ റിസർച്ച് പറയുന്നത്.

### ഹൈസ്പീഡ് ട്രെയിനുകൾ

21ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ചൈനയിൽ ഒരു ഹൈസ്പീഡ് ട്രെയിനും ഉണ്ടായിരുന്നില്ല. എന്നാൽ ഇന്ന് ലോകത്ത് ഏറ്റവും കൂടുതൽ ഹൈസ്പീഡ് ട്രൈയിനുകൾ ഉള്ളത് ചൈനയിലാണ്. 37,900 കിലോമീറ്ററോളം ഹൈസ്പീഡ് ട്രൈയിൻ സംവിധാനം ചൈനയിലുണ്ട്. അത് ചൈനയിലെ മിക്ക നഗരങ്ങളെയും ബന്ധിപ്പിക്കുന്നു. ഇങ്ങനെ നാനാരംഗങ്ങളിൽ ചൈന വലിയ നേട്ടമാണ് 1940 ലെ വിപ്ലവത്തിനു ശേഷമുള്ള 72 വർഷം കൊണ്ട് കൈവരിച്ചിട്ടുള്ളത്. ചൈനയിൽ ദാരിദ്ര്യം ഒരു പരിധിവരെ തുടച്ചു നീക്കാനും കഴിഞ്ഞിട്ടുണ്ട്.

ചൈന കൈവരിച്ചു കൊണ്ടിരിക്കുന്ന ഈ നേട്ടങ്ങളാണ് അമേരിക്കയെ പരിഭ്രമിപ്പിക്കുന്നതും പല കാരണങ്ങൾ കണ്ടെത്തി ചൈനയെ ഒറ്റപ്പെടുത്തി തകർക്കാനാണ് അമേരിക്കയുടെ ശ്രമം. ഇതിനെതിരെ ചൈനീസ് സർക്കാർ അതീവ ജാഗ്രത പുലർത്തുന്നുണ്ട്. കോവിഡ് 19 മഹാമാരിയെ കീഴ്പ്പെടുത്തുന്നതിലും ചൈന മുന്നിലാണ്. ഒരു സോഷ്യലിസ്റ്റു സംവിധാനത്തിൽ ഒരു രാജ്യത്തിനും അതിലെ ജനങ്ങൾക്കും കൈവരിക്കാൻ കഴിയുന്ന നേട്ടങ്ങൾ ചൈന കാണിച്ചു തരുന്നു. ●

# പ്രതിരോധ ഓർഡിനൻസ് ഫാക്ടറി സ്വകാര്യവൽക്കരണം

**പി.വി. രാജേന്ദ്രൻ** (ജന.സെക്രട്ടറി, കോൺഫെഡറേഷൻ സംസ്ഥാന കമ്മിറ്റി)

**Ordinance Factory Board ഇല്ലാതാക്കിക്കൊണ്ട് 41 ആയുധ നിർമ്മാണ ശാലകളെ ഡിഫെൻസ് പ്രൊഡക്ടീവ് ഡിപ്പാർട്ടമെന്റിൽ നിന്നും വേർപ്പെടുത്തി ഏഴ് സ്വയം ഭരണ കോർപ്പറേറ്റുകൾ ആക്കുവാനുള്ള തീരുമാനമാണ് കേന്ദ്ര ഗവൺമെന്റ് എടുത്തിരിക്കുന്നത്. നിരവധി അജണ്ടകൾ കോവിഡിന്റെ മറവിൽ ആത്മ നിർഭർ പദ്ധതിയിലൂടെ കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുകയാണ്. 1991 ൽ തുടങ്ങിയ നയം മൂന്ന് പതിറ്റാണ്ട് പൂർത്തിയാക്കുകയാണ്. ഭൂമിക്കടിയിലും, ഭൂമിയിലും ആകാശത്തുമുള്ള എല്ലാ വിഭവങ്ങളും, സ്ഥാപനങ്ങളും വിൽക്കുകയോ, സ്വകാര്യവൽക്കരിക്കുകയോ ചെയ്യുക എന്നതാണ് ഈ നയത്തിന്റെ ഉള്ളടക്കം.**




Never waste a good crisis എന്നത് ആധുനിക കാലത്തെ ഏറ്റവും ആകർഷകമായ ഒരു മുദ്രാവാക്യമായി ആഗോള വൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും വക്താക്കൾ കൂടക്കൂടെ നമ്മോട് പറഞ്ഞു കൊണ്ടേ ഇരിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിൽ ആണ് 2016 ൽ ആരംഭിച്ച Make in India Campaign ന്റെ ഭാഗമായി ആരംഭിക്കുകയും പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിക്കാത്തതുമായ നിരവധി അജണ്ടകൾ കോവിഡിന്റെ മറവിൽ ആത്മ നിർഭർ പദ്ധതിയിലൂടെ കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുന്നത്. 1991 ൽ തുടങ്ങിയ നയം അതിന്റെ മൂന്ന് പതിറ്റാണ്ട് പൂർത്തിയാക്കുകയാണ്.

ഭൂമിക്കടിയിലും, ഭൂമിയിലും ആകാശത്തുമുള്ള എല്ലാ വിഭവങ്ങളും, സ്ഥാപനങ്ങളും വിൽക്കുകയോ, സ്വകാര്യവൽക്കരിക്കുകയോ ചെയ്യുക എന്നതാണ് ഈ നയത്തിന്റെ ഉള്ളടക്കം. 2,72,000 തൊഴിലാളികൾ ജോലി ചെയ്യുന്ന കോൾ ഇന്ത്യ ലിമിറ്റഡ്, നമ്മുടെ വ്യോമയാന മേഖല, ഇന്ത്യൻ റെയിൽവെ, ബി.പി.സി.എൽ, ബാങ്ക്, എൽ.ഐ.സി, റിഫൈനറികൾ ഡിഫെൻസ് തുടങ്ങി എല്ലാ മേഖലകളും സ്വകാര്യവൽക്കരണ പാതയിലാണ്. എന്നാൽ 91 മുതൽ തുടങ്ങിയ 20 ലധികം വരുന്ന രാജ്യവ്യാപകമായ പണിമുടക്കുകളെ തുടർന്ന് ഗവൺമെന്റുകൾക്ക് ഈ നയം നടപ്പാക്കുന്നതിന് വേണ്ടത്ര വേഗത കിട്ടിയില്ല. അതുകൊണ്ട് തന്നെ ഗവൺമെന്റ് തൊഴിൽ സുരക്ഷ ഉറപ്പു നൽകുന്ന നമ്മുടെ തൊഴിൽ നിയമങ്ങൾ ഇല്ലാ താക്കുകയും, ലേബർ കോഡുകളാക്കി മാറ്റുകയും ചെയ്തു.

ഇത്തരമൊരു സാഹചര്യത്തിലാണ് കഴിഞ്ഞ രണ്ട് നൂറ്റാണ്ടായി രാജ്യത്തിന്റെ അഭിമാനമായി നിലകൊള്ളുന്ന Ordinance Factory Board ഇല്ലാതാക്കിക്കൊണ്ട് 41 ആയുധ നിർമ്മാണ ശാലകളെ ഡിഫെൻസ് പ്രൊഡക്ടീവ് ഡിപ്പാർട്ടമെന്റിൽ നിന്നും വേർപ്പെടുത്തി ഏഴ് സ്വയം ഭരണ കോർപ്പറേറ്റുകൾ ആക്കുവാനുള്ള തീരുമാനം ഉണ്ടാകുന്നത്.

നമ്മുടെ രാജ്യത്ത് 41 ആയുധ നിർമ്മാണശാല

**2021 ന് ജൂൺ 30 ന് കേന്ദ്ര ഗവൺമെന്റ് Defence Service Ordinance 20 കൊണ്ടുവന്നു. അടിയന്തരാവസ്ഥയെ അനുസ്മരിപ്പിക്കുന്ന മറ്റൊരു കരിനിയമമാണ് നിലവിൽ വന്നത്. അതീവ ഗൌരവമുള്ളതും, അങ്ങേയറ്റം ജനാധിപത്യ വിരുദ്ധവും, സംഘടിക്കാനും സമരം ചെയ്യാനുമുള്ള അവകാശം ഇല്ലാതാക്കുന്നതാണ് ഈ ഓർഡിനൻസ്. രാജ്യ രക്ഷാ സ്ഥാപനങ്ങളിൽ ട്രേഡ് യൂണിയൻ പ്രവർത്തനം നിരോധിക്കുന്നതിലേക്കുള്ള ആദ്യപടിയാണ് ഇത്.**



കൾ, 52 ഡി.ആർ.ഡി.ഒ ലബോറട്ടറികൾ, ഡി.ജി. ആർ.എ, ആർമി, നേവി, എയർഫോഴ്സ് എന്നീ ഡയറക്ടറേറ്റുകളുടെ കീഴിൽ പ്രവർത്തി ക്കുന്ന വിവിധ സ്ഥാപനങ്ങൾ എന്നിവ ഉൾക്കൊള്ളുന്നതാണ് രാജ്യസുരക്ഷാ വകുപ്പ്. ഇവയിൽ എല്ലാം കൂടി അംഗീകൃത തൊഴിൽശക്തി നാല് ലക്ഷം വരും. ആയുധ നിർമ്മാണ ശാലകളിൽ മാത്രം 76,000 ലധികം ജീവനക്കാരും അതിന്റെ ഇരട്ടിയോളം കരാർ ജീവനക്കാരും ജോലി ചെയ്യുന്നു.

1712 ൽ കൊൽക്കത്തയിലെ ഇച്ചാവൂരിൽ ആരംഭിച്ച ഗൺ ആന്റ് പൌഡർ ഫാക്ടറി ആണ് ഇന്ത്യയിലെ ആദ്യത്തെ ആയുധ നിർമ്മാണ ഉത്പാദക യൂണിറ്റ്. പിന്നീട രാജ്യത്തെയും, ലോക ത്തെയും വലിയ ആയുധ നിർമ്മാണ സ്ഥാപനമായി ഒ.എഫ്.ബി മാറുകയും പ്രതിവർഷം 3 ബില്ല്യൺ യു.എസ് ഡോളർ വിറ്റുവരവ് ഉണ്ടാക്കുകയും ചെയ്യു. ആയുധ കയറ്റുമതി നടത്തുന്ന രാജ്യത്തെ പ്രധാന സ്ഥാപനമായി ഇത് മാറി.

1940 ൽ ആരംഭിച്ച എച്ച്.എ.എൽ, 1954 ൽ ആരംഭിച്ച ബി.ബി.എൽ എന്നീ ഡിഫെൻസ് പബ്ലിക് സെക്ടർ യൂണിറ്റുകളും ഈ രംഗത്ത് മികച്ച പ്രവർത്തനം തുടർന്നു.

2003 ൽ അന്നത്തെ എൻഡിഎ ഗവൺമെന്റ് ഏറ്റവും കൂടുതൽ ലാഭത്തിൽ പ്രവർത്തിച്ചു വന്നിരുന്ന ഇന്ത്യൻ പെട്രോൾ കെമിക്കൽ കോർപ്പറേഷൻ, റിലയൻസ് ഇന്ത്യ ലിമിറ്റഡിന് വിൽപ്പന നടത്തുന്നതോടുകൂടി ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ മേൽ കോർപ്പറേറ്റ് കണ്ണുകൾ പതിയാൻ തുടങ്ങി. സ്റ്റോക്ക് ഹോം ഇന്റർനാഷണൽ പീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് 2020 മാർച്ചിൽ പുറപ്പെടുവിച്ച റിപ്പോർട്ടിൽ ആയുധങ്ങൾ കയറ്റുമതി ചെയ്യുന്ന രാജ്യങ്ങളിൽ ഇന്ത്യ 23ാം സ്ഥാനത്താണ്. ഇതിൽ മുഖ്യ പങ്ക് വഹിക്കുന്നത് ഒ.എഫ്.ബി ആണ്. രാജ്യ സുരക്ഷയ്ക്കു വേണ്ടിയുള്ള ചെലവിന്റെ കാര്യത്തിൽ അമേരിക്കയും ചൈനയും കഴിഞ്ഞാൽ മൂന്നാമത് നിൽക്കുന്നത് നമ്മുടെ ഇന്ത്യയാണ്.

ആയുധങ്ങൾ, പടക്കോപ്പുകൾ, ബുള്ളറ്റ് പ്രൂഫ് വസ്ത്രം, വാഹനങ്ങൾ, Mine Protected Vehicles എന്നിവ കേന്ദ്ര ആഭ്യന്തര മന്ത്രാലയങ്ങളിലെ കീഴിലേക്കും, സംസ്ഥാനങ്ങളിലെയും സേനാ വിഭാഗങ്ങൾക്ക് നൽകുന്നത് നമ്മുടെ ആയുധ നിർമ്മാണ ശാലകളിൽ നിന്നാണ്. ഇത് വികസിപ്പിച്ചെടുക്കുന്ന തിൽ നമ്മുടെ ഡി.ആർ. ഡി.ഒ ലാബുകൾ നടത്തുന്ന പ്രവർത്തനം വളരെ വിലപ്പെട്ടതാണ്.

2.4 ബില്ല്യൺ ഡോളർ മാത്രമാണ് ഇന്ത്യയിൽ പ്രൈവറ്റ് ഡിഫെൻസ് സെക്ടറിന്റെ വിറ്റുവരവ് എന്നതും ഈ അവസരത്തിൽ ശ്രദ്ധേയമാണ്. സൌദി അറേബ്യ കഴിഞ്ഞാൽ ആയുധങ്ങൾ ഇറക്കുമതി ചെയ്യുന്ന ലോകത്തിലെ രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ. അതുപോലെ തന്നെ ലോകത്ത് മൊത്തം കയറ്റു മതി ചെയ്യുന്ന ആയുധങ്ങൾ 10% ഇന്ത്യയിലേക്കാണ് വരുന്നത്. ലോകത്തെ മൂന്നാമത്തെ സായുധ സേനയും, പ്രതിരോധ ആവശ്യങ്ങൾക്ക് വേണ്ടി ചിലവഴി ക്കുന്നതിൽ ലോക രാജ്യങ്ങളിൽ 5ാം സ്ഥാനത്ത് നിൽക്കുന്നതുമായ നമ്മുടെ ഈ മേഖലയെ കോർപ്പറേറ്റ് വൽക്കരിക്കു ന്നതിലൂടെ എന്താണ് നേടാൻ പോകുന്നതെന്ന് നമുക്ക് നിസ്സംശയം മനസിലാക്കുവാൻ കഴിയുന്നതേയുള്ളൂ.

27/04/2017 ന് രാജ്യരക്ഷാ വകുപ്പിന്റെ ഒരു ഉത്തരവ് പ്രകാരം 143 തരം ഉത്പന്നങ്ങൾ കോർ ഐറ്റംസിൽ നിന്നും, നോൺ കോർ ഐറ്റംസ് വിഭാഗത്തിലേക്ക് മാറ്റുകയും, 2016 ലെ Defence Procurement Policy യുടെ ഭാഗമായി 49% നേരിട്ടും 100% പ്രത്യേകമായ രീതിയിലും എഫ്ഡിഐ ഈ മേഖലയിൽ അനുവദിക്കാൻ തീരുമാനിക്കുകയും ചെയ്യു. ഇതിന്റെ

ഭാഗമായി 222 ഓളം സ്വകാര്യ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുകയും ചെയ്തു. ലണ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന Conflict Arnament Research നടത്തിയ ഒരു പരിശോധന യിൽ ഐ.എസ് തീവ്രവാദികൾക്ക് ആയുധങ്ങ ൾ എത്തിക്കുന്നതിൽ 7 ഇന്ത്യൻ സ്വകാര്യ കമ്പ നികൾ ഉൾപ്പെട്ടിട്ടുണ്ട് എന്നത് വലിയ രീതിയിലു ള്ള സുരക്ഷാ ഭീഷണി ഉയർത്തുന്നതുമാണ്.

DPP 2016 ന്റെ ഭാഗമായി കോർ ഐറ്റം നോൺ കോർ ഐറ്റം ആക്കിയതിന്റെ ഭാഗമായി 4 ചെറുകിട ആയുധ നിർമ്മാണ ശാലകളുടെ ഭാവിയും, ജീവനക്കാരുടെ ജോലി സുരക്ഷിതത്വ വും അപകടത്തിൽ ആയതിനെ തുടർന്ന് ആൾ ഇന്ത്യ ഡിഫെൻസ് എംപ്ലോ യീസ് ഫെഡറേഷ ന്റെ നേതൃത്വത്തിൽ 2017 ജൂലൈ 3 മുതൽ ആഗസ്റ്റു 8 വരെ 35 ദിവസം നീണ്ടുനിന്ന നിരാഹാര സത്യാ ഗ്രഹം ഡൽഹിയിൽ സംഘടിപ്പിച്ചു. അതിനു ശേഷം 2019 ജനുവരി 23, 24, 25 തീയതികളിൽ ദേശവ്യാപകമായി ഡിഫെൻസ്, സിവിൽ ജീവന ക്കാർ പണിമുടക്കി. വിവിധ ഡിപ്പാർട്ടമെന്റുകളിൽ നിന്നും ഒഴിവുകൾ കുറച്ചുകൊണ്ടുള്ള ഉത്തരവു കൾ ഇറക്കി കൊണ്ടുള്ള കരാർവൽക്കരണവും, സ്വകാര്യവൽകരണവും കേന്ദ്ര സർവീസിൽ നിർബാധം തുടർന്നു.

Ordinance Factory കൾ കോർപ്പറേറ്റ് വൽക്കരിക്കുന്നതിനെതിരെ 2020 ഒക്ടോബർ 12 മുതൽ അനിശ്ചിതകാല പണിമുടക്ക് സമരം മുഴുവൻ സംഘടനകളും ഒറ്റക്കെട്ടായി ആരംഭി ക്കുകയും 15-ാം തീയതി ചീഫ് ലേബർ കമ്മീഷ ണറുടെ സാന്നിധ്യത്തിൽ എംപവേർഡ് ഗ്രൂപ്പ് ഓഫ് മിനിസ്ട്രി ചർച്ച നടത്തുകയും 17-ാം തീയതി സമരം താത്കാലികമായി മാറ്റിവെക്കുകയും ചർച്ചകൾ വിവിധ തലങ്ങളിൽ തുടരുവാൻ തീ രുമാനിക്കുകയും ചെയ്തു. സംഘടനകൾ ബദൽ നിർദേശങ്ങൾ ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തു. എന്നാൽ അവയൊന്നും മുഖവിലക്കെടു ക്കാതെ Failure Report ഗവൺമെന്റിന് നൽകി. സാധാരണ രീതിയിൽ അനുരഞ്ജന ചർച്ച കൾ വഴിമുട്ടുമ്പോൾതൊഴിൽ മന്ത്രാലയം ആ കേസ് അഡ്ജുഡിക്കേഷന് വിടുകയാണ് ചെയ്യേ ണ്ടത്. എന്നാൽ ആത്മനിർഭർ പദ്ധതിയുടെ ഭാഗമായി ഗവൺമെന്റ് എടുത്ത തീരുമാനത്തിന്റെ പിൻബല ത്തിൽ ഒരു ഓഫീസ് മെമ്മോറാണ്ടം വഴി 2013 ലെ കമ്പനി നിയമപ്രകാരം 41 ഒ.എഫ്.ബി സ്ഥാപന ങ്ങളെ 7 കോർപ്പറേഷൻ ആക്കിക്കൊണ്ടുള്ള ഉത്തരവ് ഇറക്കുകയും ചെയ്തു. അതോടെ ഭര ണഘടനയുടെ 309 ാം വകുപ്പ് നൽകുന്ന പരിര ക്ഷയിലൂടെ കേന്ദ്ര ഗവൺമെന്റ് ജീവനക്കാ രായി ജോലിയിൽ പ്രവേശിച്ച 80,000 ലധികം ജീവന ക്കാർ DPSU ജീവനക്കാരായി മാറി.

1. Animation and Exploncey
2. Vehicles
3. Weapons and Equpments
4. Ancillory items
5. Opto electronics
6. Troop and comfort items
7. Parachute

ഇന്നിവയാണ് ഈ കോർപ്പറേറ്റുകൾ.

ഇതിനെ തുടർന്ന് സമര രംഗത്തുണ്ടായിരു ന്ന എല്ലാ സംഘടനകളും അടിയന്തര യോഗം ചേർന്ന് അനിശ്ചിതകാല പണിമുടക്ക് അട ക്കമുള്ള സമര പരിപാടികൾ വീണ്ടും പുനരാം രംഭിക്കാൻ തീരുമാനിച്ചു. കേന്ദ്ര ട്രെഡ് യൂണിയ നുകളും, ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാന ങ്ങളും രാജ്യസ്നേഹികളും ഒന്നടങ്കം ഈ തീരുമാനത്തിൽ പ്രതിഷേധം രേഖപ്പെടുത്തുകയും, പിൻവലിക്ക ണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ 60,000 ലധികം ഏക്കർ സ്ഥലവും, കോടിക്കണ ക്കിന് രൂപയുടെ ആസ്തികളുമുള്ള സ്ഥാപനങ്ങ ൾ ഇന്നല്ലെങ്കിൽ നാളെ നമ്മുടെ താകുമെന്ന സന്തോഷം കോർപ്പറേറ്റുകൾ പങ്കുവച്ചു.

തൊഴിൽ സ്ഥാപനങ്ങൾക്ക് മുന്നിൽ വലിയ തോതിലുള്ള പ്രതിഷേധങ്ങൾ അലയടിക്കു വാൻ തുടങ്ങി. ജൂലൈ 8 ന് പണിമുടക്ക് നോട്ടീസ് നൽകുവാനും 26 മുതൽ അനിശ്ചിതകാല പണി മുടക്ക് ആരംഭിക്കുവാനും, തീരുമാനിക്കുകയും കേന്ദ്ര ഗവൺമെന്റിനെ ഈ കാര്യം അറി യിക്കു കയും ചെയ്തു. എന്നാൽ 2021 ന് ജൂൺ 30 ന് കേന്ദ്ര ഗവൺമെന്റ് Defence Service Ordinance 20: 1975 ജൂൺ 26 ന് രാജ്യത്ത് പ്രഖ്യാപിച്ച ആഭ്യ ന്തര അടിയന്തരാവസ്ഥയെ അനുസ്മരിക്കാൻ മറ്റൊരു കരിനിയമം നിലവിൽ വന്നു. അതീവ ഗൌരവമുള്ളതും, അങ്ങേയറ്റം ജനാധിപത്യ വിരുദ്ധവും, സംഘടിക്കാനും സമരം ചെയ്യാനു മുള്ള അവകാശം ഇല്ലാതാക്കുന്നതാണ് ഈ ഓർഡിനൻസ്. രാജ്യ രക്ഷാ സ്ഥാപനങ്ങളിൽ ട്രേഡ് യൂണിയൻ പ്രവർത്തനം നിരോധിക്കുന്നതി ലേക്കുള്ള ആദ്യപടിയാണ് ഇത്. പ്രൊഡക്ഷൻ, ഓപ്പറേഷൻ, സർവീസ്, റിപ്പയർ എന്നീ മേഖലക ളിൽ പണിമുടക്ക് നിരോധിക്കുകയും, പണിമുട ക്കുകയോ അതിന് പ്രേരിപ്പിക്കുകയോ ചെയ്താൽ ജോലിയിൽ നിന്നും, പിരിച്ചു വിടാനും ജയിൽ ശിക്ഷ നൽകുന്നതിനും വ്യവസ്ഥ ചെയ്യുന്നു. ●

# ലോകചരിത്രത്തിൽ
# തൊഴിലാളി പ്രസ്ഥാനം രൂപം കൊള്ളുന്നു



**വ്യാവസായിക വിപ്ലവത്തിന്റെ ഉല്പന്നമാണ് ആധുനിക തൊഴിലാളി വർഗ്ഗ പ്രസ്ഥാനം. ഇംഗ്ലണ്ട് കേന്ദ്രമായി വ്യവസായ വിപ്ലവം വികസിച്ചു വന്നപ്പോൾ അതിന് സമാന്തമായി തൊഴിലാളി വർഗ്ഗ പ്രസ്ഥാനവും ഉയർന്നു വന്നു. മുതലാളിത്തത്തിന്റെ വളർച്ച, പഴയ ഫ്യൂഡൽ വ്യവസ്ഥയിൽ നിന്ന് ആധുനിക സമ്പദ്‌വ്യവസ്ഥയിലേക്കുള്ള പരിവർത്തനം 16ാം നൂറ്റാണ്ടിന്റെ മധ്യകാലം മുതൽ തുടങ്ങി. 200 വർഷം നീണ്ടു നിന്ന ഈ പരിവർത്തനത്തിനിടയ്ക്ക് മുതലാളിത്തം കൈവരിച്ച സവിശേഷതകൾ യന്ത്രസാമഗ്രികൾ ഉപയോഗിച്ചുള്ള നിർമ്മാണ പ്രക്രിയയായിരുന്നു. ഈ ഘട്ടത്തിലെല്ലാം അദ്ധ്വാനം വിറ്റഴിക്കുന്ന പ്രക്രിയയാണ് തൊഴിലാളി വർഗ്ഗം തുടർന്നു വന്നത്.**

ആ ഘട്ടത്തിന്റെ സവിശേഷത യന്ത്രങ്ങളുടെ കണ്ടെത്തലും ഉപയോഗപ്പെടുത്തലും മാത്രമായിരുന്നില്ല മറിച്ച് അടിസ്ഥാനവർഗ്ഗത്തിന്റെ തൊഴിലാളി വർഗ്ഗത്തിന്റെ പ്രത്യക്ഷപ്പെടലും കൂടെ ആയിരുന്നു. ഫാക്ടറികളുടെയും ഉല്പാദനോപാധികളുടെയും ഉടമകളായ മുതലാളി വർഗ്ഗവും ശക്തമായി പ്രത്യക്ഷപ്പെട്ടു. തൊഴിലാളിവർഗ്ഗം ഉത്പാദനോപാദികൾ സ്വന്തമായില്ലാത്ത വെറും കൂലിവേലക്കാർ മാത്രം ആയിരുന്നു.

വ്യാവസായിക വിപ്ലവത്തിന് രണ്ട് വർഗ്ഗങ്ങൾ ഉണ്ട്. ഒന്ന്, പഴയ ഫ്യൂഡൽ വ്യവസ്ഥയുടെ അസ്തമനം. മറ്റൊന്ന് തൊഴിലാളി വർഗ്ഗം ഉൾക്കൊള്ളപ്പെടുന്ന മുതലാളിവർഗ്ഗം. ഇതിന്റെ അനന്തരഫലം വിനാശകരമായിരുന്നു. പുതിയ ഉത്പാദന പ്രക്രിയയിൽ മിക്കവാറും ജോലികൾ നിർവഹിക്കാൻ സവിശേഷമായ കായികബലമോ കഠിനാധാനത്തിലൂടെ നേടി എടുത്ത വൈദഗ്ധ്യമോ ഉണ്ടായിരിക്കേണ്ടത് ആവശ്യമല്ലാതായതോടെ സ്ത്രീ തൊഴിലാളികളുടെയും ബാലവേല ചെയ്യുന്നവരുടേയും എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടായി. ഈ പ്രതിഭാസം സാമാന്യ ജനങ്ങളുടെ ഭൗതികവും മാനുഷികവുമായ ക്ഷേമത്തിനുമേൽ അപകടകരമായ ആധിപത്യം ചെലുത്തി.



എൻ.പത്മലോചനൻ

ഒരു ദേശീയപ്രസ്ഥാനമെന്ന നിലയിൽ ട്രെയിഡ് യൂണിയനിസം വ്യവസായ വിപ്ലവത്തിന്റെ ഉത്പന്നമായിരുന്നെങ്കിലും അതിനും വളരെ മുമ്പുതന്നെ 1752 മുതൽ ഇംഗ്ലണ്ടിൽ ട്രെയ്ഡ് യൂണിയൻ രൂപം കൊള്ളാൻ തുടങ്ങിയിരുന്നു. എന്നാൽ ചരക്കുത്പാദനത്തിന്റെ ആദ്യകാലഘട്ടങ്ങളിൽ തൊഴിലാളികളും മുതലാളിമാരും തമ്മിൽ താത്പര്യസംഘട്ടനങ്ങൾ ഉണ്ടായിരുന്നിട്ടും തൊഴിലാളികൾ എല്ലാം സഹിച്ച് ഈ വ്യവസ്ഥിതിയുമായി പൊരുത്തപ്പെട്ടു പോയിരുന്നു. കർഷകരുടെ കാര്യത്തിലും ഇത് തികച്ചും സത്യമായിരുന്നു എന്ന

കാര്യം എടുത്തു പറയേണ്ടതുണ്ട്. അക്കാലത്ത് ശക്തരായിരുന്ന ഭൂപ്രഭുക്കളുടെ ഭൂമിയിലുള്ള തങ്ങളുടെ നിലനിൽപുതന്നെ പറഞ്ഞറിയിക്കാൻ കഴിയാത്തത്ര ദുരിതത്തിലായിരുന്ന കർഷകർ പുതിയ വ്യവസായങ്ങളിൽ ബദൽ ജീവിതമാർഗ്ഗം കണ്ടെത്തി.

18ാം നൂറ്റാണ്ടോടുകൂടി ഒട്ടേറെ കരകൗശല തൊഴിലാളികളിലെ വിദഗ്ധ കൈത്തൊഴിലുകാർക്കിടയിൽ ഏതു നിലയിൽ നോക്കിയാലും അവരുടെ എണ്ണം വർദ്ധിക്കുകയും കൂടുതൽ കരുത്തുറ്റതും ഫലപ്രദവുമായും കൂട്ടം കൂടൽ ഉണ്ടായി. വളർച്ചയുടെ ആദ്യഘട്ടത്തിൽ പല വിദഗ്ധ തൊഴിലുകളിലും തൊഴിൽ അഭ്യസിച്ചിരുന്നവരിൽ പലർക്കും തലവന്മാരാകാൻ മാസ്റ്റർമാരാകാൻ എളുപ്പം കഴിയുമായിരുന്നില്ല.

തങ്ങളുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്താനായി അവരുടെ ട്രെയിഡ് ക്ലബുകൾ ട്രെയിഡ് യൂണിയനുകൾ എന്ന നിലയിൽ കൂടുതലായി ഉപയോഗിക്കാൻ തുടങ്ങി. കച്ചവടക്കാരായ മുതലാളിമാർ നെയ്ത്തുകാരനെ കൂലിവേലക്കാരന്റെ നിലയിലേക്കു തരം താഴ്ത്തിയ കമ്പിളി വ്യവസായത്തിൽ മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ഉറപ്പു വരുത്താനുദ്ദേശിച്ചുകൊണ്ട് തൊഴിലാളികളുടെ കൂട്ടായ്മ രൂപം കൊണ്ടു.

കൽക്കരി പാടങ്ങളിൽ ഒന്നിലും ഖനി തൊഴിലാളികൾക്ക് സ്ഥിരം സംഘടന ഉണ്ടായിരുന്നില്ല. എഞ്ചിനിയറിംഗ് വ്യവസായത്തിലും ഇരുമ്പ് ഉരുക്ക് വ്യവസായത്തിലും സ്പെഷ്യലിസ്റ്റ് തൊഴിലാളികൾക്കിടയിൽ ട്രെയിഡ് യൂണിയനുകൾ വളർന്നു വരാൻ തുടങ്ങി.



തൊഴിലാളികളുടെ കൂലി അദ്ധ്വാനിക്കുന്ന ജനങ്ങളെ കൂട്ടത്തോടെ സംഹരിച്ച് മുമ്പ് ഉണ്ടായിരുന്ന നിലയിൽ നിശ്ചയിക്കാനാണ് 1349 ൽ തൊഴിലാളികളെ സംബന്ധിച്ച ഓർഡിനൻസ് നിയമമാക്കിയത്. 1640 ഓടുകൂടി ജസ്റ്റിസ്മാർ ഏകപക്ഷീയമായി കൂലി നിശ്ചയിക്കുന്ന സമ്പ്രദായം എല്ലാ തൊഴിലാളികൾക്കും ബാധകമാക്കി. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഉന്നം വച്ച് ഗൗരവ പൂർവ്വം തയ്യാറാക്കപ്പെട്ടവ ആയിരുന്നില്ല തൊഴിൽ ചട്ടങ്ങൾ ഒന്നും തന്നെ. എന്നിട്ടും പ്രസ്തുത ചട്ടങ്ങൾ പോലും പുരോഗതിയ്ക്ക് ഹാനികരവും അനാവശ്യവുമാണെന്നാണ് മുതലുടമകൾ വാദിച്ചിരുന്നത്. തൊഴിലുടമകളുടെ ഈ വാദത്തിനായിരുന്നു ബ്രിട്ടീഷ് പാർലമെന്റ് പ്രാധാന്യം നൽകിയിരുന്നത്. ഈ പ്രവണത ഇംഗ്ലണ്ടിൽ മാത്രമായി ഒതുങ്ങിനിന്നില്ല. അത് ഫ്രാൻസ്, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിലും പ്രകടമായി. 1731 ആയപ്പോഴേക്കും കൃത്യമായും എല്ലാ യൂറോപ്യൻ രാജ്യങ്ങളിലും ഒരു പൊതുനിയമം കൊണ്ട് അപ്രന്റീസ് യൂണിയനുകൾക്കുമേൽ നിരോധനം ഏർപ്പെടുത്തി. ഇതുപോലുള്ള നിയമങ്ങളുടെ വക്താക്കളും ക്ലാസിക്കൽ ലിബറൽ സാമ്പത്തിക ശാസ്ത്രജ്ഞന്മാരും പ്രചരിപ്പിച്ചിരുന്നത് നിരവധി ചെറുകിട ഉത്പാദകരുടെ സ്വത്ത് ബന്ധങ്ങളും അവർ തമ്മിലുള്ള സ്വകാര്യമത്സരങ്ങളും ഉറപ്പാക്കിക്കൊണ്ട് മാത്രമേ സ്വാതന്ത്ര്യവും സമത്വവും സംരക്ഷിക്കാനാവു എന്നാണ്. തൊഴിലാളികളാകട്ടെ ഇത്തരം ആശയങ്ങളുടെ തടവുകാരായിരുന്നു. കാരണം അവർ സ്വയം കരുതി ഇരുന്നത് തങ്ങൾ കുലീനരല്ലാത്ത താഴ്ന്ന വിഭാഗക്കാരാണെന്നാണ്.

എന്നാൽ എല്ലാപേർക്കും തുല്യമായ രാഷ്ട്രീയ അവകാശങ്ങൾ വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും അങ്ങിനെ ഒരു ചെറു ന്യൂനപക്ഷത്തിന്റെ താത്പര്യത്തിനായി ഭരണ കൂടത്തെ ദുരുപയോഗം ചെയ്യുന്നതു തടഞ്ഞു കൊണ്ടും മാത്രമേ തങ്ങളുടെ അവകാശങ്ങൾ തിരിച്ചു പിടിക്കാനാകു. തൊഴിലാളികൾക്കും വിപ്ലവകാരികളായ ബുദ്ധിജീവികൾക്കും വളരെ വേഗം ബോദ്ധ്യപ്പെട്ടു തുടങ്ങി. അതുകൊണ്ടായിരുന്നു തൊഴിലാളിവർഗ്ഗവും വിപ്ലവകാരികളായ ബുദ്ധിജീവികളും ഫ്രാൻ

സിൽ പുറത്ത് ഫ്രഞ്ച് വിപ്ലവത്തിന്റെ മുഖസംരക്ഷകരായിമാറിയത്.

ബ്രിട്ടനിൽ, തൊഴിലാളികളുടെ സംഘം ചേരലും ചെറുത്തു നില്പും വർദ്ധിച്ചു വരുന്നതിൽ ഭരണകൂടത്തിന്റെ പരിഭ്രാന്തി വർദ്ധിച്ചു കൊണ്ടിരുന്നു. പ്രത്യേകിച്ചും 18ാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിലെ ബ്രിട്ടീഷ് ഫ്രഞ്ച് യുദ്ധകാലത്ത് നടന്ന പണിമുടക്കു പരമ്പരകളെ തുടർന്ന 1789 ലെ ഫ്രഞ്ച് വിപ്ലവം തൊഴിലാളി വർഗ്ഗത്തിലുണ്ടാക്കിയ ഉണർവിനെക്കുറിച്ചുള്ള പൊതുഭീതിക്കടിപ്പെടും. 1799 1800 കാലത്ത് ബ്രിട്ടനിൽ സംഘം ചേരൽ നിയമം പാസ്സാക്കി.

മൂലധനത്തിന്റെ ആരംഭം മുതൽ തന്നെ മുതലാളിയും കൂലിവേലക്കാരും തമ്മിലുള്ള താത്പര്യ സംഘട്ടനവും ആരംഭിച്ചിരുന്നു എന്നാണ് സാമൂഹ്യ ചരിത്രം വെളിപ്പെടുത്തുന്നത്. മാനുഫാക്ചറിംഗ് കാലഘട്ടത്തിലുടനീളം അത് ഉഗ്രരൂപം പ്രാപിച്ചു തുടർന്നു. യന്ത്രസാമഗ്രികളുടെ വരവോട് കൂടി അധ്വാനത്തിനുള്ള ഉപകരണമെന്ന നിലയിൽ യന്ത്രങ്ങൾ തല്ലിത്തകർക്കൽ ഉണ്ടായതിൽ അൽപവും അത്ഭുതത്തിന് അവകാശമില്ല. യന്ത്രങ്ങൾക്കെതിരായ തൊഴിലാളികളുടെ നിരവധി കലാപങ്ങൾക്ക് 17ാം നൂറ്റാണ്ടിലെ യൂറോപ്പ് സാക്ഷ്യം വഹിച്ചു. ഏകദേശം 1630 ൽ ഒരു ഡച്ചുകാരൻ ഇംഗ്ലണ്ടിനടുത്ത് സ്ഥാപിച്ച കാറ്റാടിയന്ത്രത്തെ ജനങ്ങൾ തല്ലി തകർത്തു. 1758 ൽ ചെമ്മരിയാടിന്റെ രോമം മുറിക്കാനുള്ള ആവിശക്തികൊണ്ട് പ്രവർത്തിക്കുന്ന ഒരു യന്ത്രം സ്ഥാപിക്കപ്പെട്ടത് തൊഴിൽ നഷ്ടപ്പെട്ടകൂട്ടം അതിനെ അഗ്നിക്കിരയാക്കി. 56,000 തൊഴിലാളികൾ ചെമ്മരിയാടിന്റെ രോമം ചീകി ഒരുക്കുന്നതിൽ ഏർപ്പെട്ടിരുന്നു.



വ്യവസായവൽക്കരണം അതിവേഗം ഫ്രാൻസിലും ജർമ്മനിയിലുമെല്ലാം വ്യാപിച്ചു. കരുത്താർജിച്ചു വന്ന ബൂർഷ്വാസിയുടെ സാമ്പത്തിക ശക്തിയിലുണ്ടായ വർദ്ധനവും, വ്യാവസായികതൊഴിലാളികളിലുണ്ടായ എണ്ണത്തിലെ വർദ്ധനവും ബൂർഷ്വാസിയെ തൊഴിലാളികളുമായി സഖ്യത്തിലേർപ്പെടാൻ നിർബന്ധിതരാക്കി.

ശക്തമായ സാമ്പത്തിക അടിത്തറയുള്ള ഇംഗ്ലീഷ് വ്യാവസായിക ബൂർഷ്വാസിയും മറ്റു ഉടമകളായ പിൻതിരിപ്പൻമാരും തമ്മിൽ രാഷ്ട്രീയധികാരത്തിനു വേണ്ടി നടത്തിയ പോരാട്ടം വളരെ വലിയ രാഷ്ട്രീയ സാദ്ധ്യതകൾക്കു വഴി തുറന്നു. ഇത് പരിഷ്ക്കരണ പ്രസ്ഥാനവുമായി മുന്നോട്ടു പോകാൻ ഇംഗ്ലീഷ് തൊഴിലാളി വർഗ്ഗത്തിന് വഴി തുറന്നു. 1819 ആഗസ്റ്റ് 16ന് ഹിറ്റ്ലർ ലൂവിൽ നടത്തിയ വമ്പിച്ച ബഹുജന പ്രകടനത്തിൽ ഇംഗ്ലീഷ് തൊഴിലാളിവർഗ്ഗം തങ്ങളുടെ ആദ്യത്തെ സാമൂഹികവുംരാഷ്ട്രീയവുമായ ആവശ്യങ്ങൾ മുന്നോട്ടു വച്ചു. തൊഴിലാളികൾ നടത്തിയത് തികച്ചും സമാധാനപരമായ ഒരു പ്രകടനമായിരുന്നിട്ടും ബോധപൂർവ്വമായ ഒരു കൂട്ടകുരുതിയിലൂടെയാണ് സർക്കാർ അതിനെ നേരിട്ടത്. എന്ത് വിലകൊടുത്തും തൊഴിലാളിവർഗ്ഗത്തിന്റെ പരിഷ്കരണ പ്രസ്ഥാനത്തെ മുളയിലേ നുള്ളികളയാനുള്ള ദൃഢനിശ്ചയത്തിലായിരുന്നു സർക്കാർ. ഇംഗ്ലീഷ് തൊഴിലാളിവർഗ്ഗത്തിന്റെ പോരാട്ടത്തിൽ ഈ സംഭവം ഒരു പുതിയഘട്ടത്തിന് തുടക്കം കുറിച്ചു.

1824 ലെ സംഘം ചേരൽ തടയൽ നിയമം റദ്ദാക്കുന്നതിന് ഇടയാക്കി. ഇതിനെ തുടർന്ന് അസംഖ്യം ട്രെയിഡ് യൂണിയനുകൾ സ്ഥാപിക്കപ്പെട്ടു. മുൻപു തന്നെ ഒളിവിൽ പ്രവർത്തിച്ചിരുന്നവരും സുഹൃദ് സംഗമങ്ങൾ എന്നപേരിൽ പ്രവർത്തിച്ചിരുന്നവരും എല്ലാം ട്രെയിഡ് യൂണിയൻ രൂപത്തിൽ പുറത്തു വന്നു. നിയമപരമായ തടസങ്ങൾ മാറിയതിനെ തുടർന്ന് തൊഴിലാളികൾ കൂട്ടത്തോടെ യൂണിയനുകളിലേക്കു വന്നു. തൊഴിലാളികളുടെ അടിച്ചമർത്തപ്പെട്ട വികാരങ്ങൾ പണിമുടക്ക് പരമ്പരകളായിപ്പൊട്ടി പുറപ്പെട്ടു. കലാപങ്ങളും രക്തച്ചൊരിച്ചിലുകളും ഉൾപ്പെടെ വ്യാവസായിക അസ്വസ്ഥത പടർന്നു പിടിച്ചു.

തൊഴിലാളികളുടെ സംരക്ഷണത്തിനായുള്ള ദേശീയ അസോസിയേ

ഷൻ 1830 ൽ സ്ഥാപിച്ചു. ഇത് യൂണിയനുകളുടെ ഒരുമിപ്പിക്കാനുള്ള ശ്രമം നടത്തി. തൊഴിലുടമകളെ വിജയകരമായി നേരിടുകയും അവരിൽ നിന്നും ആനുകൂല്യങ്ങൾ നേടി എടുക്കത്തക്കവിധം തൊഴിലാളികളുടെ ഐക്യം കെട്ടിപെടുത്തുന്നതിനും ശ്രമിച്ചു. എല്ലാ ചരക്കുകളുടെയും ഉത്പാദനവും വിതരണവും സംഘടിപ്പിക്കുന്നതിന് തൊഴിലുടമകളെക്കൂടി കൂട്ടിയോജിപ്പിക്കുന്നതിനുള്ള സംവിധാനം എന്ന നിലയിൽ റോബോർട്ട് ഓവർ ഉത്പാദക സഹകരണ സംഘങ്ങൾക്കു രൂപം നൽകി. ഈ ലക്ഷ്യത്തോടെ 1834 ൽ ലണ്ടനിൽ ട്രെയിഡ് യൂണിയൻ പ്രതിനിധികളുടെ ഒരു പ്രത്യേക സമ്മേളനത്തിൽ വച്ച് അദ്ദേഹം ഗ്രീൻഡ് നാഷണൽ കൺസോളിഡേറ്റഡ് ട്രെയിഡ് യൂണിയൻ സ്ഥാപിച്ചു. ഇതോടുകൂടി അതുവരെ പരിഷ്ക്കരണ വാദപരമായിരുന്ന ഓവനിസം തൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തിന്റെ മുഖ്യ സൈദ്ധാന്തിക സ്തംഭങ്ങളിൽ  ഒന്നായി മാറി. ഓവൻ ഒരിക്കലും വർഗ സമരത്തെപ്പറ്റി ചിന്തിച്ചിരുന്നില്ലെങ്കിലും വാസ്തവത്തിൽ ട്രെയിഡ് യൂണിയൻ പ്രവർത്തനം വർദ്ധിച്ചു വന്നത് ഭരണകൂടത്തിന്റെ കടുത്ത ആക്രമണങ്ങൾക്ക് ഇടയാക്കി. ഇത് ഗ്രാന്റ് നാഷണൽ യൂണിയന്റെ തകർച്ചയിൽ പര്യവസാനിച്ചു. ഇതോടെ ഓവന്റെ സ്വാധീനവും അദ്ദേഹത്തിന്റെ സഹകരണ പ്രത്യയ ശാസ്ത്രവും അസ്തമിച്ചു.

ഇംഗ്ലീഷ് തൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തിന്റെ അടുത്ത ഘട്ടം സാർവത്രിക വോട്ടവകാശം വീണ്ടും ശ്രദ്ധാ കേന്ദ്രമാക്കി. 1836 ൽ വില്യം ലോവെറ്റിന്റെയും മറ്റു ചിലരുടെയും മുൻ കയ്യിൽ ലണ്ടൻ വർക്കിംഗ് മെൻ അസോസിയേഷൻ സ്ഥാപിക്കപ്പെട്ടു. തൊട്ടടുത്ത വർഷം തന്നെ രാഷ്ട്രീയ പരിഷ്ക്കരണത്തിനായുള്ള ആറ് ഇന ആവശ്യങ്ങൾ അടങ്ങിയ ജനകീയ ചാർട്ടർ അവതരിപ്പിച്ചു. അസംതൃപ്ത വിഭാഗങ്ങളെല്ലാം അണിനിരക്കുന്ന പൊതു കേന്ദ്രമായി ക്രമേണ ഈ ചാർട്ടർ മാറി. 1838 ആഗസ്റ്റിൽ ബർമിങ്ഹാമിലെ ന്യൂഹാൾ ഹില്ലിൽ വച്ച് ചേർന്ന പൊതുയോഗത്തിൽ വിവിധ ഗ്രൂപ്പുകളിൽപെട്ട നേതാക്കൻമാർ ഒത്തുകൂടി. അതുവരെ ഒറ്റപ്പെട്ടു നിന്നിരുന്ന പ്രക്ഷോഭങ്ങളെ ലയിപ്പിക്കാൻ അവർ തീരുമാനിച്ചു. 21 വയസ്സ് തികഞ്ഞ എല്ലാ പേർക്കും സാർവത്രിക വോട്ടവകാശവും രഹസ്യ ബാലറ്റ് പ്രകാരമുള്ള വോട്ടെടുപ്പ് പാർലമെന്റ് അംഗമാകുന്നതിന് സ്വത്ത് വേണമെന്ന വ്യവസ്ഥ റദ്ദാക്കൽ, അംഗങ്ങൾക്ക് വേതനം നൽകൽ, ഒരേ പോലത്തെ നിയോജക മണ്ഡലങ്ങൾ, വാർഷിക പാർലമെന്റ് എന്നിവയായിരുന്നു ചാർട്ടറിൽ ഉൾപ്പെട്ടിരുന്ന 6 ആവശ്യങ്ങൾ. ഇംഗ്ലണ്ടിന്റെ സമ്പൂർണ്ണ ജനാധിപത്യ വല്ക്കരണം അതാണീ ആവശ്യങ്ങളുടെ ഉള്ള്. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയുടെയും വലിയ തോതിലുള്ള തൊഴിലില്ലായ്മയുടെയും കാലഘട്ടത്തിലാണ് ഈ ആവശ്യങ്ങൾ ഉയർത്തപ്പെട്ടത്. അതുകൊണ്ട് തന്നെ ചാർട്ടറിനായുള്ള ഈ ആഹ്വാനം ഇംഗ്ലീഷ് തൊഴിലാളിവർഗ്ഗത്തിന്റെ ചിന്തകളിൽ തീ പടർത്തി. 30 ലക്ഷം ആൾക്കാരാണ് നിവേദനത്തിൽ ഒപ്പു വച്ചത്.



ചാർട്ടിസ്റ്റുകളുടെ നിവേദനത്തെ പിൻതിരിപ്പിക്കാൻ പാർലമെന്റ് അവജ്ഞതയോടെ നിരാകരിക്കുകയാണുണ്ടായത്. പ്രതിഷേധ രൂപത്തിൽ പണിമുടക്കങ്ങളും കലാപങ്ങളും പൊട്ടി ഒഴുകി. തൊഴിലാളി പ്രസ്ഥാനത്തിന്റെ നീക്കങ്ങളെ ദുർബലപ്പെടുത്താൻ ചില ബൂർഷ്വാ പാർട്ടികൾ നീക്കം നടത്തി. എങ്കിലും സമര പ്രസ്ഥാനത്തിന്റെ വ്യാപ്തിയും കരുതലും ചില സാമൂഹ്യ ആനുകൂല്യങ്ങൾ അനുവദിക്കാൻ പാർലമെന്റിനെ നിർബന്ധിതമാക്കി.

ഈ പ്രസ്ഥാനം പത്തു വർഷം നീണ്ടു നിന്നെങ്കിലും പരിചയകുറവു മൂലം അടിസ്ഥാന ആവശ്യങ്ങൾ അംഗീകരിപ്പിക്കാൻ അങ്ങനെ പ്രസ്ഥാനത്തെ വിജയകരമായ പരിസമാപ്തിയിൽ എത്തിക്കാൻ കഴിയാതെ പോയി. അങ്ങനെ ചാർട്ടിസ്റ്റ് പ്രസ്ഥാനത്തിന്റെ അന്ത്യം കുറിച്ചു. ●

ബ്ലൂ എക്കോണമി

# കടൽ കൊള്ളയ്ക്ക് ഒരു അനുമതി പത്രം

**പുല്ലുവിള സ്റ്റാൻലി**

**മുതലാളിത്ത ശക്തികൾക്ക് നമ്മുടെ തീരമേഖലയേയും, സമുദ്രവിഭവങ്ങളെയും നിർലോഭം കൊള്ളയടിക്കാനുള്ള സുവർണ്ണാവസരം ഒരുക്കുന്നതരത്തിലാണ് ബ്ലൂ എക്കോണമി കരട് നയം കേന്ദ്ര സർക്കാർ രൂപീകരിച്ചിരിക്കുന്നത്. ഇതിലൂടെ ദുർബല വിഭാഗമായ മത്സ്യതൊഴിലാളികൾ ഉൾപ്പെടുന്ന സാധാരണക്കാരായ ജനങ്ങളുടെ ജീവനും ജീവനോപാധിയുമാണ് തച്ചുടക്കപ്പെടുവാൻ പോകുന്നത്.**

ലോകത്തിലെ ഏറ്റവും വലിയ ജൈവ സമ്പത്തിന്റെ ഉറവിടമാണ് സമുദ്രങ്ങൾ. മാനവരാശിയുടെയും മറ്റു ജീവജാലങ്ങളുടെയും നിലനിൽപ്പിന് സമുദ്രത്തിന് മുഖ്യമായ സ്ഥാനമുണ്ട്. നിഗൂഢമായ പല രഹസ്യങ്ങളുടെയും, വിഭവസ്രോതസ്സിനെ പോലെ തന്നെ മനുഷ്യന്റെ അത്യാർത്തിക്ക് കൂടി പാത്രീഭവിച്ച് കൊണ്ടിരിയ്ക്കുകയാണ് നമ്മുടെ സമുദ്രങ്ങൾ. ഭാവി തലമുറയുടെയും അവരുടെ നിലനിൽപ്പിനെയും വിസ്മരിച്ചു കൊണ്ട് മനുഷ്യൻ ഈ സ്രോതസ്സിനെ തിരിച്ചുപിടിക്കാനാകാത്തവിധം നശിപ്പിച്ചു കൊണ്ടിരിക്കുകയാണ്.

മാനവരാശിയുടെ നിലനിൽപ്പിന് സമുദ്രങ്ങളുടെ പങ്ക് മനസ്സിലാക്കി കൊണ്ടാണ് ഐക്യ രാഷ്ട്രസഭ ഇവയുടെ സുസ്ഥിര വികസനത്തിനും സംരക്ഷണത്തിനുമായി 'ബ്ലു എക്കോണമി' എന്ന ആശയം മുന്നോട്ടു വെച്ചത്. പക്ഷേ നമ്മുടെ രാജ്യത്ത് ഏത് ആശയത്തെയും കോർപ്പറേറ്റുകൾക്ക് മാത്രം പണം സമ്പാദിക്കാനും നിലനിർത്താനും ഉള്ള ഉപാധിയാക്കി മാറ്റുന്ന മോദിസർക്കാർ ആ പതിവ് ഇവിടെയും തെറ്റിച്ചിട്ടില്ല എന്നതാണ് വാസ്തവം.

മുതലാളിത്ത ശക്തികൾക്ക് നമ്മുടെ തീരമേഖലയേയും, സമുദ്രവിഭവങ്ങളെയും നിർലോഭം കൊള്ളയടിക്കാനുള്ള സുവർണ്ണാവസരം ഒരുക്കുന്നതരത്തിലാണ് ബ്ലൂ എക്കോണമി കരട് നയം കേന്ദ്ര സർക്കാർ രൂപീകരിച്ചിരിക്കുന്നത്. ഇതിലൂടെ ദുർബല വിഭാഗമായ മത്സ്യതൊഴിലാളികൾ ഉൾപ്പെടുന്ന സാധാരണക്കാരായ ജനങ്ങളുടെ ജീവനും ജീവനോപാധിയുമാണ് തച്ചുടക്കപ്പെടുവാൻ പോകുന്നത്.

ബ്ലൂ എക്കോണമി പ്രധാനമായും നടപ്പിലാക്കാൻ പോകുന്നത് ഇന്ത്യയുടെ 23.7 ലക്ഷം ചതുരശ്ര കിലോമീറ്റർ 7,517 കിലോമീറ്റർ കടലോരവും അതുമായി ബന്ധപ്പെട്ട ജൈവ-അജൈവ സമ്പത്തിന്റെ ഉല്പാദന വികസന പരിപാടികൾ ആണ്. ഇത്രയും കടലോരം യാതൊരു നിയന്ത്രണങ്ങളും ഇല്ലാതെ കോർപ്പറേറ്റുകൾക്കും തുറന്നു കൊടുക്കുന്നു എന്നതാണ് ഇതിന് പിന്നിലെ യാഥാർത്ഥ്യം.

### കൊള്ളയടിക്കാൻ പുതുവഴികൾ

കടൽ ഖനനം, പുറം കടലിൽ വ്യാവസായിക ഊർജ്ജ ഉല്പാദനം, പുതിയ ഉൽപ്പന്നങ്ങൾക്കായുള്ള വ്യവസായ സംരംഭങ്ങൾ എന്നിവ പുതിയ നയത്തിന്റെ ഭാഗമാണ്. ഇത്തരം പ്രവർത്തനങ്ങൾ ചെന്നെത്താൻ പോകുന്നത് അനധികൃത നിർമ്മാണ പ്രവർത്തനങ്ങളിലും അനാവശ്യമായ പരിവേഷണങ്ങളിലുമാണ്. ഇതിനായി നശിപ്പിക്കപ്പെടുവാൻ പോകുന്നത് കടലിൽ മത്സ്യങ്ങൾ വിഹാരം നടത്തുന്ന പാരുകളും മറ്റു സങ്കേതങ്ങളുമാണ്. മത്സ്യങ്ങളുടേയും മറ്റു സമുദ്ര ജീവികളുടെയും പാലായനത്തിനും നാശത്തിനും ഇത് കാരണമാകും. അശാസ്ത്രീയമായും അനിയന്ത്രിതമായും ഇത്തരം പ്രവർത്തനങ്ങൾ അവാസവ്യവസ്ഥയെ തന്നെ ബാധിക്കുന്നു. കാലാവസ്ഥ വ്യതിയാനവും ആഗോള താപനവും മുതലായവ മൂലം മത്സ്യസമ്പത്ത് ശോഷണം ഇപ്പോൾ തന്നെ മത്സ്യത്തൊഴിലാളികൾക്ക് ഭീഷണിയാണ്. ധാതുക്കൾക്കായുള്ള ഖനനം കടലിന്റെയും അതിനെ ആശ്രയിക്കുന്ന ജീവികളുടേയും നാശത്തിനും കാരണമാവുന്നു. കടൽ ഖനനത്തിന്റെ അനന്തരഫലങ്ങൾ പല ലോക രാജ്യങ്ങളിലുള്ള ശാസ്ത്രജ്ഞൻമാർ പഠന വിധേയമാക്കിയിട്ടുണ്ട്. ഖനനത്തിനായി ഏകദേശം 30 വർഷം ലൈസൻസ് നേടിയാൽ 8,000 മുതൽ 9,000 ചതുരശ്ര കിലോമീറ്റർ കടൽ അടിത്തട്ടാണ് നശിപ്പിക്കപ്പെടുക. ഇതുമൂലം പവിഴപ്പുറ്റുകൾ ഉൾപ്പെടെ വൈവിധ്യമാർന്ന ആവാസ വ്യവസ്ഥയുടെ നിലനിൽപ്പ് തന്നെ ഭീഷണി ആകും. കരയിൽ തന്നെ പരിസ്ഥിതി തെല്ലും വിലകൽപ്പിക്കാത്ത ഖനനം നടത്തുന്ന ലോബികളും കോർപ്പറേറ്റുകളും സമുദ്ര മേഖലയിൽ കടന്ന് ചെന്ന് ചെയ്യാൻ പോകുന്നത് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. ലോകബാങ്ക് ഉൾപ്പെടെ

ഉയർത്തിപ്പിടിക്കുന്ന മാലിന്യ പരിപാലനം, കാലാവസ്ഥ വ്യതിയാനം തുടങ്ങി പരിഗണിക്കപ്പെടുന്ന ചില വിഷയങ്ങൾ ഉണ്ട്. എന്നാൽ മുതലാളിത്ത ദല്ലാളൻമാരെ അകമഴിഞ്ഞ് സഹായിക്കാനുള്ള വ്യഗ്രതയിൽ കേന്ദ്ര സർക്കാർ മറന്നുപോയ ചില വാക്കുകളാണിവ. ഇത്തരം വ്യാവസായിക പ്രവർത്തനങ്ങൾ പുറന്തള്ളാൻ പോകുന്നത് ഊഹിക്കാവുന്നതിലും അധികം മാലിന്യങ്ങളാണ്. കൂടാതെ കാലാവസ്ഥ വ്യതിയാനം ഏറെ അനുഭവപ്പെടുന്നത് കടലിലും തീരമേഖലകളിലുമാണ്. പക്ഷേ ജനങ്ങളുടെ ജീവനും സ്വത്തിനും വിലകൽപ്പിക്കാത്ത ഒരു ഭരണകൂടത്തിനും പ്രകൃതിയേയും വെറും ലാഭ കണ്ണിലൂടെ മാത്രമേ കാണാൻ സാധിക്കൂ എന്നത് ഒരു വസ്തുതയാണ്.

മത്സ്യതൊഴിലാളി വിഭാഗത്തെ നേരിട്ട് ബാധിക്കുന്ന വിഷയങ്ങളിലേക്ക് വന്നാൽ ഈ നയത്തിൽ ഒളിച്ചിരിക്കുന്ന മറ്റു ചതിക്കുഴിയും നമുക്ക് കാണാൻ സാധിക്കും. തീരദേശ ടൂറിസം മേഖലയുടെ വിപുലീകരണം ആണ് മറ്റൊരു ഭാഗം. ടൂറിസം മേഖല വികസനം എന്ന പേരിൽ ലക്ഷദ്വീപിൽ മോദി സർക്കാർ കാണിച്ച അതിക്രമങ്ങൾ കേരള ജനത മറന്നിട്ടില്ല. മത്സ്യതൊഴിലാളികളുടെ ജീവനോപാധികൾ സൂക്ഷിക്കുന്ന ഷെഡുകൾ പൊളിച്ചു കളഞ്ഞുകൊണ്ടാണ് ലക്ഷദ്വീപ് ഭരണകൂടം തങ്ങളുടെ മത്സ്യതൊഴിലാളി വിരുദ്ധ അജണ്ട നടപ്പിലാക്കിയത്. ബ്ലൂ എക്കോണമിയുടെ മറവിൽ തീരദേശ ടൂറിസം മേഖല കൈയടക്കുമ്പോൾ നമ്മുടെ മത്സ്യതൊഴിലാളികൾക്കു ഇത്തരം പ്രതിസന്ധികൾ നേരിടേണ്ടിവന്നേക്കാം. മത്സ്യതൊഴിലാളി വിഭാഗത്തിന്റെ തീരദേശത്ത് നിന്നുള്ള കൂട്ട പാലായനമാകും ഇതിന്റെ അനന്തരഫലം. മോദി സർക്കാരിന്റെ ഇത്തരം പ്രവർത്തനങ്ങളുടെ ഒരു അടയാളമായി ലക്ഷദ്വീപ് നമുക്ക് മുൻപിൽ നിൽക്കുന്നു. കൂടാതെ വർദ്ധിക്കുന്ന കപ്പൽ ഗതാഗതവും തുറമുഖങ്ങളും മത്സ്യതൊഴിലാളികളുടെ ജീവനും ജീവനോപാധികൾക്കും ഭീഷണിയാണ്. കപ്പൽ അപകടങ്ങളിൽ മത്സ്യതൊഴിലാളികൾ മരണപ്പെടുന്ന വാർത്തകൾ നാം കാണുന്നുണ്ട്.

വർദ്ധിച്ചു വരുന്ന കപ്പൽ ഗതാഗതം മത്സ്യത്തൊഴിലാളികളെ മീൻ പിടിക്കാൻ പോകുന്ന ദിശയ്ക്ക് എതിർവശം എന്നാണുള്ളത് അപകടസാധ്യത വർദ്ധിപ്പിക്കുന്നു. അപകടങ്ങൾ ഇനിയും വർദ്ധിക്കാനെ നിലവിലെ അസാന്ത്രീയ നയങ്ങൾ കൊണ്ട് സാധിക്കൂ. ആഴക്കടൽ മത്സ്യ ബന്ധനം പ്രോത്സാഹിപ്പിക്കുന്നതാണ് നയത്തിൽ പറയുന്ന ഒരു ഭാഗം. എന്നാൽ ഇതിനായി വിലയേറിയ ഉപകരണങ്ങളാണ് വേണ്ടി വരിക. ഒരു നേരത്തെ അന്നത്തിന് കഷ്ടപ്പെടുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇത് സങ്കൽപ്പിക്കുവാൻ പോലും കഴിയില്ല എന്നതാണ് വാസ്തവം. എന്നാൽ ആഴക്കടൽ മത്സ്യബന്ധനത്തിന് നരസിംഹ റാവു സർക്കാർ അനുവാദം നൽകിയ വിദേശ ട്രോളറുകൾ തീരമത്സ്യ സമ്പത്തിനെ കൊള്ളയടിച്ച ചരിത്രം നമ്മുടെ മുന്നിലുണ്ട്. മത്സ്യസമ്പത്തിനെ കൊള്ളയടിക്കുവാനായി കോർപ്പറേറ്റുകളുടെ കടന്നുവരവിനാണ് ഇത് ഉൾപ്പെടുത്തിയിരിക്കുന്നത് എന്നത് നിസംശയം പറയാൻ സാധിക്കും. ഈ നയം അർദ്ധ പട്ടിണിയിലായ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ മുഴുപട്ടിണിയിലേക്ക് വലിച്ചിടും. മത്സ്യലഭ്യത കൂട്ടാൻ കടലിൽ വ്യാപകമായ കൂട്ടുകൃഷി ഉൾപ്പെടെയുള്ളവ കരട് നയം വിഭാവനം ചെയ്യുന്നു. 12 നോട്ടിക്കൽ മൈലിനുള്ളിലുള്ള നിർമ്മാണങ്ങൾ മത്സ്യതൊഴിലാളികളുടെ തൊഴിലിനെ സാരമായി ബാധിക്കുന്നതാണ്. യഥേഷ്ട സഞ്ചാര സ്വാതന്ത്ര്യം മത്സ്യതൊഴിലാളികൾക്ക് ഇത് മൂലം നഷ്ടമാവുകയും ഇതിനായി ഉള്ള നിർമ്മിതികൾ മൂലം അവരുടെ വലകൾ ഉൾപ്പെടെയുള്ളവയ്ക്ക് കേടുപാടുകൾ സംഭവിയ്ക്കാം.

**കരട് നയം ആകെ പരിശോധിക്കുമ്പോൾ നമ്മൾ നേരിടേണ്ടിവരുന്നത്**

- ജൈവ വൈവിധ്യത്തിന്റെയും മത്സ്യ സമ്പത്തിന്റെയും നാശം
- മത്സ്യതൊഴിലാളികളുടെ ജീവനും ജീവനോപാധിയും നഷ്ടപ്പെടൽ
- മത്സ്യം ഉൾപ്പെടെയുള്ള സമുദ്ര വിഭവങ്ങളുടെ കൊള്ളയടി
- തീരശോഷണം
- ടൂറിസം മേഖലയുടെ കടന്നുകയറ്റവും തീരമേഖലയിൽ ഉള്ളവരുടെ കൂട്ടപാലായനവും

ബ്ലൂ എക്കണോമി നയം സമുദ്ര പരിസ്ഥിതിയേയും, മത്സ്യതൊഴിലാളികളുടെ ജീവനോപാധിയേയും ബാധിക്കാതെ നടപ്പിലാക്കണമെങ്കിൽ മത്സ്യതൊഴിലാളി പ്രതിനിധികളുമായും ഈ രംഗത്തെ വിദഗ്ധരുമായും ആവശ്യമായ ചർച്ചകൾ നടത്തി സുസ്ഥിര വികസനത്തിന് അത്യാവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. മത്സ്യബന്ധനത്തിലൂടെ ഉപജീവനമാർഗ്ഗം നടത്തുന്നവർക്കും തീരദേശവാസികൾക്കും മുന്തിയ പരിഗണനയാണ് ഈ നയത്തിൽ ചേർക്കപ്പെടേണ്ടത്. ഒരു രാജ്യത്തെ ജനതയ്ക്കും അവരുടെ ജീവനും ഇന്നോളം വിലകൽപ്പിക്കാത്ത ഒരു ഫാസിസ്റ്റ് ഭരണകൂടം കേന്ദ്രം അടക്കിവാഴുമ്പോൾ ഇത് അപ്രാപ്യമാണ്. എങ്കിലും പോരാട്ടങ്ങളുടെ ചരിത്രം ഉറങ്ങുന്ന മണ്ണാണ് ഓരോ തീരഭാഗവും. ജീവൻ പണയം വെച്ച് ജീവിത മാർഗ്ഗം കണ്ടെത്തുന്നവരാണ് മത്സ്യത്തൊഴിലാളികൾ അതുകൊണ്ട് തന്നെ സമുദ്ര പരിസ്ഥിതി സംരക്ഷിച്ച്, മത്സ്യ വിഭവത്തിന്റെ സുസ്ഥിരമായ നിലനിൽപ്പ് ഉറപ്പു വരുത്തി തങ്ങളുടെ ജീവനോപാധി സംരക്ഷിക്കാൻ അവർ ഏതറ്റംവരേയും പോകും എന്നതിൽ സംശയമില്ല.●

# വൈദ്യുതി ജീവനക്കാരുടെ അഖിലേന്ത്യാ പണിമുടക്ക്

**ജയപ്രകാശ് കെ.**
(ജനറൽ സെക്രട്ടറി, കെ.എസ്.ഇ.ബി വർക്കേഴ്സ് അസോ.സി.ഐ.ടി.യു)

**രാജ്യത്തിന്റെ അഭിമാന സ്തംഭങ്ങളായ നവരത്ന കമ്പനികൾ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിച്ചുകൊണ്ടിരിക്കുന്ന കേന്ദ്ര ഗവൺമെന്റ് വൈദ്യുതി വിതരണ രംഗവും സ്വകാര്യ കോർപ്പറേറ്റുകൾക്ക് കാഴ്ച വയ്ക്കാനുള്ള ഉറച്ച തീരുമാനത്തിലാണ്. വൈദ്യുതി മേഖല നേരിടുന്ന യഥാർത്ഥ പ്രശ്നങ്ങൾ ഒന്നുപോലും പരിഹരിക്കുന്നതിന് വേണ്ടിയല്ല കേന്ദ്രം നിയമഭേദഗതി കൊണ്ടുവരുന്നത്. പുതിയ ഭേദഗതി നിയമപ്രകാരം വിതരണ മേഖലയിൽ ലൈസൻസികൾ വേണ്ട. ഏതൊരു കമ്പനിക്കും ബന്ധപ്പെട്ട റഗുലേറ്ററി കമ്മീഷനിൽ രജിസ്റ്റർ ചെയ്താൽ യാതൊരു ലൈസൻസും ഇല്ലാതെ രാജ്യത്ത് എവിടെയും ഏതു പ്രദേശത്തും വൈദ്യുതി വിതരണം നടത്താം**

കേന്ദ്ര ഗവൺമെന്റ് രാജ്യത്തെ വൈദ്യുതി വിതരണ മേഖല സ്വകാര്യ കമ്പനികൾക്ക് അടിയറ വയ്ക്കാൻ ലക്ഷ്യമിട്ടുകൊണ്ട് ഇലക്ട്രിസിറ്റി (ഭേദഗതി) ബിൽ 2021 ജൂലൈ 19ന് തുടങ്ങുന്ന പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിൽ പാസാക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതിനെതിരെ ദേശീയതലത്തിൽ പ്രവർത്തിക്കുന്ന വൈദ്യുതി ജീവനക്കാരുടെ സംഘടനകൾ ഉൾക്കൊള്ളുന്ന വിപുലമായ വേദിയായ നാഷണൽ കോഓർഡിനേഷൻ കമ്മറ്റി ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് & എഞ്ചിനീയേഴ്സ് (NCCOEEE) ന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 10ന് അഖിലേന്ത്യാ പണിമുടക്ക് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പണിമുടക്കിന് മുന്നോടിയായി പാർലമെന്റ് സമ്മേളനം തുടങ്ങുന്ന ജൂലൈ 19ന് രാജ്യത്തെ മുഴുവൻ ജില്ലാകേന്ദ്രങ്ങളിലും വമ്പിച്ച പ്രതിഷേധ റാലി നടത്തും. കേരളത്തിൽ 1000 കേന്ദ്ര ഗവൺമെന്റ് ഓഫീസുകൾക്ക് മുൻപിൽ കേന്ദ്ര ഗവൺമെന്റിനെ പ്രതീകാത്മകമായി കുറ്റവിചാരണ നടത്തും. 29 ന് മുഴുവൻ സംസ്ഥാനങ്ങളിലും കർഷകർ, തൊഴിലാളികൾ, വിദ്യാർത്ഥികൾ, അദ്ധ്യാപകർ, യുവജനങ്ങൾ, പത്രപ്രവർത്തകർ, അഭിഭാഷകർ, ബാങ്കിങ്, ഇൻഷുറൻസ്, ടെലികോം സർവ്വീസ് മേഖലകളിലുള്ളവർ, പൗരപ്രമുഖർ തുടങ്ങിയ സമൂഹത്തിന്റെ നാനാ മേഖലകളിൽ പ്രവർത്തിക്കുന്ന സംഘടനകളെയും വ്യക്തികളെയും പങ്കെടുപ്പിച്ചുകൊണ്ട് അതിവിപുലമായ കൺവെൻഷൻ ചേരും. തുടർന്ന് ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും ബഹുജന കൺവെൻഷൻ ചേരും. ജൂലൈ 17ന് വൈദ്യുതി നിയമ ഭേദഗതിയുടെ പ്രത്യാഘാതങ്ങൾ എന്ന വിഷയത്തിൽ വെബിനാർ നടത്തും. വെബിനാർ സ. എളമരം കരീം എം.പി ഉദ്ഘാടനം ചെയ്യും, ഐഎൻടിയുസി സംസ്ഥാന പ്രസിഡന്റ് ആർ ചന്ദ്രശേഖരൻ, എഐടിയുസി സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി രാജേന്ദ്രൻ എന്നിവരും വിവിധ സംഘടനാ നേതാക്കളും സംസാരിക്കും. ഓഗസ്റ്റ് 1ന് മുഴുവൻ വൈദ്യുതി ജീവനക്കാരുടെയും പെൻഷൻകാരുടെയും വീടുകളിൽ ഗൃഹാങ്കണ പ്രതിഷേധ ജ്വാല തെളിയിക്കും.

രാജ്യത്തിന്റെ അഭിമാന സ്തംഭങ്ങളായ നവരത്ന കമ്പനികൾ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിച്ചുകൊണ്ടിരിക്കുന്ന കേന്ദ്ര ഗവൺമെന്റ്വൈദ്യുതി വിതരണ രംഗവും സ്വകാര്യ കോർപ്പറേറ്റുകൾക്ക് കാഴ്ച വയ്ക്കാനുള്ള ഉറച്ച തീരുമാനത്തിലാണ്. വൈദ്യുതി മേഖല നേരിടുന്ന യഥാർത്ഥ പ്രശ്നങ്ങൾ ഒന്നുപോലും പരിഹരിക്കുന്നതിന് വേണ്ടിയല്ല കേന്ദ്രം നിയമഭേദഗതി കൊണ്ടുവരുന്നത്. പുതിയ ഭേദഗതി നിയമപ്രകാരം വിതരണ മേഖലയിൽ ലൈസൻസികൾ



**ആകർഷകമായ ഇളവുകളും വാഗ്ദാനങ്ങളും നൽകി വൻകിടക്കാരെ സ്വകാര്യകമ്പനികൾ തട്ടിയെടുക്കുന്നതോടെ പൊതുമേഖലയിലുള്ള നിലവിലെ വൈദ്യുതി വിതരണ കമ്പനികൾ തകർച്ചയെ നേരിടും. സാധാരണക്കാർക്കും പാവപ്പെട്ടവർക്കും സബ്സിഡി നിരക്കിൽ വൈദ്യുതി നൽകുന്ന മറ്റു വിഭാഗങ്ങൾക്കുമുള്ള വൈദ്യുതിചാർജ്ജ് കുതിച്ചുയരും. സാധാരണക്കാർക്ക് വൈദ്യുതി അപ്രാപ്യമാവുകയാകും ഫലം.**

വേണ്ട. ഏതൊരു കമ്പനിക്കും ബന്ധപ്പെട്ട റഗുലേറ്ററി കമ്മീഷനിൽ രജിസ്റ്റർ ചെയ്താൽ യാതൊരു ലൈസൻസും ഇല്ലാതെ രാജ്യത്ത് എവിടെയും ഏതു പ്രദേശത്തും വൈദ്യുതി വിതരണം നടത്താം. ഒരു പ്രദേശത്ത് തന്നെ ഒന്നിലധികം കമ്പനികൾക്ക് വൈദ്യുതി വിതരണം നടത്താം. ഇതിലൂടെ ഇനി മുതൽ ഇഷ്ടമുള്ള കമ്പനികളിൽ നിന്ന് വൈദ്യുതി വാങ്ങുവാൻ ഉപഭോക്താക്കൾക്ക് കഴിയുമെന്ന മോഹന വാഗ്ദാനമാണ് കേന്ദ്ര ഊർജ മന്ത്രാലയം മുന്നോട്ടുവയ്ക്കുന്നത്. ഒന്നിൽ കൂടുതൽ കമ്പനികൾ വന്നാൽ അവർ തമ്മിൽ മത്സരിച്ച് പ്രവർത്തിക്കുന്നതിലൂടെ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനവും ലഭിക്കുമെന്നും വൈദ്യുതി നിരക്കുകൾ കുറയുമെന്നും ഗുണമേന്മയുള്ള വൈദ്യുതി ലഭിക്കുമെന്നുമാണ് ഗവൺമെന്റിന്റെ അവകാശവാദങ്ങൾ. എന്നാൽ വിതരണ മേഖലയിൽ എത്ര കമ്പനികൾ വന്നാലും അവയെല്ലാം വൈദ്യുതി വിതരണം നടത്തുന്നത് നിലവിൽ പൊതുമേഖലയിലുള്ള വൈദ്യുതി വിതരണ കമ്പനികളുടെ ഉടമസ്ഥതയിലുള്ള ലൈനുകളിലൂടെ ആയിരിക്കും. പുതുതായി കടന്നുവരുന്ന വിതരണ കമ്പനികൾ ഒന്നും പുതിയ ലൈനുകൾ സ്ഥാപിക്കുന്നില്ല. അവർക്ക് നിലവിലുള്ള വിതരണ സ്ഥാപനത്തിന്റെ കൈവശമുള്ള വൈദ്യുതി വാങ്ങൽ കരാറുകളിലൂടെ ചുരുങ്ങിയ വിലയ്ക്ക് ലഭിക്കുന്ന വൈദ്യുതിയുടെ പങ്ക് ലഭിക്കുകയും ചെയ്യും. വൈദ്യുതി ലൈനുകൾ പരിപാലിക്കാനുള്ള യാതൊരു ഉത്തരവാദിത്വവും അവർക്കില്ല. അതെല്ലാം പൊതുമേഖലാ കമ്പനികൾ നിർവഹിക്കണം. മാത്രമല്ല വലിയതോതിൽ ലാഭം ലഭിക്കുന്ന വൻകിട ഉപഭോക്താക്കളെയും നഗരപ്രദേശങ്ങളിലെ വ്യവസായ കേന്ദ്രങ്ങളെയും അവർക്ക് കൈവശപ്പെടുത്താൻ കഴിയും.

## പാവങ്ങൾക്ക് വൈദ്യുതി അപ്രാപ്യമാകും

കൂടിയ നിരക്കിൽ ലഭിക്കുന്ന ഉപഭോക്താക്കളെ ആകർഷകമായ ഇളവുകളും വാഗ്ദാനങ്ങളും നൽകി സ്വകാര്യ കമ്പനികൾ തട്ടിയെടുക്കുന്നതോടെ പൊതുമേഖലയിലുള്ള നിലവിലെ വൈദ്യുതി വിതരണ കമ്പനികൾ തകർച്ചയെ നേരിടും. പുതിയ കമ്പനികൾക്ക് ക്രോസ് സബ്സിഡി നൽകാനുള്ള ബാധ്യതയില്ല. അതിനാൽ തന്നെ അവർക്ക് വൻകിടക്കാരെ ആകർഷിക്കാനാവും. ഭൂരിഭാഗം വരുന്ന പാവപ്പെട്ടവരും സാധാരണക്കാരുമായ ഗാർഹിക ഉപഭോക്താക്കൾക്കും കാർഷിക മേഖലയ്ക്കും സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾക്കും ക്രോസ് സബ്സിഡിയിലൂടെ നൽകുമ്പോൾ ഉണ്ടാവുന്ന നഷ്ടം നികത്തുന്നത് വൻകിട ഉപഭോക്താക്കൾക്ക് കൂടിയ നിരക്ക് ഈടാക്കികൊണ്ടാണ് അതാണ് ക്രോസ്സ് സബ്സിഡി. വൻകിടക്കാരെ സ്വകാര്യകമ്പനികൾ തട്ടിയെടുക്കുന്നതോടെ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും സബ്സിഡി നിരക്കിൽ വൈദ്യുതി നൽകുന്ന മറ്റു വിഭാഗങ്ങൾക്കുമുള്ള വൈദ്യുതിചാർജ്ജ് കുതിച്ചുയരും. സാധാരണക്കാർക്ക് വൈദ്യുതി അപ്രാപ്യമാവുകയാകും ഫലം. കർഷക പ്രക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ 2021 ഭേദഗതിയിൽ ക്രോസ്സ് സബ്സിഡി പ്രത്യക്ഷത്തിൽ നിർത്തലാക്കുന്നില്ല എന്നാൽ സർക്കാരുകൾ രൂപം നൽകുന്ന യൂണിവേഴ്സൽ ക്രോസ്സ് സബ്സിഡി നൽകാനുള്ള പണം കണ്ടെത്തണം എന്നാണ് പുതിയ വ്യവസ്ഥ. ഇത് പ്രയോഗതലത്തിൽ വിജയിക്കാത്ത നിർദ്ദേശമാണ്. പുതുതായി വരുന്ന കമ്പനികൾക്ക് പണം കണ്ടെത്തുന്നതിനോ ഫണ്ടിലേക്ക് പണം കൈമാറുന്നതിനോ യാതൊരു ബാധ്യതയുമില്ല.

എല്ലാവർക്കും വൈദ്യുതി സ്വീകാര്യമാകുന്നതിൽ ക്രോസ്സ് സബ്സിഡി സമ്പ്രദായമാണ് മുഖ്യ പങ്കുവഹിക്കുന്നത്. കേരളത്തിൽ 1 കോടി 30 ലക്ഷം ഉപഭോക്താക്കളിൽ ഏതാണ്ട് 75 ലക്ഷം ഗാർഹിക ഉപഭോക്താക്കൾക്കും കുറഞ്ഞ നിരക്കിലാണ് വൈദ്യുതി ലഭിക്കുന്നത്. ഇവിടെ ഒരു യൂണിറ്റ് വൈദ്യുതിയുടെ ശരാശരി വിതരണം ചെലവ് 6.30 രൂപയാണ്. എന്നാൽ കാർഷിക ഉപഭോക്താക്കൾക്ക് 2.80 രൂപയും ഗാർഹിക ഉപഭോക്താക്കൾക്ക് ശരാശരി 4.40 രൂപയുമാണ് ഈടാക്കുന്നത്. ബിപിഎൽ ഉപഭോക്താക്കൾക്ക് 1.50 രൂപയുമാണ്. വൻകിട വാണിജ്യ ഉപഭോക്താക്കളുടെ ശരാശരി വൈദ്യുതിനിരക്ക് 9.90 രൂപയാണ്. ക്രോസ്സ് സബ്സിഡി ഇല്ലാതാകുന്ന 6.30 രൂപ നൽകേണ്ടി വരും. ഭൂരിഭാഗം ഉപഭോക്താക്കളുടെയും കറണ്ട് ചാർജ് രണ്ടും മൂന്നും ഇരട്ടിയായി വർദ്ധിക്കും.

വൈദ്യുതി വിതരണ മേഖലയുടെ സ്വകാര്യവൽക്കരണം കാർഷിക ഉപഭോക്താക്കൾക്ക് ഉണ്ടാക്കുന്ന ഭവിഷ്യത്ത് കർഷകർ തിരിച്ചറിഞ്ഞിരിക്കുന്നു.

**വൈദ്യുതിയെ സ്വകാര്യ മുതലാളിമാർക്ക് ലാഭമുണ്ടാക്കാനുള്ള നിയമ ഭേദഗതിയുമായി മുന്നോട്ടുപോകുന്ന കേന്ദ്ര സർക്കാരിന്റെ നയത്തിനെതിരെ വൈദ്യുതി ജീവനക്കാർ ഓഗസ്റ്റ് 10ന് നടത്തുന്ന അഖിലേന്ത്യാ പണിമുടക്ക് വിജയിപ്പിക്കുന്നതിന് പിന്തുണയും സഹായവും അഭ്യർത്ഥിക്കുന്നു. വൈദ്യുതിമേഖലയെ പൊതുമേഖലയിൽ സംരക്ഷിക്കേണ്ടത് രാജ്യത്തിന്റെ ആകെ ആവശ്യമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് വമ്പിച്ച തൊഴിലാളി ബഹുജന പോരാട്ടത്തിലൂടെ സ്വകാര്യവൽക്കരണത്തെ പരാജയപ്പെടുത്തുവാൻ കഴിയേണ്ടതുണ്ട്.**



അതുകൊണ്ടാണ് കഴിഞ്ഞ 7 മാസമായി തുടരുന്ന ഐതിഹാസികമായ കർഷക പ്രക്ഷോഭത്തിൽ വൈദ്യുതി വിതരണ മേഖലയുടെ സ്വകാര്യ വൽക്കരണം ഉപേക്ഷിക്കണമെന്ന് കർഷകർ ആവശ്യപ്പെടുന്നത്. സ്വകാര്യവൽക്കരണം വന്നാൽ കർഷകർക്ക് ഒരു വർഷം 1 ലക്ഷം കോടി രൂപയുടെ അധിക നഷ്ടം ഉണ്ടാകുമെന്നാണ് കണക്കാക്കപ്പെടുന്നത്. ഇന്ത്യയിൽ ഉപഭോഗം ചെയ്യപ്പെടുന്ന വൈദ്യുതിയുടെ 24 ശതമാനവും കാർഷിക മേഖലയിലാണ് എന്ന കാര്യം മനസ്സിലാക്കുമ്പോഴാണ് സ്വകാര്യവൽക്കരണം കാർഷക മേഖലയെ എത്രമാത്രം പ്രതികൂലമായി ബാധിക്കുമെന്ന് നമുക്ക് ബോധ്യപ്പെടുക. സൗജന്യ നിരക്കിൽ ലഭിക്കുന്ന വൈദ്യുതിയാണ് ഹരിത വിപ്ലവം വിജയിക്കുന്നതിനും രാജ്യം ഭക്ഷ്യ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും ചെറുതല്ലാത്ത പങ്കു വഹിച്ചത് എന്ന് കാണാം. ഇന്നും കോടിക്കണക്കിന് മനുഷ്യർക്ക് വൈദ്യുതി ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ എല്ലാവർക്കും വൈദ്യുതി എന്ന ലക്ഷ്യം സ്വപ്നം മാത്രമായി അവശേഷിക്കും.

## സംസ്ഥാന സർക്കാരുകൾ നോക്കുകുത്തിയാകും

പുതിയ (ഭേദഗതി) നിയമം സംസ്ഥാനങ്ങളുടെ ഭരണഘടനാദത്തമായ അവകാശങ്ങൾ കവർന്നെടുക്കുന്നു. ഇന്ത്യൻ ഭരണഘടനയിലെ 7ാം ഷെഡ്യൂളിലെ സമവർത്തി പട്ടികയിലെ 38 ാമത്തെ ഇനമാണ് വൈദ്യുതി. കേന്ദ്രത്തിനും സംസ്ഥാനത്തിനും തുല്യ അധികാരമുള്ള വിഷയമായ വൈദ്യുതി സംബന്ധിച്ച് നയരൂപീകരണവും നിയമനിർമാണങ്ങളും കേന്ദ്രം ഏകപക്ഷീയമായി നടത്തുന്നത് രാജ്യത്തിന്റെ ഫെഡറൽ തത്വങ്ങളുടെ ലംഘനമാണ്. അതുകൊണ്ട് തന്നെ 12 സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ഈ നിയമഭേദഗതിക്കെതിരെ രംഗത്തുവന്നിട്ടുണ്ട്. സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകൾക്ക് മാർഗ്ഗനിർദ്ദേശം നൽകുവാൻ നിലവിൽ സംസ്ഥാന സർക്കാരുകൾക്ക് അധികാരമുണ്ട്. എന്നാൽ പുതിയ ഭേദഗതി നിയമപ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകൾ കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കേണ്ടതായി വരും.

നമ്മുടെ രാജ്യത്ത് മാത്രമല്ല ലോകത്ത് ആകെ തന്നെ വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണം വൻപരാജയമായിരുന്നു എന്നതാണ് അനുഭവം. ഇന്ത്യയിൽ 1990കൾ മുതലാണ് വൈദ്യുതി മേഖലയുടെ ഉദാരവൽക്കരണ നടപടികൾ ആരംഭിച്ചത്. 1996 ൽ ഒറീസ്സയിൽ വൈദ്യുതി വിതരണ മേഖല സ്വകാര്യവൽക്കരിച്ചു. വൈദ്യുതി വിതരണം ഏറ്റെടുത്ത AES എന്ന അമേരിക്കൻ കമ്പനിക്ക് കാര്യക്ഷമമായി വൈദ്യുതിവിതരണം നടത്തുവാൻ കഴിഞ്ഞില്ല. 2001 ൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ തകർന്ന ലൈനുകൾ പുനഃസ്ഥാപിച്ച് വൈദ്യുതി എത്തിക്കാൻ കഴിയാതെ AESന് പലായനം ചെയ്യേണ്ടി വന്നു. പരിഷ്കരണത്തിന്റെ ഭാഗമായി നിരവധി നഗരങ്ങളിലെ വൈദ്യുതി വിതരണം സ്വകാര്യ ഫ്രാഞ്ചൈസികളെ ഏൽപ്പിച്ചെങ്കിലും അവയെല്ലാം മോശപ്പെട്ട പ്രകടനം കാഴ്ചവെച്ചതിനെ തുടർന്ന് ചുമതലയിൽനിന്ന് ഒഴിവാക്കേണ്ടി വന്നു. എന്നാൽ ഈ പരാജയങ്ങളിൽ നിന്നൊന്നും പാഠം പഠിക്കാതെ, വൈദ്യുതിയെ സ്വകാര്യ മുതലാളിമാർക്ക് ലാഭമുണ്ടാക്കാനുള്ള നിയമ ഭേദഗതിയുമായി മുന്നോട്ടുപോകുന്ന കേന്ദ്ര സർക്കാരിന്റെ നയത്തിനെതിരെ വൈദ്യുതി ജീവനക്കാർ ഓഗസ്റ്റ് 10ന് നടത്തുന്ന അഖിലേന്ത്യാ പണിമുടക്കവും മറ്റ് പ്രചരണ പ്രക്ഷോഭങ്ങളും വിജയിപ്പിക്കുന്നതിന് പിന്തുണയും സഹായവും നൽകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. വൈദ്യുതിമേഖലയെ പൊതുമേഖലയിൽ സംരക്ഷിക്കേണ്ടത് രാജ്യത്തിന്റെ ആകെ ആവശ്യമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് വമ്പിച്ച തൊഴിലാളി ബഹുജന പോരാട്ടത്തിലൂടെ സ്വകാര്യവൽക്കരണത്തെ പരാജയപ്പെടുത്തുവാൻ കഴിയേണ്ടതുണ്ട്. ●